കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2015 ജൂൺ
വില ₹15





കേരളത്തിലെ സാംസ്കാരികസ്ഥാപനങ്ങളിലെ ഏറ്റവും മികച്ച ഡയറക്ടർക്കുള്ള ഡോ. ബി ആർ അംബേദ്കർ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ 2014-15ലെ ബാബാസാഹിബ് പുരസ്കാരം ബഹു. ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തലയിൽനിന്നും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. നെടുമുടി ഹരികുമാർ ഏറ്റുവാങ്ങുന്നു.

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകം




## നന്മയുടെ നടവഴികൾ

**കേരളത്തിന്റെ നാട്ടിടവഴികളിലൂടെ ഒരു യാത്ര.**

**രചന : മുരളീധരൻ തഴക്കര ● ചിത്രീകരണം: രാജീവ് എൻ ടി**

**വില 150രൂപ ● വലിപ്പം - ക്രൗൺ 1/4**

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ജൂൺ 2015**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

## ഉള്ളടക്കം



## ഗോട്ടി

**ടി പദ്മനാഭൻ**

6

ഭരണി നിറയെ ഗോട്ടികളാണ്. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട നല്ല ഒന്നാന്തരം ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും! ഗോട്ടികൾ നോക്കി നിന്ന കുട്ടിയുടെ കഥ

## കാടിവിടെ മക്കളേ

**എസ് ശിവദാസ്**

26


ഉള്ള കാടുകൾ വെട്ടിത്തെളിക്കാൻ തക്കംപാർത്തിരിക്കുന്ന മനുഷ്യരുള്ള നാട്ടിൽ കാടുണ്ടാക്കി അതിൽ ജീവിക്കുന്ന മനുഷ്യരുമുണ്ട്. അങ്ങനെയൊരു കാട്ടിലേക്ക് ഒരു യാത്ര.



## തവളപ്പാട്ടു കേൾക്കാം

**പി മനോജ്**

18



എത്ര വൈവിദ്ധ്യപൂർണ്ണമാണ് തവളകളുടെ ലോകം എന്നറിയുമോ? കടലിൽനിന്നും കരയിലേക്കുള്ള ജീവികളുടെ പരിണാമത്തിൽ തവളകളുടെ പങ്ക് വളരെ വലുതാണ്.

**മുൻമൊഴി** ............................4
**സർഗ്ഗവസന്തം 2015**...............13
ഡോ. രാധിക സി നായർ
**സർവ്വം സജ്ജം**.......................16
എം കൃഷ്ണദാസ്
**ആനക്കാര്യം** .........................17
രാജീവ് എൻ ടി
**ജാതകകഥ**...........................23
വെങ്കി
**കവിതാപരിചയം**.................29
ഒ എൻ വി
**ആരോഗ്യം**...........................30
ഡോ. ബി പത്മകുമാർ
**അപ്പൂപ്പൻതാടി**.....................32
ഡി രാജേന്ദ്രൻ
**ഭൂമിയെ മൂടുന്നു, കൊല്ലുന്ന പ്ലാസ്റ്റിക്**..............................34
രാധികാദേവി റ്റി ആർ
**അണ്ണാൻകുഞ്ഞും തന്നാലായത്**.......................36
വീണ എം
**ഒരുതരി മണ്ണ്, ഒരു തുള്ളിവെള്ളം**.............40
എൻ വി കൃഷ്ണവാരിയർ
**മഹാഭാരതം**.......................42
സുഗതകുമാരി
**പഠനമുറിയിൽ അതിഥിയായ് പച്ചക്കുതിര**.......................45
രാജു കാട്ടുപുനം
**സ്കൂൾ ഡെയ്സ്**................51
രാജീവ് എൻ ടി

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
കവർ
**രാജീവ് എൻ ടി**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നമുക്കു ജീവിക്കാൻ അത്യാവശ്യമായതെന്തെല്ലാം? പ്രാണവായു, കുടിവെള്ളം, ഭക്ഷണം എന്നു നാം പറയും. ഇവയിൽ ഏതെങ്കിലും ഒന്നിനു കുറവുണ്ടായാൽ ജീവിതം ദുസ്സഹമായിത്തീരും. ഈ മൂന്ന് അവശ്യതകൾക്കുവേണ്ടിയാണ് പരിസ്ഥിതിയെ സംരക്ഷിക്കുക എന്നു പറയുന്നത്.

നമുക്കു തോന്നും നമ്മുടെ ചുറ്റും വായുവില്ലേ? ആകാശത്തുനിന്നും വായുവങ്ങനെ വന്നുകൊണ്ടിരിക്കുകയില്ലേ? പിന്നെ പേടിക്കുന്നതെന്തിന്? പേടിച്ചേ പറ്റൂ... കാരണം നാം ശ്വസിക്കുന്ന വായുവിനെ ഇന്നും നാം കഠിനമായി ദുഷിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ജീവിയും ശുദ്ധവായു-ഓക്സിജൻ ഉള്ളിലേക്കു വലിച്ചെടുത്തിട്ട് പുറത്തേക്ക് തള്ളുന്നതും ഉച്ഛ്വസിക്കുന്നതും കാർബൺഡൈഓക്സൈഡാണ്. ഈ ഉച്ഛ്വാസവായുവിനെ ഉപയോഗിക്കുന്നതും ശുദ്ധീകരിച്ച് വീണ്ടും ഓക്സിജനാക്കി മാറ്റുന്നതും പ്രകൃതിയിലെ സസ്യസമൂഹങ്ങളാണ്. സ്കൂളിൽ നിങ്ങൾ ഇതൊക്കെ പഠിച്ചിരിക്കും. പക്ഷേ നാം എടുക്കുന്നതെന്ത് കൊടുക്കുന്നതെന്ത് എന്നു കൂടി ആലോചിക്കണം. ഓരോ പുൽനാമ്പും അന്തരീക്ഷത്തിലെ വായുവിനെ ശുദ്ധീകരിച്ച് നമുക്കു തരികയാണ്. അതിനാൽ തന്നെ ഓരോ പുൽനാമ്പും അമൂല്യമാണ്. എല്ലാം ചെത്തിപ്പറിച്ച് മിനുക്കി കോൺക്രീറ്റിടുമ്പോൾ ഓർമിക്കേണ്ട കാര്യമാണിത്. നിങ്ങൾ അച്ഛനമ്മമാരോടു പറയണം. ''നമ്മുടെ മുറ്റത്തു കുറെ പുല്ലും ചെടികളും നിന്നോട്ടെ. എല്ലാം ചെത്തിക്കളയരുതേ. ടൈൽസ് ഇട്ട് മണ്ണിനെ ശ്വാസം മുട്ടിക്കരുതേ'' എന്ന്. കുട്ടികൾ വിചാരിച്ചാൽ മാത്രമേ ഇനിയീ ഭൂമിക്ക് നിലനിൽപ്പുള്ളൂ.



നാം വായുവിനെ എന്തൊക്കെ രീതിയിലാണു ദുഷിപ്പിക്കുന്നതെന്നു നോക്കാം. ശ്വാസോച്ഛ്വാസത്തെപ്പറ്റി പറഞ്ഞുകഴിഞ്ഞു. പിന്നീട് ഈ നൂറുനൂറായിരം കാറുകളോ? യന്ത്രങ്ങളോ? വൻ കമ്പനികലുടെ പുകക്കുഴലുകളോ? മാലിന്യക്കൂമ്പാരങ്ങൾ കത്തിക്കുന്ന പുകയോ? യുദ്ധക്കളങ്ങളിൽ നിന്നുയരുന്ന വിഷപ്പുകയോ? ആണവപരീക്ഷണങ്ങൾ വമിക്കുന്ന കൊടുംതരംഗങ്ങളോ? ബോംബുസ്ഫോടനങ്ങളോ? ആട്ടോറിക്ഷമുതൽ വിമാന




വര: അരുണ ആലഞ്ചേരി

ങ്ങൾ വരെ അന്തരീക്ഷത്തിൽ കലർത്തുന്ന രാസമാലിന്യ ങ്ങളോ? പ്രകൃതി മനുഷ്യ രുടെ ഈ ഭീകരതകൊണ്ടു പൊറുതിമുട്ടുകയാണ്. ഈ ദുഷിച്ച വായുവിനെയെല്ലാം ശുദ്ധീകരിക്കുന്നതു പ്രകൃതി അനുഗ്രഹിച്ചു നൽകിയി രിക്കുന്ന പച്ചപ്പാണെന്നു നിങ്ങൾ പഠിച്ചിരിക്കും. ഈ പച്ചപ്പും അതിവേഗം ക്ഷയിച്ചുകൊണ്ടിരിക്കുക യാണ്. അതിനിബിഡമായ ആമസോൺ മഴക്കാടുകൾ വെട്ടിവെളുപ്പിച്ചുകൊണ്ടിരി ക്കുന്നു. എവിടെ ഒരിത്തിരി കാടുണ്ടോ അവിടെയെല്ലാം മനുഷ്യന്റെ കയ്യേറ്റങ്ങൾ നടക്കുന്നു. മരങ്ങൾ നിർദയം വെട്ടിമുറിക്കപ്പെടുന്നു. മനു ഷ്യവംശം പെരുകിക്കൊണ്ടി രിക്കുകയാണ്. അതുപോലെ അവരുടെ ആർത്തിയും പെരുകുന്നു. എന്തു കിട്ടി യാലും മതിയാവാത്ത ആർത്തിയാണവർക്ക്. ''എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം പൂത്തമരങ്ങൾ മാത്രം.'' എന്നു കവി പാടിയ നാടാ ണിത്. പക്ഷേ ഇന്ന് കോൺക്രീറ്റ് മണിസൗധ ങ്ങൾ എങ്ങും നിറയുന്നു. നാടിൻപുറപ്പച്ചകൾ മായുന്നു. ഒരു വലിയ കമ്പോളമായിരി ക്കുകയാണ് കേരളം.

ലോകത്തെ ഏറ്റവും വായുമലിനീകരണമുള്ള നഗരങ്ങളിലൊന്ന് എന്ന ബഹുമതി നമ്മുടെ കേന്ദ്ര തലസ്ഥാനമായ ദില്ലിക്കു ലഭിച്ചിരിക്കുന്നു. ദൂഷിതമായ വായു ശ്വസിച്ച് ശ്വാസകോശ രോഗങ്ങൾ അപരിമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുക യാണ്. നിറയെ നിറയെ വാഹനങ്ങൾ, ഫാക്ടറികൾ, പറന്നിറങ്ങുകയും ഉയരു കയും ചെയ്യുന്ന വിമാനങ്ങൾ. ട്രെയിനുകൾ, ലക്ഷക്കണക്കി ന് എയർ കണ്ടീഷണറുകൾ, ഉറക്കമില്ലാത്ത ഇളവില്ലാത്ത മഹാനഗരം. അവിടെ വായു കൂടി ദുഷിക്കാതിരിക്കുന്നതെ ങ്ങനെ?

ഇവിടെ നമ്മുടെ കൊച്ചി നഗരത്തിന് നാളെ എന്തു സംഭവിക്കാൻ പോകുന്നു!

ഇക്കാര്യങ്ങളെല്ലാം ശ്രദ്ധി ക്കേണ്ടതും മുതിർന്നവർ മാത്രമല്ല നിങ്ങൾ കൂടിയാണ്. വായുവിനെപ്പറ്റി തീരെ കുറ ച്ചു കാര്യങ്ങൾ മാത്രമാണി വിടെ പറഞ്ഞത്. അടുത്ത ലക്കത്തിൽ വെള്ളത്തെപ്പറ്റി പറയാം.

ശുദ്ധവായു ശ്വസിച്ചു ജീ വിക്കുവാൻ എന്റെ കുട്ടികൾ ക്ക് അവകാശമുണ്ട് എന്ന് പുസ്തകത്താളിൽ കുറിച്ചി ടുക. നിങ്ങളുടെ കൊച്ചു മനസ്സിലും.

സ്നേഹത്തോടെ,

**സുഗതകുമാരി**

കഥ

# ഗോട്ടി

**ടി. പദ്മനാഭൻ**

വേപ്പുമരങ്ങളുടെ തണലിലൂടെ കാക്കയുടെയും കുറുനരിയുടെയും കഥ അയവിറക്കിക്കൊണ്ട് അവൻ വരികയായിരുന്നു. ചാഞ്ചാടിക്കൊണ്ടു നടക്കുമ്പോൾ അവന്റെ സഞ്ചി അങ്ങോട്ടുമിങ്ങോട്ടുമാടി ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. സ്ലേറ്റ് ഒരു ചെറിയ കുപ്പിയോടടിച്ചു; കുപ്പി പെൻസിലുമായി കൂട്ടിമുട്ടി. അങ്ങനെ അവയെല്ലാം കൂടി ആ സഞ്ചിയിൽകിടന്നു കുലുങ്ങി. പക്ഷേ അവൻ ഒന്നുംതന്നെ കാണുകയോ കേൾക്കുകയോ ചെയ്യുന്നുണ്ടായിരുന്നില്ല. അവന്റെ ശ്രദ്ധ മുഴുവൻ കഥയിലായിരുന്നു. എന്തു രസമുള്ള കഥ! കാക്കയും കുറുനരിയും! കുറുനരി കാക്കയോടു പറഞ്ഞു: 'കാക്കേ, ഒരു പാട്ടു പാടൂ! നിന്റെ പാട്ടു കേൾക്കാൻ എനിക്കൊരു കൊതി.' കാക്ക പാടാൻവേണ്ടി വായതുറന്നപ്പോൾ അപ്പക്കഷണം വീണുപോയി. കുറുനരി അതുമെടുത്ത് ഒരൊറ്റ ഓട്ടം!

അവൻ കുലുങ്ങിച്ചിരിച്ചു.

ഒരു പൊട്ടൻകാക്ക!

നടന്നു നടന്നു പീടികയുടെ മുമ്പിലെത്തി. അവിടെ അലമാരയിൽ വലിയ കുപ്പിഭരണികൾ നിരത്തിവെച്ചിരുന്നു. അവയിലൊക്കെ ചോക്കലേറ്റും പെപ്പർമിന്റും ബിസ്ക്കറ്റുമാണ്. അവൻ അതൊന്നും നോക്കിനിന്നില്ല. എന്തിനാണ്? അവന്റെ അച്ഛൻ എപ്പോഴും അവനു കൊണ്ടുകൊടുക്കാറുണ്ട്.

എങ്കിലും ഒരു പുതിയ ഭരണി അവന്റെ ശ്രദ്ധയിൽപെട്ടു. ചുമലിലൂടെ തൂങ്ങുന്ന സഞ്ചിയുടെ നാട ഒരു വശത്തേക്കൊതുക്കി ആ ഭരണിയുടെ മുമ്പിൽ മിഴിച്ചുനിന്നു. പുതുതായി കൊണ്ടുവെച്ചതാണ്. അതിന്നു മുമ്പൊരിക്കലും അവൻ അതവിടെ കണ്ടിട്ടില്ല.

ഭരണി നിറയെ ഗോട്ടികളാണ്. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട നല്ല ഒന്നാന്തരം ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും! കാണാനെന്തൊരു ചന്തമാണ്! അതുവരെ അതൊക്കെ എവിടെയായിരുന്നു? പീടികയുടെ ഉള്ളിലായിരിക്കും. ഇപ്പോൾ അവൻ കാണാൻവേണ്ടി പുറത്തെടുത്തുവെച്ചതാണ്.

നോക്കിനില്ക്കേ ആ ഭരണി വലുതാകാൻ തുടങ്ങി. ആകാശത്തോളം വലുതായ



വര: ടി ആർ രാജേഷ്

പ്പോൾ അവനും അതിന്റെ ഉള്ളിൽ കടന്നു. വേറെ കുട്ടികളാരുമുണ്ടായിരുന്നില്ല. എങ്കിലും അവന് അതായിരുന്നു കൂടുതലിഷ്ടം. അനുജത്തി പോയതിൽപ്പിന്നീട് അവൻ എപ്പോഴും തനിച്ചാണ് കളിക്കാറ്.

അവൻ ഗോട്ടി വാരി നാലുപാടും വിതറി, കളിച്ചു രസിച്ചു. അപ്പോഴാണ് ഒരു ശബ്ദം.

'കുട്ടിയത് വലിച്ചിടും!'

അവൻ ഞെട്ടി.

ആ ഭരണി ചെറുതായ്ക്കൊണ്ടു വരുന്നു! ചെറിയ ഭരണിക്കുള്ളിൽ, പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ! തൊടിയിലുള്ള നെല്ലിക്കയോളം വലുപ്പമേയുള്ളൂ ഓരോന്നിനും.

അവിടെ അവർ രണ്ടുപേർ മാത്രമേയുള്ളൂ – അവനും വയസ്സനായ ആ പീടികക്കാരനും. അയാളുടെ മുഖത്ത് നീരസം നിഴലിച്ചിട്ടുണ്ട്.

'ഞാൻ പറഞ്ഞില്ലേ! എന്താണു വേണ്ടതെന്നു പറഞ്ഞാൽ എടുത്തുതരില്ലോ.' അവൻ സങ്കടത്തോടെ മാറി നിന്നു.

'ഗോട്ടി വേണോ?'

അയാൾ ഭരണിയുടെ അടപ്പു തുറക്കാൻ ആരംഭിച്ചു.

അവൻ വേണ്ടെന്ന് തലയാട്ടി.

'പിന്നെ?'

നല്ല ചോദ്യം! അവനു ഗോട്ടി വേണോ എന്ന്. വേണോ? അവനുതന്നെ അറിഞ്ഞുകൂട. ഏതായാലും അവനതു തൊട്ടു. ആ ഭരണി തൊട്ടപ്പോൾ ഗോട്ടി തൊട്ടതുപോലെതന്നെയായിരുന്നു. വേണമെങ്കിൽ അവനു ഗോട്ടിയെടുക്കാമായിരുന്നു.

എടുത്തിരുന്നുവെങ്കിൽ!

സ്കൂളിൽ നിന്നു മണിയടിക്കുന്നതു കേട്ടപ്പോൾ സഞ്ചിപൊക്കിപ്പിടിച്ച് അവനോടി.

താമസിച്ചെത്തുന്ന കുട്ടികൾ പിറകിലാണ് ചെന്നിരിക്കേണ്ടത്. അന്ന് ഏറ്റവും താമസിച്ചെത്തിയത് അവനായിരുന്നു. അതിനാൽ അവൻ ഒച്ചയുണ്ടാക്കാതെ പിന്നിലുള്ള ബെഞ്ചിൽ ചെന്നിരുന്നു.

എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽത്തന്നെയുണ്ട്. രാമൻകുട്ടി മുമ്പിലാണ്. എന്നും അവൻ നേരത്തേ വരും. മൂന്നാമത്തെ ബെഞ്ചിന്റെ അറ്റത്താണ് മല്ലിക. മല്ലികയുടെ അപ്പുറത്ത് അമ്മുക്കുട്ടി...

ജോർജ്ജിനെ കാണുന്നില്ല!

ജോർജ്ജാണ് കുട്ടികളുടെ ഇടയിൽ ഏറ്റവും നന്നായി ഗോട്ടി കളിക്കുക. എത്ര വലിയവനും ജോർജ്ജോടു കളിച്ചാൽ തോല്ക്കും. തോറ്റാൽ വെറുതെ പോകാൻ പാടില്ല. കൈ മടക്കി നിലത്തു വെച്ചു കൊടുക്കണം. അപ്പോൾ ജോർജ്ജ് അടിച്ചു കൊട്ടു പൊളിക്കും!

ജോർജ്ജ് എന്താണു വരാഞ്ഞത്?

ഓ, ജോർജ്ജിനു പനിയല്ലേ? രാമൻകുട്ടിയാണ് അവനോടതു പറഞ്ഞത്! അവനതു മല്ലികയോടും, എല്ലാവരോടും പറഞ്ഞിരുന്നു. ജോർജ്ജിന്റെ വീട് അവൻ വരുന്ന വഴിക്കാണ്.

ജോർജ്ജിനു പനിയാണ്.

അപ്പുക്കുട്ടൻ ശ്രദ്ധിക്കുന്നില്ല.

മാസ്റ്റർ!

അവൻ ബദ്ധപ്പെട്ടു പുസ്തകം തുറന്നു മുമ്പിൽവെച്ചു.

തീവണ്ടിയുടെ പാഠമാണ്. തീവണ്ടി.... തീവണ്ടി. മുപ്പത്തേഴാം പേജിലാണത്. വീട്ടിൽനിന്ന് അവനതു വായിച്ചിട്ടുണ്ട്.

ചൂരലിന്റെ അറ്റംകൊണ്ട് ഇടയ്ക്കിടെ മേശപ്പുറത്തു കൊട്ടി, മാസ്റ്റർ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു: 'കുട്ടികളേ, നിങ്ങളിൽ പലരും തീവണ്ടി കണ്ടിരിക്കും. അതിനു ആവിവണ്ടി എന്നുകൂടി പേരുണ്ട്. കാരണം ആവിയുടെ ശക്തി നിമിത്തമാണ് അതിന്റെ യന്ത്രം ചലിക്കുന്നത്. ആവി എന്നുവെച്ചാൽ നീരാവി. നിങ്ങളുടെ വീട്ടിലെ അടുപ്പിൽ...'

അപ്പുക്കുട്ടനും ആലോചിച്ചു. തീവണ്ടി! അതവൻ കണ്ടിട്ടുണ്ട്. ഝുക്ക്, ഝുക്ക്, ഝുക്ക്, ഝുക്ക്–കൂ... അതാണ് തീവണ്ടി. അത് ആവിവണ്ടിയും കൂടിയാണ്. ആവിവണ്ടിയെന്നുവെച്ചാൽ...'

മാസ്റ്ററുടെ ശബ്ദം അല്പം കുറഞ്ഞു. അയാൾ ഓരോ ഭാഗവും പ്രത്യേകം വിവരിക്കുകയാണ്.

'....വെള്ളം നിറച്ചു വെയ്ക്കാൻ ഒരു സ്ഥലമുണ്ട്.

**ഭരണി നിറയെ ഗോട്ടികളാണ്. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട നല്ല ഒന്നാന്തരം ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും! നോക്കിനില്ക്കേ ആ ഭരണി വലുതാകാൻ തുടങ്ങി. ആകാശത്തോളം വലുതായപ്പോൾ അവനും അതിന്റെ ഉള്ളിൽ കടന്നു. വേറെ കുട്ടികളാരുമുണ്ടായിരുന്നില്ല. എങ്കിലും അവന് അതായിരുന്നു കൂടുതലിഷ്ടം.**

ഇംഗ്ലീഷിൽ ഇതിന്നു ബോയ്‌ലർ എന്നു പറയും. ഇരുമ്പുകൊണ്ടുള്ള ഒരു വലിയ വീപ്പയാണിത്....'

ഇരുമ്പുകൊണ്ടുള്ള വലിയ ഒരു.. കുപ്പിഭരണി! അതിൽ നിറയെ പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും. ജോർജ്ജ് സുഖക്കേടു മാറിവന്നാൽ അവനതു ജോർജ്ജിനോട് പറയും. അപ്പോൾ അവനെന്തൊരു സന്തോഷമായിരിക്കും! അവർ രണ്ടുപേർ മാത്രമേ കളിക്കുകയുള്ളൂ. വേറെയാരെയും കൂട്ടില്ല.

ഒരു ചോക്കിൻകഷണം അവന്റെ മുഖത്തു വന്നു കൊണ്ടു! പരിചയം നിമിത്തം അവൻ പെട്ടെന്നെഴുന്നേറ്റു നിന്നു. മാസ്റ്റർക്കു ദേഷ്യം വന്നിരിക്കുന്നു!

'താനെന്താ അവിടെ കാട്ടുന്നത്?'

അവനു ശ്വാസംമുട്ടുന്നതുപോലെ തോന്നി.

'പറയൂ!'

'പറയില്ലേ?'

അയാൾ അപ്പുക്കുട്ടന്റെ അടുത്തു ചെന്നു. ക്ലാസ്സ് മുഴുവൻ വീർപ്പടക്കിയിരിക്കയാണ്. അവന്റെ പരിഭ്രമം വർദ്ധിച്ചു.

'ഞാനിപ്പോൾ ഇവിടെ എന്തിനെക്കുറിച്ചാണു പറഞ്ഞിരുന്നത്?'

ആ കുട്ടിയുടെ മുഖത്തേക്കു നോക്കിയപ്പോൾ അവന്റെ മനസ്സിലെന്തോ ഉണ്ടെന്നു വളരെക്കാലത്തെ സർവ്വീസുള്ള മാസ്റ്റർക്കറിയാൻ കഴിഞ്ഞു. ഒരുപക്ഷേ അവൻ പാഠം ശ്രദ്ധിച്ചിരിക്കാം. അങ്ങനെയാണെങ്കിൽ മനസ്സിലുള്ള ഉത്തരം പുറത്തുകൊണ്ടു വരാനാണ് അയാൾ ശ്രമിക്കേണ്ടത്. അവിടെയാണ് അയാളുടെ വിജയം.

'ഉം, പറഞ്ഞോളൂ! അതുതന്നെ. പേടിക്കേണ്ട.'

അപ്പുക്കുട്ടന്റെ നാക്കിൻതുമ്പത്ത് ഉത്തരം വന്നു തങ്ങിനില്ക്കുന്നത് മാസ്റ്റർ കണ്ടു.

'ഉം–'

അവൻ വിറച്ചുകൊണ്ടു പറഞ്ഞു:

'ഗോട്ടി'

'ഗോട്ടി?'

അയാൾ പകച്ചുനിന്നു. ക്ലാസ്സിൽ ഭൂകമ്പമായിരുന്നു.

'സ്റ്റാൻഡപ്പ് ഓൺ ദി ബഞ്ച്! സ്റ്റാൻഡപ്പ്.'

മാസ്റ്ററുടെ കണ്ണിൽനിന്നു തീപ്പൊരി പറന്നുകൊണ്ടിരുന്നു. അപ്പുക്കുട്ടൻ കരഞ്ഞുകൊണ്ടു ബെഞ്ചിന്മേൽ കയറി.

അടുത്ത ക്ലാസ്സിലെ ടീച്ചർ വാതില്ക്കൽ വന്നെത്തി നോക്കി. വീണ്ടും കൂട്ടച്ചിരിയുണ്ടായി.

എത്ര ശ്രമിച്ചിട്ടും അവനു സങ്കടം അടക്കിനിർത്താൻ കഴിഞ്ഞില്ല. അവൻ വിതുമ്പിക്കരഞ്ഞു. പക്ഷേ കരയുന്തോറും സങ്കടം വർദ്ധിച്ചു വന്നതേയുള്ളൂ. എല്ലാവരും അവനെ നോക്കി പരിഹസിക്കുകയാണ്. എല്ലാവരും! രാമൻകുട്ടിയും മല്ലികയുമൊക്കെ!

ബഞ്ചിന്മേൽ നിന്നുകൊണ്ട് അവൻ ആലോചിച്ചു: കാണിച്ചുകൊടുക്കാം അവർക്കൊക്കെ, ജോർജ്ജ് വരട്ടെ. ജോർജ്ജ് വന്നാൽ....





ജോർജ്ജ് വന്നാൽ അവൻ ഗോട്ടി വാങ്ങും. കളിക്കാൻ അവരെയൊന്നും വിളിക്കില്ല. ആ ഗോട്ടി കണ്ടാൽ അവരൊക്കെ ആശിച്ചുപോകും. അത്ര ചന്തമുള്ള ഗോട്ടികളാണ്. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ! തൊടിയിലുള്ള വലിയ നെല്ലിക്കയോളം വലുപ്പമുണ്ട് ഓരോന്നിനും.

അപ്പോൾ

ഒരു സംശയം! ഗോട്ടിയെങ്ങിനെ കിട്ടും? ചോദിച്ചാൽ ആ പീടികക്കാരൻ കൊടുക്കുമോ? ജോർജ്ജിനേയും കൂട്ടി ചോദിച്ചാൽ തരുമോ? അല്ലെങ്കിൽ!

'വല്ലവർക്കും സംശയമുണ്ടെങ്കിൽ ചോദിക്കാം.'

മാസ്റ്റർ അന്നത്തെ പാഠം മതിയാക്കി.

'ആർക്കും ഒരു സംശയവുമില്ല?'

അപ്പുക്കുട്ടന്റെ സംശയം തീർന്നിരുന്നില്ല. അവൻ ആലോചിക്കുകയായിരുന്നു, ജോർജ്ജിനേയുംകൂട്ടി പോയി ചോദിച്ചാൽ തരില്ലേ? അല്ലെങ്കിൽ അതിന് എത്ര പൈസയാകും, വാങ്ങാമെന്നു വെച്ചാൽ?

രാമൻകുട്ടി സംശയം ചോദിച്ചു.

അമ്മിണി സംശയം ചോദിച്ചു.

പലരും ചോദിച്ചു.

'അപ്പുക്കുട്ടനെന്താ ആലോചിക്കുന്നത്?'

മാസ്റ്റർ!

'ഉം, ചോദിച്ചോളൂ; എന്താ സംശയം?'

കുട്ടികളൊക്കെ തിരിഞ്ഞിരുന്ന് അവന്റെ നേരെ നോക്കി.

'സംശയമില്ല.'

സംശയമുണ്ടായിരുന്നു! ജോർജ്ജിനേയുംകൂട്ടി പോയാൽ തരുമോ? അല്ലെങ്കിൽ എത്ര പൈസയാകും? അരയണ കൊടുത്താൽ കിട്ടുമോ? ഒരണ കൊടുത്താൽ കിട്ടുമോ? അല്ലെങ്കിൽ..

'എന്താ ആലോചിക്കുന്നത്–?'

'പൈസ.'

'എന്ത്?'

'എത്ര പൈസയാകുംന്ന്.'

'എന്തിന്?'

അവൻ ഒന്നും പറഞ്ഞില്ല. പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ അവന്റെ മുമ്പിലൂടെ ഉരുണ്ടുപോയി.

മാസ്റ്റർ ചോദിച്ചു:

'തീവണ്ടിക്കാണോ–?'

അവൻ തലയാട്ടി.

'വിഡ്ഢീ, തീവണ്ടി വാങ്ങാൻ കിട്ടില്ല. ഇനി കിട്ടിയാൽ തന്നെ നീ എന്തു ചെയ്യും?'

അവൻ കളിക്കും; ജോർജ്ജിന്റെ കൂടെ കളിക്കും.തീവണ്ടിയല്ല; ഗോട്ടി.

ഒരു കടലാസ്സുമായി പ്യൂൺ വന്നു.

മാസ്റ്റർ പറഞ്ഞു:

'ഫീസ് കൊണ്ടുവന്നവരെല്ലാം പോയി കൊടുത്തോളൂ.'

അമ്മിണിയും ഐവാനും മുഹമ്മദ്കുഞ്ഞിയും രാജനും മാധവനുമൊഴികെ എല്ലാവരും പോയി.

രാജൻ പോകുമ്പോൾ അവനെ പതുക്കെയൊന്നു നുള്ളി. അവൻ കാൽ വലിച്ചു കളഞ്ഞു. അവനോർത്തു: ഓ, അവനും ഫീസു കൊടുക്കണം. അച്ഛൻ അവന് ഒന്നര ഉറുപ്പിക കൊടുത്തിട്ടുണ്ട്. അവൻ കീശയിൽ കൈയിട്ടു. ഒരുറുപ്പികയുടെ ഒരു നോട്ടും എട്ടണയും. അവൻ ബെഞ്ചിന്മേൽനിന്ന് ഇറങ്ങി.

'ഉം, എവിടേക്ക്?'

മാസ്റ്റർ!

ഗദ്ഗദത്തിന്റെ നേർത്ത കുമിളകൾ അവന്റെ ഹൃദയത്തിൽ പൊങ്ങി.

'ഫീസ് കൊടുക്കണം.'

'ഫീസ് കൊടുക്കേണ്ട.'

മാസ്റ്റർ പറഞ്ഞു. അവൻ സംശയിച്ചു നിന്നു.

'ഉം, ഓൺ ദ ബെഞ്ച്'

അവൻ ബെഞ്ചിന്മേൽ കയറിനിന്നു കരയാൻ തുടങ്ങി.

**മാസ്റ്ററുടെ കണ്ണിൽനിന്നു തീപ്പൊരി പറന്നുകൊണ്ടിരുന്നു. അപ്പുക്കുട്ടൻ കരഞ്ഞുകൊണ്ടു ബെഞ്ചിന്മേൽ കയറി. അടുത്ത ക്ലാസ്സിലെ ടീച്ചർ വാതില്ക്കൽ വന്നെത്തി നോക്കി. വീണ്ടും കൂട്ടച്ചിരിയുണ്ടായി. എത്ര ശ്രമിച്ചിട്ടും അവനു സങ്കടം അടക്കിനിർത്താൻ കഴിഞ്ഞില്ല. അവൻ വിതുമ്പിക്കരഞ്ഞു. പക്ഷേ കരയുന്തോറും സങ്കടം വർദ്ധിച്ചുവന്നതേയുള്ളൂ. എല്ലാവരും അവനെ നോക്കി പരിഹസിക്കുകയാണ് എല്ലാവരും!**

'ഇനി ക്ലാസ്സിൽ ശ്രദ്ധിക്കുമോ?'

'ശ്ര... ശ്രദ്ധിക്കും.'

'ഉം, എന്നാൽ പൊയ്ക്കോളൂ.'

അവൻ പോയി. ആഫീസ് മുറിയിൽ തിരക്കായിരുന്നു.

'നിങ്ങൾ ഓരോരുത്തരായി വരിൻ കുട്ടികളേ!'

ക്ലാർക്ക് പറയുന്നു.

'ഞാനാ ആദ്യം വന്നത്.'

'ഉം, ഞാനാ.'

'എന്റെ ബാക്കി.'

ആ ബഹളത്തിൽനിന്ന് അപ്പുക്കുട്ടൻ മാറിനിന്നു. രാമൻകുട്ടി ഫീസടച്ചു. മല്ലിക ഫീസടച്ചു. എല്ലാവരുമടച്ചു.

അല്പം പേരേ ഇനി ബാക്കിയുള്ളൂ. അവൻ ആലോചിക്കുകയായിരുന്നു: ജോർജ്ജിനേയും കൂട്ടി പോയാൽ തരില്ലേ? തരും, ഒരുപക്ഷേ, അല്ലെങ്കിൽ.... എത്ര പൈസയാകും? അര യണ... ഒരണ?

പച്ചനിറത്തിൽ വരകളോടുകൂടിയ വെളുത്തുരുണ്ട ഗോട്ടികൾ!

മണിയടിച്ചപ്പോൾ ഫീസ് കൊടുത്തവരും കൊടുക്കാത്തവരുമൊക്കെ അവിടെ നിന്നു പോയി. ഒരുറക്കത്തിൽനിന്നെഴുന്നേറ്റു പോകുന്നതുപോലെ അവനും പോയി.

'എല്ലാവരും ഫീസ് കൊടുത്തുവോ?'

ക്ലാസ് വിടുന്നതിനുമുമ്പായി മാസ്റ്റർ ചോദിച്ചു. അവൻ എഴുന്നേറ്റില്ല. വൈകുന്നേരം അവിടെയുമിവിടെയുമൊക്കെയായി അല്പനേരം ചുറ്റിപ്പറ്റിനിന്നു. നനഞ്ഞ മണ്ണിൽ കുഴികുഴിച്ചു കുട്ടികൾ ഗോട്ടി കളിക്കുന്നുണ്ടായിരുന്നു. അവൻ അവരുടെ അടുക്കലേക്കു പോയില്ല. ഗേറ്റിന്റെ അഴിപിടിച്ചുകൊണ്ട് അവൻ നിരത്തിന്മേലേക്കു നോക്കി. അവിടെ ആ വളവിലാണു പീടിക. പീടികയിൽ ഒരലമാര. പുറത്തു നിന്നാൽ മതി; തൊടാൻ കഴിയും. അലമാരയിൽ കുപ്പിഭരണികളാണ്. അതിൽ ഒരു ഭരണി നിറയെ...

സഞ്ചി ചുമലിലൂടെയിട്ട്, അവൻ ചാഞ്ചാടിക്കൊണ്ടു നടക്കാൻ തുടങ്ങി. പീടിക അടുത്തുവരുന്നു! അവന്റെ നടത്തത്തിന്നു വേഗം കൂടി. ആ അലമാരയുടെ മുമ്പിൽ അവൻ നിന്നു.

പീടികക്കാരൻ ചിരിച്ചു.

അയാൾ തന്നെ കാത്തു നില്ക്കുകയായിരുന്നുവെന്ന് അവനു മനസ്സിലായി.

അവനും ചിരിച്ചു.

'ഗോട്ടി വേണം, അല്ലേ?'

അവൻ തലയാട്ടി.

അയാൾ ഭരണിയുടെ അടപ്പ് തുറക്കുമ്പോൾ അവൻ ചോദിച്ചു:

'നല്ല ഗോട്ടിയാണ്, അല്ലേ?'

'നല്ല ഒന്നാന്തരം ഗോട്ടി.'

'കുട്ടിക്ക് എത്ര ഗോട്ടി വേണം?'

എത്ര ഗോട്ടി വേണമെന്നോ? എത്ര വേണം? എത്ര? അവൻ കീശയിൽ കൈയിട്ടു. ഒരുറുപ്പികയും എട്ടണയുമുണ്ട്. അവൻ അതെടുത്തു കാട്ടി.

പീടികക്കാരൻ ഞെട്ടി.

'ഇതിനു മുഴുവനുമോ?'





'മുഴുവനും!'

അത്ര വലിയ തുകയ്ക്ക് അതിന്നു മുമ്പ് ഒരു കുട്ടിയും ഗോട്ടി വാങ്ങിയിട്ടില്ല.

'എന്താ ഇതിന്റെ ആവശ്യം.'

'ഒരാവശ്യം!'

'അതെന്താണ്?'

'അത് ഞാമ്പറയൂല!'

പീടികക്കാരനു മനസ്സിലായി. അയാളും ഒരുകാലത്ത് കുട്ടിയായിരുന്നു. അവന്റെ ചങ്ങാതിമാരൊക്കെ ചേർന്നു വാങ്ങുന്നതാണ്. അവൻ മാത്രം വന്നുവെന്നേയുള്ളൂ.

ഗോട്ടി വാങ്ങിയത് ജോർജ്ജും അവനും ഒഴികെ വേറെയൊരു കുട്ടിയും അറിയരുതെന്ന് അവനു നിർബ്ബന്ധമുണ്ടായിരുന്നു. ഒരു ദിവസം അവൻ പെട്ടെന്നു ചോദിക്കും, 'വരുന്നോ എന്നോടു കളിക്കാൻ?' അപ്പോഴേ ആളുകൾ അറിയാൻ പാടുള്ളൂ!

'കുട്ടിക്കു കളിക്കാനറിയോ?'

അയാൾ ചോദിച്ചു.

അവന് അറിഞ്ഞുകൂടായിരുന്നു.

'പിന്നെ?'

എന്തൊക്കെ ചോദ്യങ്ങളാണ്? അവന്റെ ക്ഷമ നശിച്ചു. അവൻ കൈനീട്ടി.

'താ.'

അയാൾ ചിരിച്ചു.

അവനും ചിരിച്ചു.

കടലാസിന്റെ ആ പൊതി അടുക്കിപ്പിടിച്ചു വേപ്പുമരങ്ങളുടെ നിഴലിലൂടെ അവൻ നടന്നു. അവന്റെ കൈയിലാണിപ്പോൾ ഗോട്ടി. അവന്റെ കൈയിൽ! വേണമെങ്കിൽ പുറത്തെടുക്കാം.

അവൻ പൊതി കുലുക്കി നോക്കി.

അവൻ ചിരിക്കുന്നുണ്ടായിരുന്നു. പക്ഷേ ആ കുപ്പിഭരണിയോടെ കിട്ടിയിരുന്നുവെങ്കിൽ! അവനാശിച്ചു. കടലാസുപൊതി നന്നല്ല. ഭരണിയാണെങ്കിൽ വെറുതെ തൊട്ടാൽ മതി. ഗോട്ടി തൊട്ടതുപോലെത്തന്നെ തോന്നും.

പെട്ടെന്ന് ഒരു സംശയം. എല്ലാറ്റിനുമുണ്ടോ പച്ചനിറത്തിൽ വര? അവൻ കെട്ടഴിച്ചു നോക്കാൻ തീർച്ചപ്പെടുത്തി.

സഞ്ചി താഴെ വെച്ച് അവൻ പതുക്കെ കടലാസുപൊതിയുടെ കെട്ടഴിക്കാൻ തുടങ്ങി. പൊതിയഴിഞ്ഞു ഗോട്ടി മുഴുവൻ നിലത്തു വീണു. നിരത്തിന്റെ നടുവിലേക്ക് അവ ഉരുണ്ടുപോവുകയാണ്. ഒരു നിമിഷനേരം തരിച്ചുനിന്നതിനുശേഷം അവൻ പെറുക്കാൻ തുടങ്ങി.

**എല്ലാറ്റിനുമുണ്ടോ പച്ചനിറത്തിൽ വര? അവൻ കെട്ടഴിച്ചു നോക്കാൻ തീർച്ചപ്പെടുത്തി. സഞ്ചി താഴെ വെച്ച് അവൻ പതുക്കെ കടലാസുപൊതിയുടെ കെട്ടഴിക്കാൻ തുടങ്ങി. പൊതിയഴിഞ്ഞു ഗോട്ടി മുഴുവൻ നിലത്തു വീണു. നിരത്തിന്റെ നടുവിലേക്ക് അവ ഉരുണ്ടുപോവുകയാണ്. ഒരു നിമിഷനേരം തരിച്ചുനിന്നതിനുശേഷം അവൻ പെറുക്കാൻ തുടങ്ങി. കൈ നിറഞ്ഞു. പെറുക്കിയതെവിടെ വയ്ക്കും?**

കൈ നിറഞ്ഞു. പെറുക്കിയതെവിടെ വയ്ക്കും?

സ്ലേറ്റും പുസ്തകവും പുറത്തെടുത്തുവെച്ചതിനുശേഷം സഞ്ചിയിൽ പെറുക്കിയിടാൻ തുടങ്ങി.

ഒന്ന്, രണ്ട്, മൂന്ന്, നാല്...

ക്ർർർർ....

ഒരു കാർ സഡൺ ബ്രേക്കിൽ നിന്നു.

അവൻ അപ്പോഴും ഗോട്ടി പെറുക്കി സഞ്ചിയിലിടുകയായിരുന്നു.

ആ കുട്ടിയെ ജീവനോടെ കടിച്ചുതിന്നാനുള്ള ദ്വേഷ്യം വന്നു ഡ്രൈവർക്ക്. അയാൾ തല വെളിയിലിട്ടു. ആ കുട്ടി എന്താണ് കാട്ടുന്നത് അവിടെ? പെറുക്കുന്നതിനിടയിൽ അവൻ തലയുയർത്തി നോക്കി. ഒരു കാറും അതിന്നുള്ളിൽ ഒരു ഡ്രൈവറും. ഡ്രൈവർ അവന്റെ ഗോട്ടിയുടെ ഭംഗി നോക്കി രസിക്കുകയാണ്. അവൻ ഒരു ഗോട്ടി പൊക്കിക്കാട്ടി ചിരിച്ചു.

'നല്ല രസമുണ്ട്, അല്ലേ?'

ഡ്രൈവറുടെ ദ്വേഷ്യം അലിഞ്ഞുപോയി. അയാളും ഒരുകാലത്ത് കുട്ടിയായായിരുന്നു. അയാൾ ചിരിച്ചു.

സഞ്ചിയെടുത്തു ചുമലിലിട്ടതിനുശേഷം സ്ലേറ്റും പുസ്തകവും കുപ്പിയും പെൻസിലുമൊക്കെ അടുക്കിപ്പിടിച്ച് അവൻ വീട്ടിലേക്കു നടന്നു.

വൈകുന്നേരത്തെ കാപ്പിയും തയ്യാറാക്കി അവന്റെ അമ്മ അവനെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. പൂമുഖത്തെ ബെഞ്ചിന്മേൽ സ്ലേറ്റും പുസ്തകവും വലിച്ചെറിഞ്ഞ് അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു.

അവൻ അന്നു വരാൻ വൈകിയതിൽ അമ്മ പരിഭ്രമിച്ചിരുന്നു. അവൻ സഞ്ചിയുടെ വായ കൂട്ടിപ്പിടിച്ചു കുലുക്കി.

'ഓ, ഇതെന്തോന്നാ?'

അമ്മ ചോദിച്ചു.

'ഞാമ്പറയൂല.'

അവൻ പറഞ്ഞു.

'എന്നോട് പറയില്ലേ?'

'പറയും.'

അമ്മയെ അവനു വലിയ

കാര്യമായിരുന്നു.

'അമ്മ കണ്ണു ചിമ്മണം.'

അമ്മ കണ്ണു ചിമ്മി.

അവൻ എണ്ണി: 'വൺ, റ്റു, ത്രീ.'

അമ്മ കണ്ണു തുറന്നു നോക്കി. ഒരു സഞ്ചി നിറയെ ഗോട്ടികൾ! ആ സ്ത്രീ പകച്ചുനിന്നു.

'എവിടന്നു കിട്ടി ഇതൊക്കെ?'

'വാങ്ങിയതല്ലേ!'

'അതിനു പണം?'

അച്ഛന്റെ ഫോട്ടോവിന്റെ നേരെ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു:

'ഉച്ചയ്ക്കു തന്നിട്ടില്ലേ.'

അമ്മ മൂക്കത്തു കൈവെച്ചു! ഫീസുകൊടുക്കേണ്ട പണം! ആ ഗോട്ടി മുഴുവൻ അവനെന്തൊരാവശ്യത്തിനാണ്? ആരുടെ കൂടെയാണ് അവൻ കളിക്കുക? ആ വീട്ടിൽ അവൻ മാത്രമേയുള്ളൂ. ഉണ്ടായിരുന്നു അവന്റെ ഇളയതായിട്ട് ഒരു കുട്ടി. അവന്റെ കൊച്ചനുജത്തി. പക്ഷേ....

ആ അമ്മയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. ഓ, അപ്പൂ...!

അവന്റെ അമ്മ കരയുന്നു!

അവനു മനസ്സിലായില്ല. എന്തിനാണ് അമ്മ കരയുന്നത്? ഗോട്ടി വാങ്ങിയതുകൊണ്ടാണോ? അതായിരിക്കില്ല, പിന്നെ?

വയസ്സായ പീടികക്കാരനും കാർഡ്രൈവറും ചിരിച്ചുകൊണ്ട് അവന്റെ മുമ്പിൽ വന്നുനിന്നു. അവർക്കൊക്കെ ഇഷ്ടമാണ്. എന്തുകൊണ്ട് അമ്മ ഇഷ്ടപ്പെട്ടില്ല? ഒരു പക്ഷേ നല്ല ഗോട്ടിയായിരിക്കില്ല.

സഞ്ചിയിൽനിന്നു നെല്ലിക്കപോലുള്ള ആ ഗോട്ടികൾ വാരിക്കൊണ്ട് അവൻ പറഞ്ഞു:

'ചീത്ത ഗോട്ടിയാണ്, അല്ലേ?'

'അല്ല, നല്ല ഗോട്ടി!'

'നല്ല രസമുണ്ട് കാണാൻ, അല്ലേ?'

'നല്ല രസമുണ്ട്!'

അവൻ ചിരിച്ചു.

അവന്റെ അമ്മയും ചിരിച്ചു. അശ്രു വീണു നനഞ്ഞ അമ്മയുടെ കവിളിൽ അവൻ മുഖമമർത്തി.

അവന്റെ ഹൃദയത്തിൽ അപ്പോൾ സന്തോഷം വഴിഞ്ഞൊഴുകിയിരുന്നു.

12

# കേരള സാഹിത്യ അക്കാദമി കഥ-കവിത ശില്പശാല പ്രതിനിധികളെ ക്ഷണിക്കുന്നു

കേരള സാഹിത്യഅക്കാദമി സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന കഥ-കവിത ശില്പശാലയിലേക്കു യുവ എഴുത്തുകാരിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. സെപ്തംബർ - ഒക്ടോബർ മാസങ്ങളിലായി സംഘടിപ്പിക്കുന്ന ശില്പശാലയിൽ പ്രമുഖരായ എഴുത്തുകാരും നിരൂപകരും അധ്യാപകരും ക്ലാസ്സുകൾ നയിക്കും. ഹൈസ്ക്കൂൾതലം മുതൽ 30 വയസ്സുവരെയുള്ളവർക്ക് അപേക്ഷിക്കാം.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം, യഥാർത്ഥ യാത്രച്ചെലവ്, സാക്ഷ്യപത്രം എന്നിവ അക്കാദമി നൽകും. പങ്കെടുക്കാൻ താല്പര്യമുള്ളവർ, പൂർണവിലാസവും ലഘുജീവചരിത്രക്കുറിപ്പും ഫോൺ നമ്പറും രണ്ടു രചനകളും സഹിതം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ 680020 എന്ന വിലാസത്തിൽ ജൂലൈ 31 ന് മുമ്പായി അപേക്ഷിക്കണം. ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ അക്കാദമി ഓഫീസ് 04872 2331069, 9496897692 ഇ മെയിൽ വിലാസം keralasahityaakademi@gmail.com

**ആർ ഗോപാലകൃഷ്ണൻ**
സെക്രട്ടറി



സർഗ്ഗവസന്തം 2015 ചലച്ചിത്ര-ചിത്രരചനാക്യാമ്പുകളുടെ ഉദ്ഘാടനം ബഹു. സാംസ്കാരികവകുപ്പു മന്ത്രി കെ സി ജോസഫ് നിർവ്വഹിക്കുന്നു.

# ആടാം പാടാം വരയ്ക്കാം വിതയ്ക്കാം

**ഡോ. രാധിക സി നായർ**



കൊട്ടും കുരവയുമായിരുന്നില്ല സാംസ്കാരികവകുപ്പുമന്ത്രിയെ എതിരേറ്റത്. തിരുവനന്തപുരത്തെ എൽ എം എസ് വിമൻസ് സെന്ററിൽ കുട്ടികളുടെ അവധിക്കാല സഹവാസക്യാമ്പ് ഉദ്ഘാടനം ചെയ്യാനെത്തിയ സാംസ്കാരികവകുപ്പുമന്ത്രി കെ സി ജോസഫിനെ കുട്ടികൾ സ്വീകരിച്ചത് അപ്പോൾ തയ്യാറാക്കിയ 5 മിനിട്ട് സ്ക്രിപ്റ്റ് അവതരിപ്പിച്ചുകൊണ്ടാണ്. ഞൊടിയിടയിൽ കുട്ടിക്കുരുന്നുകൾ കള്ളനായും കച്ചവടക്കാരനായും അന്ധനായും വേഷപ്പകർച്ചയിലായപ്പോൾ മന്ത്രിയും കാഴ്ചക്കാരും വിസ്മയിച്ചു. നാല് ദിവസം നീണ്ടുനിന്ന ചലച്ചിത്രക്യാമ്പിൽ 10 മിനിട്ട് ദൈർഘ്യമുള്ള ഒരു കുട്ടിച്ചിത്രം ആദ്യാവസാനം കഥയും തിരക്കഥയും മെനഞ്ഞ് സംവിധാനം ചെയ്തു രംഗമൊരുക്കി അഭിനയിച്ച് ചിത്രീകരിക്കുകയും ചെയ്തു ഈ പ്രതിഭകൾ.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ മൂന്നു വർഷമായി വേനലവധിക്കാലത്ത് സംഘടിപ്പിക്കുന്ന സർഗവസന്തം ക്യാമ്പുകൾ അക്ഷരാർത്ഥത്തിൽ കുട്ടികളുടെ കഴിവുകളെ ഉണർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും ഫലവത്താക്കുകയും ചെയ്യുന്നതിൽ വഹിക്കുന്ന പങ്ക് ചില്ലറയല്ല. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള കുട്ടികൾ പല വിഷയങ്ങളിൽ പല ജില്ലകളിലെ ക്യാമ്പിൽ പങ്കെടുത്തു. ഒന്നിച്ചുണർന്ന്, ഒന്നിച്ചുചിരിച്ച്, ഒന്നിച്ചുണ്ട്, ഒന്നിച്ചുകളിച്ച്, ഒന്നിച്ചുപഠിച്ച്, ഒന്നിച്ച് കാര്യങ്ങൾ ചെയ്ത് കൂട്ടായ്മയുടെയും പാരസ്പര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പുതുപാഠങ്ങൾ കൂടി പഠിക്കുകയും അനുഭവിക്കുകയും ചെയ്തു ഈ കുട്ടികൾ.

ചിത്രകല, ചലച്ചിത്രം, മാധ്യമം, കവിത, പരിസ്ഥിതി, കഥ, നാടകം എന്നിങ്ങനെ വിവിധ വിഷയങ്ങളിലാണ് തിരുവനന്തപുരം, ചങ്ങനാശ്ശേരി, കൊല്ലം, തേക്കടി, തിരൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ ഈ വേനലവധിക്കാലത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചത്.

ആലപ്പുഴയിലെ നാട്യനടനക്യാമ്പ് പ്രശസ്ത ചലച്ചിത്രതാരം നെടുമുടി വേണു മൃദംഗം വായിച്ച് ഉദ്ഘാടനം ചെയ്തതോടെ 2015 ലെ സർഗവസന്തം അവധിക്കാലക്യാമ്പുകൾക്കു തുടക്കമായി. നർത്തകരും അഭിനേതാക്കളും അടങ്ങുന്ന ഒരു നിരതന്നെ മൂന്നു ദിവസം നീണ്ടുനിന്ന ക്യാമ്പിൽ കുട്ടികൾക്കു മുന്നിൽ അഭിനയവും പഠനവുമായെത്തി.


സാംസ്കാരികവകുപ്പുമന്ത്രിക്കു മുന്നിൽ കുട്ടികൾതന്നെ ഞൊടിയിടയിൽ തയ്യാറാക്കിയ നാടകം അവതരിപ്പിക്കുന്നു.


ചലച്ചിത്രക്യാമ്പിൽ ക്യാമറയുടെ സാങ്കേതികവശങ്ങൾ കുട്ടികൾ പരിശീലിക്കുന്നു.



തിരുവനന്തപുരത്ത് നടന്ന ചലച്ചിത്ര-ചിത്ര രചന ക്യാമ്പുകളുടെ ഉദ്ഘാടനം സാംസ്കാരികവകുപ്പുമന്ത്രി കെ സി ജോസഫാണു നിർവഹിച്ചത്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിക്കുകമാത്രമല്ല തനിക്കു മുന്നിൽ നിമിഷങ്ങൾ കൊണ്ട് നാടകം അവതരിപ്പിച്ച കുട്ടികളെ അഭിനന്ദിക്കുകയും ചെയ്തു.

കുട്ടികൾക്കുവേണ്ടിയും കുട്ടിപ്പുസ്തകങ്ങൾക്കുവേണ്ടിയും ചിത്രരചന നിർവഹിക്കുന്ന സർഗധനരായ ചിത്രകാരർ വരയുടെയും വർണത്തിന്റെയും അതിസൂക്ഷ്മ മേഖലകളിലേക്കു കുട്ടികളുടെ കൈപിടിച്ചു നടന്നപ്പോൾ മറുവശത്ത് സെല്ലുലോയിഡിന്റെ മാസ്മരികലോകത്തിലേക്കുള്ള പ്രതിഭകളുടെ പ്രയാണത്തിന് പ്രശസ്ത ചലച്ചിത്രസംവിധായകൻ താഹ നേതൃത്വം നൽകി.

മനുഷ്യന്റെ ദുര പ്രകൃതിക്കുമേൽ നടത്തുന്ന പടയോട്ടങ്ങൾ ഒരു കുടുംബത്തിന്റെ വേദനയാകുന്നത് തന്മയത്തോടെയും ഒതുക്കത്തോടെയും പത്തു മിനിറ്റിനുള്ളിൽ അഭിനയിച്ചും പറഞ്ഞും ഫലിപ്പിക്കാൻ കുട്ടികൾ ഒരുക്കിയ *(അ)മൃതവർഷിണി*ക്കു കഴിഞ്ഞു. ക്യാമറ, എഡിറ്റിങ്, മിക്സിങ് തുടങ്ങിയ സാങ്കേതികവിദ്യകളിൽ കുഞ്ഞു വിരൽസ്പർശങ്ങൾ ചന്തംചാർത്തിയ ചലച്ചിത്രമായിരുന്നു *(അ)മൃവർഷിണി.*

പ്രകൃതിയുടെ സൗന്ദര്യം ഉറങ്ങു കിടക്കുന്ന, കായൽ താരാട്ടുപാടുന്ന മൺട്രോത്തുരുത്തിലായിരുന്നു കനകചിലങ്ക കിലുക്കിയെത്തിയ കാവ്യസുന്ദരിയെ കുരുന്നുകൾ വരവേറ്റത്. അന്തരിച്ച പ്രിയകവി ഡി വിനയ



പരിസ്ഥിതിക്യാമ്പിൽ ട്രക്കിങിനായി ഇറങ്ങിയ കുട്ടികൾക്ക് നേച്ചർ എഡ്യൂക്കേഷൻ ഓഫീസർ കാടിനെക്കുറിച്ചും ട്രക്കിങിനെക്കുറിച്ചും വിശദീകരിച്ചുകൊടുക്കുന്നു.

ചന്ദ്രന്റെ സ്മൃതികുടീരത്തിലേക്കുള്ള യാത്രയടക്കം പ്രകൃതിയെ കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചുമാണ് കുട്ടികൾ കാവ്യമധുരം നുണഞ്ഞത്. ഗിരീഷ് പുലിയൂരായിരുന്നു കുട്ടികളുടെ കാവ്യമേളയ്ക്കു തുയിലുണർത്തുകാരനായത്.

ചങ്ങനാശ്ശേരിയിലെ മാധ്യമക്യാമ്പിലുമുണ്ടായി കുട്ടികളുടെ സർഗഫലങ്ങൾ. മൂന്നു ദിവസം കൊണ്ട് അവർ പത്രപ്രവർത്തനത്തിന്റെ ബാലപാഠങ്ങളും ന്യൂസ്ബുള്ളറ്റിൻ നിർമ്മാണത്തിന്റെ സാങ്കേതികതകളും നവമാധ്യമസാധ്യതകളെക്കുറിച്ചും പഠിച്ചെടുത്തു. ക്യാമ്പവസാനം കാർട്ടൂണുകളും സമകാലിക (ക്യാമ്പിന്റെ തന്നെ)വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്തി സർഗവസന്തം എന്ന പേരിൽ കുട്ടികൾ പത്രം പുറത്തിറക്കി. ക്യാമ്പും താമസസ്ഥലമായ സർഗക്ഷേത്രയ്ക്കു ചുറ്റുംനിന്നു ലഭിച്ച വാർത്തകളുമായിരുന്നു കുട്ടികൾ ഒരുക്കിയ ന്യൂസ് ബുള്ളറ്റിനിൽ.

മലപ്പുറത്ത് മലയാള ഭാഷയുടെ പിതാവിന്റെ സ്മരണയുറങ്ങുന്ന തിരൂർ തുഞ്ചൻ പറമ്പിൽ കുട്ടികൾ കഥപ്പായസം നുണഞ്ഞും കഥകളെഴുതിയത് അവതരിപ്പിച്ചും കഥയുടെ ന്യൂനതകൾ തിരിച്ചറിഞ്ഞും കഥാകാരരെ പരിചയപ്പെട്ടും നല്ല കഥയുടെ ലോകങ്ങൾ മനസ്സിലാക്കിയും ഭാവിയിലെ കഥാലോകങ്ങൾ സ്വപ്നം കണ്ടും കഥാക്യാമ്പ് ആസ്വദിച്ചു. കഥാകൃത്തും നോവലിസ്റ്റുമായ യു കെ കുമാരന്റെ നേതൃത്വത്തിലായിരുന്നു കഥയുടെ കുടമാറ്റം.

തേക്കടിയിലെ പരിസ്ഥിതിക്യാമ്പും കുട്ടികൾക്കു നവ്യാനുഭവമായി. കാട്ടിലൂടെ ട്രക്കിങ് നടത്തിയും തേക്കടി തടാകത്തിലൂടെ ബോട്ടിങ് നടത്തിയും ആദിവാസി കോളനി സന്ദർശിച്ചും കുട്ടികൾ പ്രകൃതിയെ തൊട്ടറിഞ്ഞു.

ക്യാമ്പ് അവസാനിക്കരുതേയെന്ന്, അടുത്ത ക്യാമ്പെന്നെന്ന്, കൂട്ടുമാറല്ലെയെന്ന്, വിളിക്കണേയെന്ന്, കത്തെഴുതണെയെന്ന്, ഈ കൂട്ട് മുറിയരുതെയെന്നു പ്രാർത്ഥിച്ചും പറഞ്ഞുമാണ് ക്യാമ്പുകൾ കഴിഞ്ഞു കുട്ടികൾ പിരിഞ്ഞത്. മൂന്നുദിവസം കൊണ്ട് ഒരായുസ്സിന്റെ കൂട്ടുതീർത്തവരുണ്ടായിരുന്നു അതിൽ. അടുത്ത വർഷം ക്യാമ്പിൽ വരാൻ അനുവാദമില്ലെന്ന് പറഞ്ഞു കരഞ്ഞവർ മുതൽ അടുത്തവർഷം സ്കൂൾ പഠനം അവസാനിച്ചു പോകുന്നതിലല്ല, സർഗവസന്തം ക്യാമ്പിൽ പങ്കെടുക്കാൻ പറ്റില്ലല്ലോ എന്നോർക്കുമ്പോഴാണ് സങ്കടം എന്നുപറഞ്ഞു വിതുമ്പിയവർ ഏറെയുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. നെടുമുടി ഹരികുമാറിന്റെ ആശയം ഉദ്യോഗസ്ഥർ പ്രാവർത്തികമാക്കിയപ്പോൾ കേരളത്തിലെ സർഗധനരായ കുട്ടികൾക്ക് വേനലവധി ഉല്ലാസപ്രദവും വിജ്ഞാനകരവുമാക്കാൻ കിട്ടിയ ദിവസങ്ങളായിരുന്നു സർഗവസന്തം ക്യാമ്പുകൾ. അഭിനേതാക്കൾ, ചലച്ചിത്രപ്രവർത്തകർ, മാധ്യമപ്രവർത്തകർ, എഴുത്തുകാർ, കവികൾ, കഥാകൃത്തുക്കൾ, ചിത്രകാരർ, പരിസ്ഥിതിപ്രവർത്തകർ, രാഷ്ട്രീയനേതാക്കൾ തുടങ്ങി എല്ലാ രംഗത്തുനിന്നുമുള്ളവർ കുട്ടികളുമായി സംവദിച്ചു.

അക്ഷരാർത്ഥത്തിൽ സർഗവാസനകളുടെ പരിമളം പരത്തിയ കുരുന്നുപുഷ്പങ്ങളുടെ വസന്തോത്സവമായിരുന്നു ഈ ക്യാമ്പുകൾ.

# സർവ്വം സഹജം

എം കൃഷ്ണദാസ്

പലവർണ പൂമ്പാറ്റകളെപ്പോലെയാണ് അവർ പുതിയ ക്ലാസ്സിൽ ഒരുക്കൂടിയത്. സ്കൂളിലെ ആദ്യദിവസം യൂണിഫോം നിർബ ന്ധമല്ലാത്തതിനാൽ അവർ പലനിറത്തിലുള്ള വസ്ത്രങ്ങളാണു ധരിച്ചിരിക്കുന്നത്. അപ്പോൾ ക്ലാസ്സിനെ മൊത്തത്തിൽ കാണാൻ ഒരു പ്രത്യേക ചാരുത തന്നെ ഉണ്ടായിരുന്നു. ഓരോരുത്തരും അവരുടെ അവധിക്കാല വിശേഷങ്ങൾ കോരിക്കൊട്ടുന്ന തിരക്കിലായി രുന്നു. അതിനിടെ പുതിയ മാഷ് ക്ലാസ്സിലേക്കു കയറി വന്നു. അതോടെ ക്ലാസ്സാരവം സ്വിച്ചിട്ട തുപോലെ അടങ്ങി.

ഗുഡ്മോണിങ്ങോടെ അവരെല്ലാം മാഷെ എതിരേറ്റു. മേശയ്ക്കടുത്തു വന്ന് മാഷ് കൈയിലെ ഹാജർപുസ്തകം അവിടെ വച്ച് വീണ്ടും പുറത്തിറങ്ങി.

''ഓഫീസിൽ പോയി ഇപ്പ വരാട്ടോ....'' മാഷ് ആരോടെന്നില്ലാതെ പറഞ്ഞു.

മാഷ് പോയതും ആരവം സ്വിച്ചിട്ടതു പോലെ വീണ്ടും ആരംഭിച്ചു. ഇപ്പോൾ ചിലർ ഇരിപ്പിടത്തു നിന്നും എഴുന്നേറ്റിട്ടുണ്ട്. പലരും ബെഞ്ചിന്റെ അങ്ങോട്ടും ഇങ്ങോട്ടും തിരി ഞ്ഞിരുന്നായി വിക്രസ്. ക്ലാസ്ചുമരിലെയും ജനലിലെയും വാതിലിലെയും നിറവ്യത്യാസം അവരുടെ ശ്രദ്ധയിൽപ്പെട്ടില്ല. രണ്ടുമാസമായി മറന്നുവെച്ച സ്കൂൾവിക്രസ്സുകളെല്ലാം ഒറ്റ





വര: ബാനർജി പി എസ്

നിമിഷം കൊണ്ട് അവിടെ അരങ്ങേറി. അതിനിടെ മാഷ് തിരികെയെത്തി. അതോടെ ചില പൊട്ടലും ചീറ്റലോടും കൂടി കുട്ടിക്കുസൃതികൾ അടങ്ങി.

മാഷ് കയറി വന്ന് ബഞ്ചിൽ അടങ്ങിയൊതുങ്ങി തുടങ്ങിയ ആ അഞ്ചാം ക്ലാസ്സിലെ ബഞ്ചുകളിൽ നിന്നും കച്ചറകാട്ടിയിരുന്ന ഓരോരുത്തരെയായി പെറുക്കിയെടുത്തു. അദ്ദേഹം അവരോട് ക്ലാസ്സിനു മുന്നിലെ ചുമരരുകിൽ പോയി നിൽക്കാൻ ആവശ്യപ്പെട്ടു. മുന്നിലേക്കു നടക്കുമ്പോൾ അവർക്ക് ഓരോരുത്തർക്കും തങ്ങൾ നടത്തിയ വിക്രസ്സുകളെപ്പറ്റി ബോധ്യമുണ്ടായിരുന്നതു കൊണ്ട് മുഖത്തു വിഷമമുണ്ടായിരുന്നില്ല. പകരം, മാഷെങ്ങനെയാണു ഞങ്ങളെ കൃത്യമായി കണ്ടെടുത്തെന്നതു മാത്രമായിരുന്നു അവരുടെ അത്ഭുതം!

ശല്യമേതും ചെയ്യാതെ ബഞ്ചുകളിൽ പതുങ്ങിയിരുന്ന് ഉറങ്ങാറുള്ള മുയലിൻ കുഞ്ഞുങ്ങളൊഴിച്ച് മറ്റുള്ളവരെല്ലാം മാഷ്ടെ പിടിയിലായി. കീഴടങ്ങിയവരെയെല്ലാം വരിയാക്കി നിറുത്തി ഓഫീസിലേക്കു നടത്തുന്നതിനിടയിൽ ഒരു വിരുതൻ ചോദിച്ചു.


**മുന്നിലേക്കു നടക്കുമ്പോൾ അവർക്ക് ഓരോരുത്തർക്കും തങ്ങൾ നടത്തിയ വിക്രസ്സുകളെപ്പറ്റി ബോധ്യമുണ്ടായിരുന്നതു കൊണ്ട് മുഖത്തു വിഷമമുണ്ടായിരുന്നില്ല. പകരം, മാഷെങ്ങനെയാണു ഞങ്ങളെ കൃത്യമായി കണ്ടെടുത്തെന്നതു മാത്രമായിരുന്നു അവരുടെ അത്ഭുതം!**

“അല്ല, മാഷെ, ഞങ്ങളെ എങ്ങനെയാ കണ്ടെത്തിയത്...?”

“ക്ലാസ്സിന്റെ നാലു മൂലയിലും ഫിറ്റു ചെയ്ത ക്യാമറകൾ നിങ്ങളാരും കണ്ടില്ലേ...” അപ്പോഴാണ്, ക്ലാസ്സിന്റെ മുകൾമൂലകളിൽ കോഴിക്കുഞ്ഞുങ്ങളെപ്പോലെ പതുങ്ങിയിരിക്കുന്ന ആ ക്യാമറക്കുഞ്ഞുങ്ങൾ അവരുടെ കണ്ണിൽ പെട്ടത്.

“ഇതൊരു പരീക്ഷണപ്പിടുത്തമായതു കൊണ്ട് നിങ്ങളെല്ലാവരും തത്ക്കാലം സ്വന്തം സീറ്റിൽ പോയിരുന്നോളിൻ...”

മാഷുടെ ദയവിൽ സന്തോഷിച്ച് ആ പുതുപൂമ്പാറ്റകൾ സ്വന്തം ബഞ്ചിൽ പോയി ഒതുങ്ങി.



ഫീച്ചർ



# തവളപ്പാട്ടുകേൾക്കാം

ഫോട്ടോ/ലേഖനം **മനോജ് പി**



**35കോടി വർഷങ്ങൾക്കു മുൻപാണ് കടലിൽനിന്നും കരയിലേക്ക് ജീവികൾ താമസം മാറിത്തുടങ്ങിയത്. അങ്ങനെയുള്ള ആദ്യജീവികളുടെ പരിണാമതലമുറകളാണ് നാമെല്ലാം. എങ്കിലും ഉരഗങ്ങളോടാണ് ഇവയ്ക്കു കൂടുതൽ സാമ്യം. തവളകളുടെ പൂർവ്വികരും ഇവർ തന്നെ. ജലത്തിലും കരയിലും ജീവിക്കാൻ കഴിയുന്ന ഉഭയജീവികളിൽ മനുഷ്യർക്കേറ്റവും പരിചിതവും തവളകൾതന്നെ. ശ്വാസകോശങ്ങളുണ്ടെങ്കിലും വെള്ളത്തിൽ ജീവിക്കാൻകഴിയുമാറുള്ള സജ്ജീകരണങ്ങളെല്ലാം ഇവർക്കുണ്ട്. ത്വക്കിലൂടെ ജലം വലിച്ചെടുക്കാനും പുറത്തുവിടാനും കഴിവുള്ളവർ. തവളകളുടെ വൈവിദ്ധ്യപൂർണ്ണമായ ലോകത്തിലേക്ക് ഒരു യാത്ര.**

ഒരു മഴക്കാലംകൂടി വരവായി. മഴക്കാലം തവളക്കാലമാണ്. മഴക്കാലത്തിന്റെ പ്രധാനലക്ഷണങ്ങളിലൊന്നാണ് തവളപ്പാട്ട്. അല്ലെങ്കിൽ തവളകളുടെ കൂട്ടക്കരച്ചിൽ. നമ്മൾ കരച്ചിൽ എന്നു പറയുന്നെങ്കിലും തവളകളെ സംബന്ധിച്ചിടത്തോളം അത് ഇണയെ ആകർഷിക്കാനുള്ള പാട്ടാണ്. സന്ധ്യമയങ്ങുന്നതോടുകൂടിയാണ് തവളപ്പാട്ടു തുടങ്ങുന്നത്. വെള്ളക്കെട്ടുകളിലും കുളങ്ങളിലും പാടങ്ങളിലും നിന്നുമൊക്കെയാണ് തവളകൾ പാടിത്തുടങ്ങുന്നത്.

കരയിലും വെള്ളത്തിലും മരത്തിലുമൊക്കെ ജീവിക്കുന്ന വിവിധയിനത്തിലുള്ള തവളകളുണ്ട് നമുക്കുചുറ്റും. നമുക്ക് തവളക്കുടുംബത്തെ പരിചയപ്പെടാം.

## തവളക്കുടുംബം

ഏതാണ്ടു 350 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് ജലത്തിൽ നിന്നും കരയിലേക്കു താമസം മാറിയ നട്ടെല്ലുള്ള (vertebrates) ജലജീവികളായിരുന്നു തവളകളുടെ പൂർവികർ. ഇവർ തന്നെയായിരുന്നു മത്സ്യങ്ങളുടെയും ഉരഗങ്ങളുടെയും പൂർവികർ. ആദ്യകാല ഉഭയ

ജീവികൾക്ക് (Ichthyostega) നന്നായി വികാസം പ്രാപിച്ച ശ്വാസകോശങ്ങൾ ഉണ്ടായിരുന്നു. എന്നാൽ തങ്ങളുടെ ഉരഗബന്ധുക്കളെപ്പോലെ ജലജീവിതം മിക്ക ഉഭയജീവികളും പൂർണമായും ഉപേക്ഷിച്ചില്ല. ജീവശാസ്ത്രപരമായി മത്സ്യങ്ങൾക്കും ഉരഗങ്ങൾക്കും ഇടയിലുള്ള ജീവിവർഗമാണ് ഉഭയജീവികൾ. മത്സ്യങ്ങളുടേതിനു സമാനമായ അസ്ഥിഘടനയാണ് തവളകൾക്കുമുള്ളത്. പ്രധാനവ്യത്യാസം ശരീരഘടനയിലാണ്. മത്സ്യങ്ങൾ ശരീരത്തിന്റെ ചലനത്തിലൂടെ നീന്തൽ സാധ്യമാക്കുമ്പോൾ ജലായുക്തമായ വിരലുകളാണ് തവളകളെ നീന്താൻ സഹായിക്കുന്നത്.

## എന്താണ് ഉഭയജീവി?

മൃഗങ്ങളെയും പക്ഷികളെയും മത്സ്യങ്ങളെയും പോലെ നട്ടെല്ലുള്ള ജീവികളാണ് ഉഭയജീവികൾ. ശീതരക്തമുള്ള (Cold blooded) ജീവികളാണിവ. എന്നാൽ മൃഗങ്ങളെയും പക്ഷികളെയും അപേക്ഷിച്ച് നഗ്നചർമമാണ് ഉഭയജീവികൾക്കുള്ളത്. തൂവലുകളോ രോമങ്ങളോ ചെറുനാരുകളോ ഇല്ലെന്നർഥം. മാത്രമല്ല ത്വക്ക് ശ്വസനേന്ദ്രിയമായും വർത്തിക്കുന്നു. 'amphi' എന്നും 'bios' എന്നുമുള്ള രണ്ടു ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഉഭയജീവികൾ എന്ന് അർഥം വരുന്ന 'amphibians' എന്ന വാക്ക് ഉണ്ടായിരിക്കുന്നത്. Double life എന്നാണ് ഇവയുടെ അർഥം. മിക്ക ഉഭയജീവികളും ജലത്തിലെ പ്രാഥമിക ജീവിതം (Larval stage) കഴിഞ്ഞാൽ കരയിലേക്ക് പ്രവേശിക്കുകയായി.

മൂന്ന് ഓഡറുകളാണ് ആംഫീബിയ എന്ന ക്ലാസ്സിലുള്ളത്. അനുറ (Anura)-തവളകൾ (Frogs and Toads), കോഡേറ്റ(Caudata)-ന്യൂട്ടുകളും സാലമാൻഡറുകളും (Newts and Salamanders), ജിംനോഫിയോണ(gymnophiona)-സിസിലിയൻസ്(കാലില്ലാത്തവളകൾ) (Caecilians).

## തവളത്തൊലി മാഹാത്മ്യം

തവളയുടെ ത്വക്കിനുമുണ്ട് ഏറെ പ്രത്യേകതകൾ. ത്വക്കിലൂടെ വെള്ളം ശരീരത്തിന് അകത്തേക്കും പുറത്തേക്കും എടുക്കുവാനും കളയാനും തവളകൾക്കു കഴിയും. വയറ്റിലുള്ള പ്രത്യേക ഭാഗം ഒരു പമ്പുപോലെ പ്രവർത്തിക്കുന്നു.

ചില തവളകൾക്ക് ത്വക്കിൽ വിഷഗ്രന്ഥികളുണ്ട്. ശത്രുക്കളെ പിൻതിരിപ്പിക്കുന്നതിന് ഇതു സഹായിക്കുന്നു. തെക്കേ അമേരിക്കയിലെ (Poison Dart Frogs) വിഷത്തവളകൾ ഇതിന് നല്ലൊരു ഉദാഹരണമാണ്. ഇവയുടെ വിഷമാണ് ഊതുകുഴലുകളിലെ (Blow gun) അമ്പായി (Dart) ഉപയോഗിക്കുന്നത്.

തവളയുടെ ത്വക്കിൽ ധാരാളം തടിപ്പുകളും മുഴകളുമൊക്കെ കാണാം. ഇവ വിവിധ ഗ്രന്ഥികളാണ്. ത്വക്കിന് ഈർപ്പവും ഗന്ധവുമൊക്കെ നൽകുന്നത് ഈ ഗ്രന്ഥികളാണ്. പിഗ്മെന്റുകളടങ്ങിയ കോശങ്ങളാണ് ശരീരത്തിനു നിറം നൽകുന്നത്. മറഞ്ഞിരി

**മത്സ്യങ്ങളുടേതിനു സമാനമായ അസ്ഥിഘടനയാണ് തവളകൾക്കുമുള്ളത്. പ്രധാനവ്യത്യാസം ശരീരഘടനയിലാണ്. മത്സ്യങ്ങൾ ശരീരത്തിന്റെ ചലനത്തിലൂടെ നീന്തൽ സാധ്യമാക്കുമ്പോൾ ജലായുക്തമായ വിരലുകളാണ് തവളകളെ നീന്താൻ സഹായിക്കുന്നത്.**







**പാമ്പുകൾ പടം പൊഴിക്കുന്നതുപോലെ തവളകളും തോൽപൊളിക്കാറുണ്ട്** (Moulting). **ഇങ്ങനെ പൊളിച്ചു കളയുന്ന തോൽ തവളകൾ തന്നെ അകത്താക്കും. ശരീരത്തിനു പോഷകങ്ങൾ ലഭിക്കുന്നതിനു വേണ്ടിയാണ് ഈ തൊലിതീറ്റ.**

ക്കാനും ശത്രുക്കൾക്കു മുന്നറിയിപ്പു നൽകാനുമൊക്കെ നിറം ഉപകരിക്കുന്നു. അതുപോലെതന്നെ സാഹചര്യങ്ങൾക്കനുസരിച്ച് നിറം മാറാനും ചില തവളകൾക്കു കഴിയും. ശരീരത്തിലെ താപനിലയുടെ ക്രമീകരണവും അന്തരീക്ഷത്തിലെ ജലാംശവും ശരീരസ്രവങ്ങളുമൊക്കെയാണ് തവളകൾ ഇതിന് ഉപയോഗിക്കുന്നത്.

പാമ്പുകൾ പടം പൊഴിക്കുന്നതുപോലെ തവളകളും തോൽപൊളിക്കാറുണ്ട് (Moulting). ഇങ്ങനെ പൊളിച്ചു കളയുന്ന തോൽ തവളകൾ തന്നെ അകത്താക്കും. ശരീരത്തിനു പോഷകങ്ങൾ ലഭിക്കുന്നതിനു വേണ്ടിയാണ് ഈ തൊലിതീറ്റ. ചില തവളകളുടെ തൊലി പരുപരുത്തതും മറ്റു ചിലതിന്റേത് മിനുസമുള്ളതുമാണ്.

വളരെ ലളിതമായ ശരീരഘടനയാണ് തവളകൾക്കുള്ളത്. പരന്നു തടിച്ച ശരീരവും കഴുത്ത് തീരെയില്ലാത്ത തലയും മുന്നിലേക്കു തള്ളിനിൽക്കുന്ന ചുണ്ടും തവളകളുടെ പ്രത്യേകതയാണ്. കഴുത്തില്ലാത്തതിനാൽ തല തിരിക്കാൻ തവളകൾക്ക് കഴിയില്ല. എന്നാൽ 360° കാഴ്ച പ്രദാനം ചെയ്യുന്ന വലിയ ഉണ്ടക്കണ്ണുകൾ ഈ കുറവ് പരിഹരിക്കുന്നു.

**തവളക്കണ്ണ്:** മിക്കതവളകളും രാത്രിഞ്ചരരാണ്. അതിനാൽ അവയ്ക്കു രാത്രിയിലും അത്യാവശ്യം നല്ല കാഴ്ചശക്തിയുണ്ട്. തവളക്കണ്ണിൽ കണ്ണാടിപോലെ പ്രകാശം പ്രതിഫലിപ്പിക്കുന്ന ഒരു സ്തരമുണ്ട്. 'Tapetum lucidium.' ഇത് ഒരു ടോർച്ചു ലൈറ്റു പോലെ ഉപകരിക്കുന്നു. ഇരതേടുന്നതിന് തവളകൾ മുഖ്യമായും കാഴ്ചശക്തിയെ ആണ് ആശ്രയിക്കുന്നത്. മാത്രമല്ല മനുഷ്യന്റേതിൽ നിന്നും ഇതര മൃഗങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ് തവളയുടെ കണ്ണിലെ ലെൻസുകളുടെ പ്രവർത്തനം. മനുഷ്യന്റെ കണ്ണിലെ ലെൻസുകൾ ഫോക്കസ് ക്രമീകരിക്കുന്നത് ആകൃതിയിലുണ്ടാകുന്ന മാറ്റത്തിലൂടെയാണ്. എന്നാൽ തവളക്കണ്ണിലെ ലെൻസുകൾ ഫോക്കസ് ചെയ്യുന്നത് ക്യാമറ ലെൻസുകളെപ്പോലെ



മുൻമ്പോട്ടും പിന്നോട്ടുമുള്ള ക്രമീകരണത്തിലൂടെയാണ്. കണ്ണുകളുടെ സംരക്ഷണത്തിനും ശുചിയാക്കുന്നതിനും തവളക്കണ്ണുകൾക്ക് വേണ്ടത്ര സംവിധാനമുണ്ട്. Nictitating membrane എന്ന സ്തരമാണ് ഈ ജോലി ചെയ്യുന്നത്. ഭംഗിയുടെ കാര്യത്തിലും തവളക്കണ്ണുകൾ പിന്നിലല്ല. പല തവളകളുടെയും കണ്ണുകളിൽ മനോഹരങ്ങളായ നിറങ്ങളും അടയാളങ്ങളുമൊക്കെയുണ്ട്.



## കേൾവിശക്തി

കാഴ്ചശക്തിപോലെ തന്നെ നല്ല കേൾവിശക്തികൂടിയുണ്ട് തവളകൾക്ക്. സന്ധ്യയ്ക്ക് കച്ചേരിനടത്തിക്കൊണ്ടിരിക്കുന്ന തവളകളുടെ അടുത്തു ചെന്നാൽ അവ പെട്ടെന്നു പാട്ടുനിർത്തുന്നതു കാണാം. തവളകളുടെ ബാഹ്യകർണസ്തരം കണ്ണിനു പിന്നിലായി ഒരു വലിയ പൊട്ടുപോലെ സ്ഥിതിചെയ്യുന്നതു കാണാം. 'Tympanum' എന്നാണ് ഇതിനു പറയുന്നത്. ഇരയുടെയും ശത്രുവിന്റെയും സാമീപ്യം തിരിച്ചറിയുന്നതിനും ഇണയെ കണ്ടെത്തുന്നതിനുമെല്ലാം കേൾവിശക്തി തവളകളെ സഹായിക്കുന്നു.

## തവളപ്പാട്ട്

തവളപ്പാട്ട് കൂടുതൽ കേൾക്കുന്നതും ഇക്കാലത്താണ്. ആൺതവളകളാണ് പാട്ടുകാർ. ഓരോ ജാതി തവളകളുടെയും ശബ്ദം മറ്റുള്ളവയുടേതിൽ നിന്നും വ്യത്യസ്തമാണ്. തവളകളുടെ ശബ്ദം പുറത്തുവരുന്നത് ശബ്ദസഞ്ചിയിലൂടെ (Vocal sac) ഇരട്ടിപ്പിച്ചാണ്. ചില ജാതി തവളകൾ ശബ്ദിക്കുമ്പോൾ പുറമേ നിന്ന് കാണാൻ കഴിയും(External Vocal Sac). എന്നാൽ മറ്റുചില ജാതി തവളകളുടെ ശബ്ദസഞ്ചി പുറമേ നിന്നു ദൃശ്യമല്ല. പാട്ടുപാടുന്നതിൽ മുന്നിൽ ആൺ തവളകളാണെങ്കിലും ചില ജാതികളിൽ പെൺതവളകളും നേർത്ത ശബ്ദം പുറപ്പെടുവിക്കാറുണ്ട്.

ഇണയെ ആകർഷിക്കുകയും തങ്ങളുടെ അധീനപ്രദേശം (Territory) കാണിക്കുന്നതിനും മറ്റ് ആൺതവളകളെ അകറ്റിനിർത്തുന്നതിനും പാട്ട് ഉപയോഗിക്കുന്നു.

## ജീവിതചക്രം

തവളകളുടെ ജീവിതചക്രം ചെറിയ ക്ലാസ്സുകളിൽ തന്നെ കൂട്ടുകാർ പഠിച്ചിരിക്കുമല്ലോ? തവളമുട്ടയ്ക്ക് കട്ടിപ്പുറംതോടില്ല. വഴുവഴുപ്പുള്ള പതപോലെയുള്ള പദാർത്ഥം (Jelly) കൊണ്ടാണ് മുട്ടകൾ സംരക്ഷിച്ചിരിക്കുന്നത്. ആയിരക്കണക്കിന് മുട്ടയിടുന്നവരാണ് തവളകൾ. പുതുമഴ പെയ്യുന്നദിവസം, അതിരാവിലെ പാടത്തോ, കുളങ്ങൾക്കരികിലോ ചെന്നാൽ തവളമുട്ടകൾ കാണാൻ കഴിയും. ചിലപ്പോൾ ഇണചേരുന്ന തവളകളെയും. ചില മുട്ടകൾ നൂലുപോലെ പരസ്പരം ഒട്ടിപ്പിടിച്ച് മീറ്ററു



കളോളം നീളത്തിൽ കിടക്കുന്നതു കാണാം. കരത്തവളകളുടെ (Toads) മുട്ടകൾ ഇങ്ങനെയാണ്.

മുട്ടവിരിഞ്ഞ് വാൽമാക്രികൾ (Tadpoles) പുറത്തുവരും. ഓരോ ജാതി തവളകളുടെയും മുട്ടകൾ വിരിയുന്നതിനുള്ള സമയദൈർഘ്യം വ്യത്യാസപ്പെട്ടിരിക്കും. അതുപോലെ തന്നെ ചില ജാതി തവളകൾക്ക് മുട്ടവിരിഞ്ഞു തവളക്കുഞ്ഞുങ്ങൾ (Froglets) തന്നെയാണ് പുറത്തുവരിക. വാൽമാക്രികൾ മത്സ്യങ്ങളെപ്പോലെ ജലത്തിലാണു ജീവിക്കുക. മത്സ്യങ്ങളെപ്പോലെതന്നെ ചെകിള (Gills) കളുപയോഗിച്ചു ശ്വസിക്കുകയും ചെയ്യുന്നു. ആൽഗകളും മറ്റു ചെറുനീർസസ്യങ്ങളുമാണ് വാൽമാക്രികളുടെ ആഹാരം. വാൽമാക്രികൾക്ക് തലയും വാലും ശരീരവുമൊക്കെയുണ്ട്. ഏതാണ്ട് ഒരു മാസത്തോളം കഴിയുമ്പോഴേക്കും വാൽമാക്രികളുടെ വാലിന്റെ തുടക്കത്തിൽ നിന്ന് കാലുകൾ രൂപപ്പെടാൻ തുടങ്ങും. അതോടൊപ്പം തന്നെ ശ്വാസകോശത്തിന്റെ വളർച്ചയും. ഏഴ് ആഴ്ചകഴിയുമ്പോൾ പിൻകാലുകളും ഒൻപത് ആഴ്ചകഴിയുമ്പോൾ മുൻകാലുകളും വളർന്നു തുടങ്ങും. ഏതാണ്ട് പന്ത്രണ്ട് ആഴ്ചകഴിയുമ്പോഴേക്കും വാൽമാക്രികൾക്കു നീന്തി ഉപരിതലത്തിലേക്ക് എത്താനും അന്തരീക്ഷവായു ശ്വസിക്കാനും കഴിയും.

വിവിധ ആവാസവ്യവസ്ഥകളിൽ ജീവിക്കുന്നവരാണ് തവളകൾ. മണ്ണിൽ മാളം തുരന്നു ജീവിക്കുന്നവരും മരത്തിലും വെള്ളത്തിലും കരയിലുമൊക്കെ കഴിയുന്നവരും തവളകളുടെ ഇടയിലുണ്ട്. വിവിധ സാഹചര്യങ്ങൾക്കും പരിസ്ഥിതിക്കും അനുയോജ്യമായ രീതിയിലാണ് അവയുടെ കാലുകളുടെ ഘടന. ഉദാഹരണത്തിന് മണ്ണു തുരക്കുന്ന തവളകൾക്കു മരത്തവളകൾക്കുള്ള പോലെയായിയായിരിക്കില്ല കാലുകളുടെ ഘടന. വെള്ളത്തിൽ ജീവിക്കുന്ന തവളകൾക്കു ചർമബന്ധിതമായ ജലായുക്തമായ പാദങ്ങളാണുണ്ടാവുക. പരിണാമവേളയിലുണ്ടായ ഈ മാറ്റങ്ങൾ അവയുടെ ജീവിതത്തിനു തികച്ചും അനുയോജ്യമാണ്.

## തവളയുടെ ശത്രുക്കൾ

പ്രകൃതിയിൽ തവളകൾക്ക് നിരവധിശത്രുക്കളുണ്ട്. പാമ്പ്, പക്ഷികൾ, വലിയ മത്സ്യങ്ങൾ എന്നിവയെല്ലാം അതിൽപ്പെടുന്നു. കൂടാതെ വലിയ തവളകൾ ചെറിയ തവളകളെ വിഴുങ്ങാറുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്ന വനനശീകരണവും നിലംനികത്തലും കീടനാശിനികളുടെയും രാസവസ്തുക്കളുടെയും ഉപയോഗവും തവളകളുടെ നിലനിൽപ്പ് അപകടത്തിലാക്കിയിരിക്കുകയാണ്. ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനമാണ് തവളകൾ നേരിടുന്ന മറ്റൊരു ഭീഷണി.

*(തുടരും)*

**ഒരു മാസത്തോളം കഴിയുമ്പോഴേക്കും വാൽമാക്രികളുടെ കാലുകൾ രൂപപ്പെടാൻ തുടങ്ങും. അതോടൊപ്പം തന്നെ ശ്വാസകോശത്തിന്റെ വളർച്ചയും. ഏതാണ്ട് പന്ത്രണ്ട് ആഴ്ചകഴിയുമ്പോഴേക്കും വാൽമാക്രികൾക്കു നീന്തി ഉപരിതലത്തിലേക്ക് എത്താനും അന്തരീക്ഷവായു ശ്വസിക്കാനും കഴിയും.**



# നന്മയുള്ള രാജാവ്

(ജാതകകഥ)

ചിത്രീകരണം വെങ്കി



വാരാണസിയിലെ രാജാവായ ബ്രഹ്മദത്തന്റെ മകനായി ബോധിസത്വൻ ജനിച്ചു. അച്ഛന്റെ കാലശേഷം അദ്ദേഹം രാജാവായി.

ബോധിസത്വൻ നീതിബോധത്തോടെ നാടു ഭരിച്ചു. ജനങ്ങൾക്കു പരാതിയോ സങ്കടങ്ങളോ ഇല്ലായിരുന്നു. രോഗങ്ങളോ ദുരിതങ്ങളോ ഉണ്ടായിരുന്നില്ല. കോടതിയും തടവറകളും ആശുപത്രികളും ഒഴിഞ്ഞുകിടന്നു. ക്ഷേമവും സമൃദ്ധിയും എങ്ങും കളിയാടി. എങ്കിലും ബോധിസത്വനു തൃപ്തിയായില്ല. അദ്ദേഹം വിചാരിച്ചു. 'ഇങ്ങനെയൊക്കെയാണെങ്കിലും ഞാനറിയാത്ത എന്തെങ്കിലും കുറ്റവും കുറവും ഉണ്ടാവും. അതുകൂടി അറിഞ്ഞാൽ ഭരണം കുറെക്കൂടി ക്ഷേമകരമാക്കാമായിരുന്നു.' ആദ്യം രാജസദസ്സിലുള്ളവരോടു ചോദിച്ചു. പക്ഷേ ഭരണത്തെക്കുറിച്ച്





അവർക്കൊന്നും യാതൊരു പരാതിയും പറയാനില്ലായിരുന്നു. പിന്നെ രാജാവ് തന്റെ തെറ്റുകൾ കണ്ടെത്താൻ അയൽരാജ്യങ്ങളിലേക്കു പോയി. അപ്പോഴാണ് കോസല രാജാവായ മല്ലികനെ കണ്ടുമുട്ടിയത്. ആ രാജാവും തന്റെ കുറവുകൾ അന്വേഷിച്ച് ഇറങ്ങിയതായിരുന്നു. അവർ കണ്ടുമുട്ടിയത് ഒരു ഇടുങ്ങിയ വഴിയിൽ വച്ചായിരുന്നു. എത്ര ഒതുങ്ങി നിന്നാലും പരസ്പരം വഴികൊടുക്കാൻ കഴിയില്ല. അത്രമേൽ ഇടുങ്ങിയതായിരുന്നു ആ വഴി. ഒരാൾ പിറകോട്ടു മാറിയാലേ മറ്റേയാൾക്കു പോകാൻ



കഴിയു? ആരു പിന്നോട്ടുപോകണം? അവർ ആലോചിച്ചു. പ്രായം കുറഞ്ഞയാൾ പിറകിലോട്ടു മാറാൻ തീരുമാനിച്ചു. പക്ഷേ രണ്ടു പേർക്കും ഒരേപ്രായമായിരുന്നു. ജനിച്ച സമയവും ഒന്നുതന്നെ.

ജാതിയിലും പ്രശസ്തിയിലും കുലമഹിമയിലും രണ്ടുപേരും തുല്യർ. ഇനിയെന്തു ചെയ്യും? കൂടുതൽ നന്മയുള്ളതാർക്കാണോ ആ ആൾക്ക് വഴി ഒഴിഞ്ഞു കൊടുക്കുക എന്നവർ തീരുമാനിച്ചു. കോസലരാജാവ് പറഞ്ഞു:

"ഞാൻ നന്മയെ നന്മകൊണ്ടു ജയിക്കുന്നു, തിന്മയിൽ നിന്ന് ഒഴിഞ്ഞുമാറുന്നു."

അപ്പോൾ ബോധിസത്വൻ പറഞ്ഞു: "എന്നോടു തിന്മ ചെയ്യുന്നവരോടും ഞാൻ നന്മ ചെയ്യുന്നു."

അതുകേട്ട കോസലരാജാവ് തന്റെ കുറവ് മനസ്സിലാക്കി. അദ്ദേഹം പിന്നോക്കം നടന്ന് ബോധിസത്വനു വഴികൊടുത്തു. ബോധിസത്വൻ ഒന്നുവണങ്ങിയിട്ടു തന്റെ അന്വേഷണം തുടരാനായി യാത്രയായി.

# കാടിവിടെ മക്കളേ

പ്രൊഫ. എസ് ശിവദാസ്

''അപ്പൂപ്പാ ഇന്നൊരു കഥ പറയണം. ഇപ്പോൾത്തന്നെ പറയണം''രാവിലെ തന്നെ അപർണ എന്നെ പിടികൂടി. ഇനി കഥ പറയാതെ അപർണ പിടിവിടുകയില്ല. അതിനാൽ ഞാൻ ചോദിച്ചു. ''എന്തു കഥയാണു പറയേണ്ടത്?''

എന്തു കഥയായാലും മതി. നല്ല ഒരു കഥ.

അപ്പോൾ ഞാൻ കഥ പറയാൻ തുടങ്ങി. ഒരിടത്തൊരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. കാടും മലയും കാട്ടരുവിയും കണ്ടു വളർന്ന കുട്ടി. അവന്റെ ചെവിയിൽ എന്നും എപ്പോഴും കാടിന്റെ സംഗീതമുണ്ടായിരുന്നു. കിളികളുടെ പാട്ട്. അരുവിയുടെ കളകളാരവം. കാറ്റിന്റെ ചൂളം വിളി. കാടിന്റെ പച്ചപ്പ്. എല്ലാം ആ കുട്ടിയുടെ മനസ്സിൽ പതിഞ്ഞു.

അങ്ങനെ പ്രകൃതിയുടെ മടിത്തട്ടിൽ വളർന്ന ആ കുട്ടിക്ക് അവന്റെ അമ്മ ഒരു ദിവസം കുറെ ചിരട്ടകൾ കൊടുത്തു. ഓരോ ചിരട്ടയിലും മണ്ണിടാൻ പറഞ്ഞു. മണ്ണുനിറച്ച് അവൻ ചിരട്ടകൾ മുറ്റത്തരികിൽ വച്ചു. അപ്പോൾ അമ്മ അവനു കുറെ കുഞ്ഞുവിത്തുകൾ സമ്മാനിച്ചു. ഓരോ വിത്തും ഓരോ ചിരട്ടയിൽ മണ്ണിൽ കുഴിച്ചിടൂ. അമ്മ പറഞ്ഞു. എന്നിട്ട് ഓരോ ചിരട്ടയിലെ മണ്ണിനുമേലും വെള്ളം തളിക്കണം. ഓരോ വിത്തിലും ഓരോ മരക്കുഞ്ഞ് ഉറങ്ങുന്നുണ്ട്. മോൻ തളിക്കുന്ന വെള്ളം താഴേക്കു ചെല്ലും. വിത്തിനെ നനയ്ക്കും. അതു കുതിരും. അതിനുള്ളിലെ മരക്കുഞ്ഞ് ഉണരും, തല പൊക്കും. അങ്ങനെ മോന്റെ ചിരട്ടയിൽ ഓരോന്നിലും ഓരോ മരക്കുഞ്ഞുണ്ടാകും. വളരും... മരമാകും...



ആ കുട്ടി ഒരു യക്ഷിക്കഥ കേൾക്കും പോലെ അമ്മ പറയുന്നതുകേട്ടു. പിന്നെ ഓരോ ചിരട്ടയിലും ഓരോ വിത്തിട്ടു. അതിന്മേൽ മണ്ണിട്ടു മൂടി. പിന്നെ വെള്ളം തളിച്ചു. എന്നും വെള്ളം തളിച്ചു. എന്നും ചിരട്ടയിൽ നോക്കിക്കൊണ്ടുമിരുന്നു. എന്ത അത്ഭുതം! എല്ലാ വിത്തുകളും കിളിർത്തു. ചെടിയായി. അമ്മ മകനേയും കൂട്ടി ആ ചെടികൾ പറമ്പിൽ പലയിടത്തായി നട്ടു.

ചെടികൾ നട്ട അന്ന് അമ്മ നീതിസാരത്തിലെ ഒരു ശ്ലോകം ചൊല്ലി. എന്നിട്ട് അർത്ഥം പറഞ്ഞു: ഒരു ആൽമരവും ഒരു വേപ്പും ഒരു പേരാലും പത്തു പുളിയും മൂന്നു നെല്ലിയും അഞ്ചു



തനിക്കു പിതാവ് നൽകിയ സ്ഥലത്തിലൊന്ന് വലിയ ഒരു കുന്നായിരുന്നു. ആറ് ഏക്കറിലേറെയുള്ള തലയുയർത്തി നിൽക്കുന്ന കുന്ന്. അവിടെ ഏതാനും മരങ്ങൾ വളർന്നിരുന്നു. അതിന്റെ ഒരു വശത്ത് ഒരു വീടുവച്ചു. ബാക്കി മുഴുവൻ കാടാക്കി. ആ കാട്ടിൽ താമസമാക്കി. ഇന്നും അദ്ദേഹം അവിടെ താമസിക്കുന്നു. എൺപത്താറാം വയസ്സിലും കാട്ടിൽത്തന്നെ ആരോഗ്യത്തോടെ താമസിക്കുന്നു.

തെങ്ങും നട്ടുവളർത്തുന്നവർക്കുനരകമില്ല.

ആ മകൻ വളർന്നു. നാട്ടിൽ പഠിച്ചു. പിന്നെ അലിഗഡ് സർവകലാശാലയിൽ നിന്നും എം എ പാസായി. അവിടെ ഉയർന്ന ഉദ്യോഗം ലഭിച്ചു. എന്നാൽ അവിടെ താമസിക്കുമ്പോഴൊക്കെ മനസ്സിൽ കേരളത്തിന്റെ പച്ചപ്പ് നിറഞ്ഞു നിന്നു. തന്റെ നാടായ മലയിഞ്ചിപ്പാറ അദ്ദേഹത്തെ വിളിക്കുന്നതായി അദ്ദേഹത്തിനു തോന്നി. അദ്ദേഹം ജോലി രാജിവച്ചു. ഈരാറ്റുപേട്ടക്കടുത്തുള്ള മലയിഞ്ചിപ്പാറയിൽ തിരിച്ചെത്തി. തനിക്കു പിതാവ് നൽകിയ സ്ഥലത്തിലൊന്ന് വലിയ ഒരു കുന്നായിരുന്നു. ആറ് ഏക്കറിലേറെയുള്ള ഉയർന്നു തലയുയർത്തി നിൽക്കുന്ന കുന്ന്. അവിടെ ഏതാനും മരങ്ങൾ വളർന്നിരുന്നു. അതിന്റെ ഒരു വശത്ത് ഒരു വീടുവച്ചു. ബാക്കി മുഴുവൻ കാടാക്കി. ആ കാട്ടിൽ താമസമാക്കി. ഇന്നും അദ്ദേഹം അവിടെ താമസിക്കുന്നു. എൺപത്താറാം വയസ്സിലും കാട്ടിൽത്തന്നെ ആരോഗ്യത്തോടെ താമസിക്കുന്നു.

കഥ കേട്ടുകഴിഞ്ഞപ്പോൾ അപർണക്കുട്ടി പറഞ്ഞു: ''ഈ കഥ സത്യമാണെങ്കിൽ ഇന്നുതന്നെ എനിക്ക് ആ അപ്പൂപ്പനെ കാണണം.''



കഥ സത്യമായിരുന്നു. അതിനാൽ ഞങ്ങൾ രാവിലെതന്നെ മൈലാഞ്ചിപ്പാറയിലേക്കു യാത്രയായി. വാവക്കുട്ടിയും സുമക്കുട്ടിയും ഞാനും. പിന്നെ സാരഥിയായി സന്തോഷും. ഭരണങ്ങാനാത്ത് അൽഫോൻസാമ്മയുടെ പള്ളിക്കു മുന്നിലെത്തിയപ്പോൾ ഞാൻ അലക്സച്ചനെയും കൂടെ കൂട്ടി. അലക്സച്ചന് സ്ഥലമറിയാം. കാടുവളർത്തിയ സെബാസ്റ്റ്യൻസാറിനെയും അറിയാം. ''അദ്ദേഹത്തിന്റെ അനുജന്റെ മകനാണു എബി. ഒരു പ്രകൃതിസംരക്ഷകൻ.'' അലക്സച്ചൻ പറഞ്ഞു. ഞങ്ങൾ വരുന്ന വിവരം അച്ചൻ എബിയേയും വിളിച്ചു പറഞ്ഞു.

മീനച്ചിലാറിന്റെ തീരത്തുകൂടി ഈരാറ്റുപേട്ടയും പൂഞ്ഞാറും കടന്ന് പാതമ്പുഴയും കഴിഞ്ഞ് മലയിഞ്ചിപ്പാറ. റോഡരികിൽ സെബാസ്റ്റ്യൻ സാറിന്റെ മല. ഞങ്ങൾ മലകയറി. വീട്ടിലെത്തിയപ്പോൾ സാർ ഈരാറ്റുപേട്ടയ്ക്കു പോയിരിക്കുന്നു. എൺപത്താറാം വയസ്സിലും നല്ല ആരോഗ്യം. തനിയെ യാത്ര പോയിരിക്കുന്നു.

''സാർ വരും മുൻപു നമുക്കു കാടുകാണാം.'' അലക്സച്ചൻ പറഞ്ഞു. വീട്ടുമുറ്റത്ത് വലിയ മരവുരിമരം. അതിനുമപ്പുറം ആകാശം മുട്ടെ വളർന്നു നിൽക്കുന്ന ലിച്ചി. അവൾ ഫിലിപ്പൈൻകാരി. അവളുടെ മുകളിൽ ഒരു ഏറുമാടം. കയറാൻ പൊക്കമുള്ള കോണി. അതായത് ഏണി. അപർണക്കുട്ടി അതിവേഗം ഏറുമാടത്തിലേക്കുകയറി. അലക്സച്ചൻ ഫോട്ടോ എടുത്തതിനുശേഷമാണ് അവൾ ഇറങ്ങിയത്.

പിന്നെ ഞങ്ങൾ കാട്ടിലൂടെ കാട്ടുവള്ളികൾ വകഞ്ഞുമാറ്റി നടന്നു. താഴെ കരിയിലകൾ തീർത്ത മെത്ത. അടിക്കാട്. ഞങ്ങൾ മലമുക



**മലകയറി മുകളിലെത്തിയപ്പോഴേക്ക് എബി ഓടി വന്നു. ഗൈഡിന്റെ സ്ഥാനം അച്ചന്റെ കൈയിൽ നിന്നും പിടിച്ചെടുത്തു. 'ഈ കാട്ടിൽ നട്ടുച്ചയ്ക്കും തണുപ്പാണ്. തണലാണ്.' എബി കാടിന്റെ വിശേഷങ്ങൾ പറയാൻ തുടങ്ങി.**

ളിലേക്കു കയറി. വള്ളികളിൽ പിടിച്ച്, കല്ലുകളിൽ കാലുകൾ ശ്രദ്ധയോടെ ഊന്നി ഞങ്ങൾ കയറി. കാടിന്റെ സംഗീതം ഞങ്ങളുടെ കാതുകളിൽ. കാടിനൊരു സുഗന്ധമുണ്ട്. സുമടീച്ചർ പറഞ്ഞപ്പോഴായിരുന്നു ഞങ്ങൾ അതു ശ്രദ്ധിച്ചത്. ''ദാ അറുപതു വയസ്സുകാരൻ ആഞ്ഞിലിയപ്പൂപ്പൻ.'' അലക്സച്ചൻ കാടിനു നടുവിൽ കാടിന്റെ കാരണവരായി നിൽക്കുന്ന ആഞ്ഞിലിയപ്പൂപ്പന്റെ നെഞ്ചിലെ ബോർഡിലേക്കു നോക്കിപറഞ്ഞു. മലകയറി മുകളിലെത്തിയപ്പോഴേക്ക് എബി ഓടി വന്നു. ഗൈഡിന്റെ സ്ഥാനം അച്ചന്റെ കൈയിൽ നിന്നും പിടിച്ചെടുത്തു. ഈ കാട്ടിൽ നട്ടുച്ചയ്ക്കും തണുപ്പാണ്. തണലാണ്. എബി കാടിന്റെ വിശേഷങ്ങൾ പറയാൻ തുടങ്ങി.

കാടുമുഴുവൻ കണ്ടു തിരിച്ചിറങ്ങിയപ്പോഴേക്ക് സെബാസ്റ്റ്യൻ സാർ തിരിച്ചെത്തി. ''പേരപ്പൻ ഈ മല ദിവസവും പല പ്രാവശ്യം കയറും.'' എബി പറഞ്ഞു. അപ്പോഴേക്ക് അപർണയും അലക്സച്ചനും കൂടി നാടൻ മാമ്പഴം പെറുക്കിക്കൂട്ടി. ശരിക്കും ചക്കരമാമ്പഴം! എല്ലാവരും ഓരോന്ന് നേരെ വായിലേക്കിട്ടു. അതിനിടെ സെബാസ്റ്റ്യൻ സാർ താൻ കാടുവളർത്തിയ കഥ പറഞ്ഞു... കാട് താനെ വളരും. പക്ഷേ നമ്മുടെ ലാളനയുണ്ടായാലോ നന്നായി വളരും. ഞാൻ വളരെ കഷ്ടപ്പെട്ട് അലഞ്ഞുനടന്ന് അനേകം വൃക്ഷത്തൈകൾ ശേഖരിച്ചു. മൂവായിരത്തോളം വൃക്ഷങ്ങൾ ഈ മലയിൽ നട്ടു. സ്വദേശിയും വിദേശിയും എല്ലാമുണ്ട്. താന്നി, പ്ലാശ്, പൂവരശ്, വേങ്ങ, മുള്ളുവേങ്ങ, ബീഡിമരം, ഞാവൽ, പാതിരി, ചതുരപ്പുള്ളി, ജാതി എത്രയെത്ര മരങ്ങൾ. സാറിന്റെ കഴുത്തിൽ കിടന്ന രുദ്രാക്ഷമാല ഊരി സുമടീച്ചർക്കു കാണാൻ നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു. '' ഈ കാട്ടിലെ പഞ്ചമുഖീ രുദ്രാക്ഷമാണ്.''

പിന്നെ നിലത്തുകിടന്ന ഒരു വലിയ കായ നിലത്തടിച്ചുപൊട്ടിച്ചുകാണിച്ചുകൊണ്ടു പറഞ്ഞു. ഇതാണ് ചെസ്റ്റ്നട്ട്.''

എൺപത്താറിലും യുവാവിന്റെ പ്രസരിപ്പോടെ ഓടിനടക്കുന്ന ആ അത്ഭുതമനുഷ്യനെ നോക്കി ഞാൻ നിന്നുപോയി. എന്റെ നോട്ടം കണ്ടപ്പോൾ അദ്ദേഹം എന്റെ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു: ''സാർ, ഈ കാട്ടിൽ കഴിയുന്നതുകൊണ്ടല്ലേ എൺപത്താറിലും ഞാനിങ്ങനെ യുവാവായി ജീവിക്കുന്നത്!'' പിന്നെ ആലോചനയോടെ അദ്ദേഹം പറഞ്ഞു: ''ഈ കാട് എന്റെ അമ്മയുടെ ഓർമ്മയ്ക്കുള്ള സ്മാരകമാണ്. ഇത് എന്റെ ജീവനാണ്. മരിക്കുമ്പോൾ എന്നെ ഈ കാട്ടിൽ തന്നെ അടക്കണം. എന്റെ ശരീരവും ഈ മരങ്ങൾക്ക് ആഹാരമാകണം. അതാണ് എന്റെ ആഗ്രഹം.''

'അങ്ങനെ അങ്ങയുടെ ശരീരത്തിലെ ഓരോ അണുവും അനശ്വരമായി ഈ കാടിന്റെ പച്ചപ്പായി, സുഗന്ധമായി, ഇലയായി, തടിയായി ഇവിടെ എന്നെന്നും നിലനിൽക്കും'. ഞാൻ നിശ്ശബ്ദമായി അങ്ങനെ പറഞ്ഞുപോയി.

പിരിയുംമുൻപ് വാവക്കുട്ടി സാറിനെ രണ്ടു കീർത്തനങ്ങൾ പാടികേൾപ്പിച്ചു. അദ്ദേഹത്തിന്റെ കാലുകളിൽ തൊട്ടുവന്ദിച്ചു. അദ്ദേഹം അവളെ പിടിച്ചെഴുന്നേൽപ്പിച്ച് തലോടിക്കൊണ്ടു പറഞ്ഞു: ''ഇനിയും വരണം. ഈ കാട്ടിൽ വരണം.'' ''വരാം.'' കാടിന്റെ വിളി ഉള്ളിൽ നിറഞ്ഞതിനാൽ അവൾ പറഞ്ഞു.

തിരിച്ചുപോരുമ്പോൾ ഞങ്ങൾ നിശ്ശബ്ദരായിരുന്നു. കാടിന്റെ സംഗീതം ഉള്ളിൽ നിറഞ്ഞിരിക്കുമ്പോൾ എങ്ങനെ സംസാരിക്കും?

# ഭൂമിക്ക് ഒരു ചരമഗീതം

ഒ എൻ വി കുറുപ്പ്



വര: ആശ ആർ

ആയിരമുണ്ണിക്ക
നികൾക്കു
തൊട്ടിലും
താരാട്ടുമായ് നീ ഉണർന്നി
രിക്കുന്നതും,
ആയിരം കാവുകളിലൂ
ഞ്ഞാലിടുന്നതും,
ആലിലത്തുമ്പത്തിരുന്നു
തുള്ളുന്നതും,
അഞ്ചിതൾപ്പൂക്കളായ്
കൈയാട്ടി നിൽപതും,
അമ്പലപ്രാവായി നീ
കുറുകുന്നതും,
ആയിരം പുഴകളുടെയോ
ളങ്ങളായെന്റെ
ആത്മഹർഷങ്ങൾക്കു
താളം പിടിപ്പതും
പൂവാകയായ് പൂത്തില
ഞ്ഞിയായ് കൊന്നയായ്
പുത്തനാം വർണക്കുട
കൾ മാറുന്നതും,
കൂമന്റെ മൂളലായ് പേടി
പ്പെടുത്തി നീ
കുയിലിന്റെ കൂകലായ്
പേടി മാറ്റുന്നതും,
അന്തരംഗങ്ങളിൽ കളമെ
ഴുതുവാൻ നൂറു
വർണ്ണങ്ങൾ ചെപ്പി
ലൊരുക്കിവയ്ക്കുന്നതും,
സായന്തനങ്ങളെ സ്വർണ
മാക്കുന്നതും,
സന്ധ്യയെയെടുത്തു നീ
കാട്ടിൽ മറയുന്നതും,
പിന്നെയൊരുഷസ്സിനെ
ത്തോളിലേറ്റുന്നതും;
എന്നെയുമുണർത്തുവാ,
നെന്നെയമൃതൂട്ടുവാൻ,
കദളിവനഹൃദയനീഡത്തി
ലൊരു കിളിമുട്ട
അടവച്ചു കവിതയായ് നീ
വിരിയിപ്പതും,
ജലകണികപോലവേ തര
ളമെൻ വാഴ്വിനൊരു
നളിനദലമായി നീ
താങ്ങായി നിൽപതും,
അറിയുന്നു ഞാ,നെന്നിൽ
നിറയുന്നു നീ,യെന്റെ
അമൃതമീ നിൻ സ്മൃതി
കൾ മാത്രം!

# പ്രഥമശുശ്രൂഷാ പാഠങ്ങൾ

ഡോ. ബി പത്മകുമാർ

ഉച്ചയ്ക്ക് ഇന്റർവെൽ സമയത്ത് സ്കൂൾ വിട്ടപ്പോഴാണ് അതു സംഭവിച്ചത്. മുകളിലത്തെ നിലയിൽനിന്ന് തിരക്കിട്ട് താഴേക്കിറങ്ങി വരികയായിരുന്നു രോഹൻ.



വേറൊരു കുട്ടിയുമായി കൂട്ടിയിടിച്ച് നിലത്തടിച്ചു വീണു. തലപൊട്ടി. രക്തം ധാരധാരയായി ഒഴുകുകയാണ്. യൂണിഫോം രക്തത്തിൽ കുതിർന്നു. ഉടൻതന്നെ അധ്യാപകരും മുതിർന്ന കുട്ടികളും ചേർന്ന് ഓട്ടോ പിടിച്ച് രോഹനെ ആശുപത്രിയിലെത്തിച്ചു.

മുറിവ് തുന്നിക്കെട്ടിയ ഡോക്ടർ അധ്യാപകരെയും കൂടെവന്ന കുട്ടികളെയും കണക്കിനു ശകാരിച്ചു. മണ്ണും അഴുക്കും പറ്റിയ മുറിവ് കഴുകി വൃത്തിയാക്കാതെയിരുന്നതിനായിരുന്നു ശകാരം. കൂടാതെ ബാൻഡേജ് കെട്ടി രക്തസ്രാവം നിർത്താൻ ശ്രമിക്കാതെയിരുന്നതിനും. എന്നിട്ട് മുറിവുണ്ടാകുമ്പോൾ നൽകേണ്ട പ്രഥമശുശ്രൂഷയുടെ ബാലപാഠങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാനും ഡോക്ടർ മറന്നില്ല.

## എന്താണു പ്രഥമശുശ്രൂഷ?

അപകടങ്ങൾ നമ്മുടെ സഹയാത്രികയാണ്. നിനച്ചിരിക്കാതെയായിരിക്കും അപകടങ്ങൾ ഉണ്ടാകുന്നത്. അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ വൈദ്യസഹായം ലഭിക്കുന്നതിനുമുമ്പായി രോഗിയുടെ ജീവൻ രക്ഷിക്കാൻ സ്വീകരിക്കുന്ന നടപടികളാണ് പ്രഥമശുശ്രൂഷ. അപകടങ്ങൾക്കു സാക്ഷിയാകുന്ന ആർക്കും അല്പം അറിവും ആത്മാർത്ഥതയുമുണ്ടെങ്കിലും പ്രഥമശുശ്രൂഷകരായി മാറാം.

എസ്മാർക് എന്ന മഹാനാണ് പ്രഥമശുശ്രൂഷയുടെ പിതാവെന്ന് അറിയപ്പെടുന്നത്. ജർമൻ സൈന്യത്തിന്റെ സർജൻ ജനറൽ ആയിരുന്ന ഇദ്ദേഹമാണ് പ്രഥമശുശ്രൂഷയെ സംബന്ധിച്ച ആദ്യ ആധികാരികഗ്രന്ഥങ്ങളുടെ കർത്താവ്.

അപകടങ്ങളിൽപ്പെട്ടവരെ യാതൊരു പ്രഥമശുശ്രൂഷയും നൽകാതെ ആശുപത്രിയിലെത്തിക്കുന്നത് പലപ്പോഴും പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു. ഉദാഹരണത്തിന് പാമ്പുകടിയേറ്റയാളെ വിഷം വ്യാപിക്കാതിരിക്കാനുള്ള മുൻകരുതലുകളൊന്നും എടുക്കാതെ ദീർഘദൂരം യാത്രചെയ്യിച്ച് ആശുപത്രിയിലെത്തിക്കുമ്പോൾ തന്നെ മരണം തൊട്ടടുത്തെത്തിയിട്ടുണ്ടാകും. അതുപോലെ



വര: ടിആർ രാജേഷ്

തന്നെ മുറിവുകളുണ്ടായ വ്യക്തിക്കും ഒടിവും ചതവും ഉണ്ടാകുമ്പോഴും പൊള്ളലേൽക്കുമ്പോഴുമൊക്കെ സ്വീകരിക്കുന്ന പ്രഥമശുശ്രൂഷാനടപടികൾ ജീവൻ തന്നെ രക്ഷിച്ചെന്നുവരാം.

## മുറിവുണ്ടായാൽ

സ്കൂളിൽ ഓടിക്കളിക്കുമ്പോഴും പെൻസിലിന്റെ മുന ചെത്തുമ്പോളും അടുക്കളയിൽ പാചകപരീക്ഷണങ്ങൾ നടത്തുമ്പോഴുമൊക്കെ മുറിവുകൾ ഉണ്ടായെന്നുവരാം. മുറിവുകൾ ഉണ്ടാകുമ്പോൾ വേണ്ട പ്രഥമശുശ്രൂഷ സ്വീകരിച്ചില്ലെങ്കിൽ മുറിവ് പഴുക്കാനും, ടെറ്റനസ് പോലെയുള്ള ഗുരുതരമായ അണുബാധ ഉണ്ടാകുവാനും സാധ്യതയുണ്ട്. കൂടാതെ മുറിവിൽ നിന്നും രക്തസ്രാവവും അപകടകരമായേക്കാം.

## കഴുകി വൃത്തിയാക്കണം

മുറിവിൽ പറ്റിപ്പിടിച്ചിരിക്കുന്ന അഴുക്കും ചെളിയും മണ്ണുമൊക്കെ കഴുകി വൃത്തിയാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. മുറിവിനു മുകളിലായി വെള്ളം ധാരധാരയായി ഒഴിക്കുന്നത് അഴുക്ക് ഇളകിപ്പോകുവാൻ സഹായിക്കും. മുറിവ് കഴുകാതെ കെട്ടിവയ്ക്കുകയോ പ്ലാസ്റ്റർ ഒട്ടിക്കുകയോ ചെയ്താൽ പ്ലാസ്റ്ററിനടിയിൽ രോഗാണുക്കൾ വളർന്ന് പെരുകാനും രോഗാണുബാധയുണ്ടാകുവാനും സാധ്യതയുണ്ട്.

## രക്തസ്രാവം നിർത്തണം.

നമ്മുടെ ശരീരത്തിൽ 5 മുതൽ 6 ലിറ്റർ വരെ രക്തമാണുള്ളത്. അമിതമായി രക്തനഷ്ടം ഉണ്ടായാൽ അതു ജീവനുപോലും ഭീഷണിയായേക്കാം. സാധാരണഗതിയിൽ ശരീരത്തിലെവിടെയെങ്കിലും മുറിവുണ്ടായാൽ നാലുമുതൽ എട്ട് മിനിട്ടുകൊണ്ട് രക്തം കട്ടപിടിക്കും. രക്തസ്രാവം നിർത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗം മുറിവിനു മുകളിൽ സമ്മർദ്ദമേൽപ്പിക്കുന്നതാണ്. ചെറിയ മുറിവാണെങ്കിൽ കൈവിരൽ കൊണ്ട് മുറിവിൽ നന്നായി അമർത്തിപ്പിടിക്കണം. മൂന്നുനാലു മിനിട്ടുകൊണ്ട് രക്തസ്രാവം നിന്നുകൊള്ളും. ഇടയ്ക്കിടെ കൈ അയച്ച് രക്തസ്രാവം നിന്നോ എന്ന് പരിശോധിച്ചു നോക്കുന്നത് നന്നല്ല. മുറിവ് വൃത്തിയുള്ള തുണി ഉപയോഗിച്ച് അമർത്തിക്കെട്ടുന്നതും രക്തസ്രാവം നിർത്താനുള്ള മറ്റൊരു മാർഗമാണ്.



**ശരീരത്തിലെവിടെയെങ്കിലും മുറിവുണ്ടായാൽ നാലു മുതൽ എട്ട് മിനിട്ടുകൊണ്ട് രക്തം കട്ടപിടിക്കും. രക്തസ്രാവം നിർത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗം മുറിവിനു മുകളിൽ സമ്മർദ്ദമേൽപ്പിക്കുന്നതാണ്. ചെറിയ മുറിവാണെങ്കിൽ കൈവിരൽ കൊണ്ട് മുറിവിൽ നന്നായി അമർത്തിപ്പിടിക്കണം. മൂന്നുനാലു മിനിട്ടു കൊണ്ട് രക്തസ്രാവം നിന്നുകൊള്ളും.**

## മുറിവ് ഡ്രസ്സ് ചെയ്യണം

മുറിവ് നന്നായി കഴുകി വൃത്തിയാക്കി രക്തസ്രാവം നിയന്ത്രിച്ചതിനുശേഷം പുറമെനിന്ന് രോഗാണുക്കൾ കടക്കാതെയിരിക്കാനായി മുറിവ് ഡ്രസ്സ് ചെയ്യാവുന്നതാണ്. രോഗാണുബാധ ഉണ്ടാകാതെയിരിക്കാനായി അയഡിൻ, ആന്റിസെപ്റ്റിക് ഓയിൽമെന്റുകൾ എന്നിവ പുരട്ടാവുന്നതതാണ്.

ശരീരത്തിലുണ്ടാകുന്ന ഒരു മുറിവും നിസ്സാരമായി കാണരുത്. പ്രത്യേകിച്ചും തലയിലെ മുറിവുകൾ, ആഴത്തിലുള്ള മുറിവുകൾ, നട്ടെല്ലിന്റെ ഭാഗത്തുള്ള മുറിവുകൾ എന്നിവ. മുറിവുകൾ മാരകമാകാതെയിരിക്കാൻ പ്രഥമശുശ്രൂഷയ്ക്കുശേഷം ഉടൻ വൈദ്യസഹായം തേടുകയും വേണം.

# അപ്പൂപ്പൻതാടി

**ഡി രാജേന്ദ്രൻ**



വര: സജി വി

ഞാനും എന്റെ കൂട്ടുകാരും പണ്ടു വീടിനടുത്തുള്ള സർപ്പക്കാവിൽ ഒളിച്ചുകളിക്കുമ്പോൾ പാരച്യൂട്ടുപോലെ ആകാശത്തു പറക്കുന്ന അപ്പൂപ്പൻതാടിയെ വളരെ കൗതുകത്തോടെ നോക്കിനിൽക്കുമായിരുന്നു. അപ്പൂപ്പൻതാടിപോലെ ആകാശത്ത് അങ്ങനെ പൊങ്ങിയും താഴ്ന്നും യഥേഷ്ടം പറന്നുനടക്കാൻ കഴിഞ്ഞിരുന്നെങ്കിലെന്ന് അന്നൊക്കെ കൊതിച്ചുപോയിട്ടുണ്ട്. ഞങ്ങൾ കുട്ടികളെ ഇത്തരത്തിൽ കൊതിപ്പിക്കുക എന്നല്ലാതെ ഈ അപ്പൂപ്പൻതാടിക്കു മറ്റ് ഉദ്ദേശ്യങ്ങളെന്തെങ്കിലും ഉള്ളതായി അന്ന് അറിവുണ്ടായിരുന്നില്ല. എന്നാൽ, പിൽക്കാലത്ത് അപ്പൂപ്പൻതാടിയുടെ യഥാർത്ഥലക്ഷ്യം മനസ്സിലാക്കിയപ്പോൾ 'പ്രകൃതിയുടെ ഒരു വിരുതേ!' എന്നു ശരിക്കും അതിശയിച്ചുപോയി.

ഞങ്ങളുടെ നാട്ടിൽ സർപ്പക്കാവും കുളവും കുര്യാലകളുമൊക്കെ നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. കുളക്കോഴിയും കൊക്കുമൊക്കെ ഈ കുളക്കരയിൽ ഒറ്റക്കാലിൽ തപസ്സുചെയ്തിരുന്നകാലം. മാനത്ത് മഴക്കാറുകാണുമ്പോൾ കുളത്തിലെ തവളകൾ മത്സരിച്ചു തൊള്ളതുറന്നിരുന്ന ഒരുകാലം. അന്നൊക്കെ ഈ കാവുകളിൽ വളരെ ഉയരത്തിൽ പടർന്നു കയറുന്ന ഒരു വള്ളിച്ചെടിയുണ്ടായിരുന്നു. മദ്ധ്യവേനലവധിക്കു സ്കൂളുപൂട്ടി എന്നറിയുമ്പോൾ കായ്ക്കുന്ന ഒരു ചെടി. ഇതിന്റെ കായ് വിളഞ്ഞു പൊട്ടുമ്പോൾ പുറത്തുവരുന്ന വിത്തുകളിൽ നരച്ച താടിമീശപോലെ വെളുത്തനീണ്ട നാരുകൾ ധാരാളമുണ്ടാകും. ഈ ചെടിക്കും അതിന്റെ വിത്തുകളെ വഹിക്കുന്ന താടിമീശകൾക്കും അപ്പൂപ്പൻതാടി എന്ന പേരു വന്നത് ഇങ്ങനെയാണ്. ഈ വിത്തുകളെ വഹിച്ചുകൊണ്ടുള്ള അപ്പൂപ്പൻതാടിയുടെ പ്രയാണമായിരുന്നു അന്നു ഞങ്ങളെ കൊതിപ്പിച്ചത്.

ഞങ്ങളുടെ കുടുംബങ്ങളിൽ അംഗസംഖ്യ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഈ കുഞ്ഞുങ്ങൾ വളർന്നു

വലുതായി വിവാഹിതരായപ്പോൾ ഇത്തരം നിരവധി കുടുംബങ്ങളെ ഉൾക്കൊള്ളാനുള്ള സൗകര്യം ഞങ്ങളുടെ തറവാടുകളിൽ ഉണ്ടായിരുന്നില്ല. താൻ മരിക്കുമ്പോൾ തന്റെ മക്കൾ തനിക്കുചുറ്റുമുണ്ടാകണം എന്ന വാശി ഉപേക്ഷിക്കാൻ കാരണവന്മാർ അന്നു തയ്യാറായിരുന്നുമില്ല. അങ്ങനെ ഒടുവിൽ ചിതലരിച്ചു വീഴാറായ പഴയതറവാടിനുചുറ്റും പുരയിടം നിറയെ പുതിയ പുതിയ കെട്ടിടങ്ങൾ ഉയർന്നു വന്നു. ഇതിനു കൂടുതൽ കൂടുതൽ ഭൂമിയും ഒപ്പം പണവും ആവശ്യമായി. ഉപയോഗമില്ലെങ്കിൽപോലും കുര്യാലയോടുചേർന്നുള്ള കുളം നികത്തുകയോ കാവ് നശിപ്പിക്കുകയോ ചെയ്താലുണ്ടാകുന്ന സർപ്പകോപം ഭയന്ന് ഈ കാവും കുളവും നിലകൊള്ളുന്ന ഭൂമി കിട്ടിയവിലയ്ക്ക് അന്യമതക്കാർക്കു വിൽക്കുകയായിരുന്നു ഞങ്ങളുടെ അപ്പൂപ്പന്മാർ പിന്നീട് ചെയ്തത്.

അങ്ങനെയിരിക്കെ ഒരുദിവസം സന്ധ്യാസമയത്തു വിളക്കുതെളിക്കാൻ ചെന്ന മുത്തശ്ശി, ഞങ്ങളുടെ പിതൃക്കളെ കുടിയിരുത്തിയിരുന്ന കുര്യാല, കുളത്തിലെ ചെളിയിൽ താഴ്ന്നുചരിഞ്ഞുകിടക്കുന്നതു കണ്ട് ഞെട്ടിപ്പോയി. വിളക്കുതെളിക്കുന്ന മൺചട്ടി ആമ്പൽ വള്ളികളിൽ കുരുങ്ങി കുളക്കടവിൽ വെള്ളത്തിൽ താഴാതെ കിടക്കുന്നുണ്ടായിരുന്നു. മുത്തശ്ശിയുടെ കണ്ണുകൾ നനഞ്ഞു. കുറേനേരം കുളത്തിൽ നോക്കിനിന്നശേഷം പിറുപിറുത്തുകൊണ്ട് മടങ്ങിപ്പോന്ന മുത്തശ്ശി പിന്നെ മരണംവരെ ആ ഭാഗത്തേക്കു നോക്കുകപോലും ചെയ്തിട്ടില്ല. കാവുകൾ വെട്ടിത്തെളിച്ചതോടെ ഞങ്ങളുടെ നാട്ടിൽനിന്നും അപ്പൂപ്പൻതാടിയും അപ്രത്യക്ഷമായി. എങ്കിലും അപ്പൂപ്പൻതാടിയെ ഞങ്ങൾക്കു മറക്കാനായില്ല. അപ്പൂപ്പൻതാടി ഇപ്രകാരം യഥേഷ്ടം പറന്നുപോകുന്നതിന്റെ കാരണത്തെക്കുറിച്ച് പലരോടും അന്വേഷിച്ചു. ഇവരിൽ ഒരാളുടെ മറുപടി ഇതായിരുന്നു. 'ഈ കായ്കളെല്ലാം പൊട്ടി വിത്തുമുഴുവനും ഈ കാവിൽത്തന്നെ ചിതറിവീണിരുന്നു എന്നുവിചാരിക്കുക. എങ്കിൽ ഇവയിൽ ഒരെണ്ണത്തിനെങ്കിലും സ്വതന്ത്രമായി വളരാനാകുമായിരുന്നോ? പരസ്പരം കെട്ടുപിണഞ്ഞും മത്സരിച്ചും ഒന്നുപോലും വളരാതെ എല്ലാം ശോഷിച്ചുണങ്ങി ഒടുവിൽ അപ്പൂപ്പൻതാടിക്കു വംശനാശം സംഭവിക്കുമായിരുന്നില്ലേ? ഇത് ഒഴിവാക്കാനാണ് ഈ ചെടി അതിന്റെ വിത്ത് താടിമീശപോലെയുള്ള നാരുകളിൽ കൊരുത്ത് പാരച്യൂട്ട് കണക്കെ അകലെ കാണാമറയത്ത് എവിടെയെങ്കിലും പോയി സ്വതന്ത്രമായി വളരുക എന്ന ഉപദേശം നൽകി ഉയരത്തിൽ പറത്തിവിട്ടത്.'

ഒടുവിൽ, അപ്പൂപ്പൻതാടിയെന്ന ഈ ചെടി അതിന്റെ സന്താനങ്ങൾക്കു നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് സ്വയം ആലോചിച്ചപ്പോൾ തോന്നിയതിതാണ്. ഒന്ന്, എന്നേക്കാൾ വലിയവളായി നീയും നിന്റെ സന്തതിപരമ്പരയും ഈ ഭൂമിയിൽ വളർന്നു പന്തലിക്കണം. രണ്ട്, ഞാനോ ഇക്കാണുന്ന മറ്റു ചരാചരങ്ങളോ ഒന്നും ഒരിക്കലും നിന്റെ അഭിവൃദ്ധിക്കു തടസ്സമാകാൻ പാടില്ല. മൂന്ന്, നീയും നിന്റെ സഹോദരങ്ങളും തമ്മിൽ നിലനിൽപ്പിനുവേണ്ടി പോരടിക്കാൻ ഒരിക്കലും ഇടവരികയുമരുത്. ഇങ്ങനെ മൂന്ന് മഹത്തായ സന്ദേശങ്ങൾ പേറുന്ന അപ്പൂപ്പൻതാടികളെയാണല്ലോ പിടിതരാതെ പറന്നുപോകുന്ന വിരുതരെന്നു ചെറുപ്പത്തിൽ അറിവില്ലാത്ത ഞങ്ങൾ

**കാവുകൾ വെട്ടിത്തെളിച്ചതോടെ ഞങ്ങളുടെ നാട്ടിൽനിന്നും അപ്പൂപ്പൻതാടിയും അപ്രത്യക്ഷമായി. എങ്കിലും അപ്പൂപ്പൻതാടിയെ ഞങ്ങൾക്കു മറക്കാനായില്ല.**

ആക്ഷേപിച്ചത്! കുറ്റബോധം തോന്നി.

തുടർന്ന് ഇങ്ങനെകൂടി തോന്നി. അതായത്, ഈ അപ്പൂപ്പൻതാടിയുടെ നിറം പച്ചയോ മഞ്ഞയോ ആയിരുന്നെങ്കിലോ, അപ്പോഴും ഇതേരീതിയിൽത്തന്നെ പറന്ന് അതിന് എവിടെയും പോകാമായിരുന്നില്ലേ? അപ്പോഴും വംശവർദ്ധനവിനു തടസമുണ്ടാകുമായിരുന്നില്ലല്ലോ. എങ്കിൽപ്പിന്നെ അപ്പൂപ്പൻതാടിക്കു ഈ വെൺമ പ്രകൃതി എന്തിനു നല്കി? ചോദ്യം സ്വാഭാവികമല്ലേ? സമാധാനത്തിന്റെ പ്രതീകമായി വെള്ളരിപ്രാവുകളെ നമ്മുടെ മുൻപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറത്തിയിരുന്നപോലെ ഭൂമിയിൽ അക്രമം പെരുകുന്നു എന്നു കാണുമ്പോൾ സമാധാനത്തിന്റെ സന്ദേശമായി ഈ അപ്പൂപ്പൻതാടിയെ പ്രകൃതി വിക്ഷേപിക്കുന്നതാണോ?

ഇന്നിപ്പോൾ നമുക്കുചുറ്റും സംഭവിക്കുന്ന പലതും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ 'അല്ലയോ മനുഷ്യാ, നീ അപ്പൂപ്പൻതാടിയെ കണ്ടുപഠിക്കൂ,' എന്നു പറയാനാണ് നാവിൽ വരുന്നത്.




# ഭൂമിയെ മൂടുന്നു, കൊല്ലുന്ന പ്ലാസ്റ്റിക്...



രാധികാദേവി റ്റി ആർ

വസ്ത്രങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ, മത്സ്യമാംസാദികൾ തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങൾ വാങ്ങുമ്പോഴും മറ്റൊരു വിപത്തുകൂടി നമ്മൾ അറിഞ്ഞും അറിയാതെയും വാങ്ങുന്നു. പ്ലാസ്റ്റിക് കവറുകൾ! പ്ലാസ്റ്റിക്, ഇത് മാനവരാശിയുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറിക്കഴിഞ്ഞു. അതുകൊണ്ട് തന്നെ മണ്ണിലും വായുവിലും മാരകമായ വിഷം ചീറ്റുന്ന പ്ലാസ്റ്റിക് ഭീകരരൂപം പൂണ്ട് നമുക്കു മുന്നിൽ നിൽക്കുന്നു. ഈ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ എങ്ങനെയാണ് നാം നിർമാർജനം ചെയ്യുക എന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അതേക്കുറിച്ച് ഒരു നിമിഷം നമുക്കൊന്നു ചിന്തിക്കാം.

പ്ലാസ്റ്റിക്കിനെ നമ്മൾ ഉപയോഗശേഷം ഒന്നുകിൽ കത്തിച്ചുകളയും. അല്ലെങ്കിൽ അലക്ഷ്യമായി റോഡിലും തോടിലും ഓടയിലുമൊക്കെ വലിച്ചെറിയും. ഇങ്ങനെ ചെയ്യുന്നതിന്റെ പരിണതഫലങ്ങളെക്കുറിച്ച് ഒരിക്കലും നാം ചിന്തിക്കാറേയില്ല എന്നതാണു സത്യം. അതിന്റെ ദൂഷ്യവശങ്ങൾ അറിയാവുന്ന അഭ്യസ്തവിദ്യർ എന്ന് അവകാശപ്പെടുന്നവർ പോലും ഇതിനുമുന്നിൽ പുറംതിരിഞ്ഞുനിൽക്കുമ്പോൾ എന്താണ് ഇതിനൊരു പ്രതിവിധി?

പ്രകൃതിയോടു ഇണങ്ങാത്ത മണ്ണിൽ അലിഞ്ഞു ചേർന്ന ഖരമാലിന്യമാണ് പ്ലാസ്റ്റിക്. അതായത് ജൈവവിഘടനം സാധ്യമല്ലാത്ത ഒരു വസ്തുവാണ് പ്ലാസ്റ്റിക്. ജൈവപ്രക്രിയയ്ക്കു വിധേയമാകാതെ എത്രനാൾ വേണമെങ്കിലും മണ്ണിനടിയിൽ കിടക്കുവാൻ പ്ലാസ്റ്റിക്കിനു സാധിക്കും. ഇതുകൊണ്ടാവാം പ്ലാസ്റ്റിക്കിനെ നാം ചിരംജീവി എന്നു വിളിക്കുന്നത്. കാലപ്പഴക്കം മൂലം ഇവ പൊടിഞ്ഞുപോകുമെങ്കിലും മണ്ണിൽ ഒരിക്കലും അലിഞ്ഞു ചേരുന്നില്ല. അങ്ങനെ ഇതു മണ്ണിനെ വിഷമയമാക്കുകയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെ തന്നെ നശിപ്പിക്കുകയും ചെയ്യുന്നു.

നമുക്കറിയാം ഒരു മഴപെയ്താൽ മതി നമ്മുടെ റോഡുകളെല്ലാം ഇന്ന് 'കൊച്ചാറു'കളായി മാറും. ഓടകൾ നിർമ്മിച്ചിട്ടും എന്തുകൊണ്ടാണ് ഇത്തരത്തിൽ റോഡുകളിൽ

വെള്ളം പൊങ്ങുന്നത്? ഓടകളിലും മറ്റും നിക്ഷേപിക്കുന്ന പ്ലാസ്റ്റിക്മാലിന്യങ്ങൾ വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതാണ് ഇതിനു കാരണം.

ടൺക്കണക്കിനു മാലിന്യങ്ങളാണ് മനുഷ്യർ ഇന്ന് കാട്ടിലും കടലിലുമൊക്കെ കൊണ്ടുതള്ളുന്നത്. ഇത് പ്രകൃതിയുടെ ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇങ്ങനെ നാം ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ അറിയാതെ ഭക്ഷിക്കുന്ന മത്സ്യങ്ങളും മറ്റു ജീവികളും ചത്തൊടുങ്ങുകയോ രോഗത്തിനടിമപ്പെടുകയോ ചെയ്യുന്നു. ഇവയെ നാം ഭക്ഷിക്കുമ്പോൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നമുക്കും പിടിപെടുന്നു.

ആധുനികലോകത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് പ്ലാസ്റ്റിക്സംസ്കരണം. പ്ലാസ്റ്റിക്മാലിന്യങ്ങളെ കൂട്ടത്തോടെ കത്തിക്കുന്നു പ്രവണത ഒട്ടും ശരിയല്ല. പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന മാരകവിഷമാണ് ഡയോക്സിൻ. ഇത് മനുഷ്യരിൽ ക്യാൻസറിനും ഹോർമോൺ തകരാറിനും കാരണമാകുന്നു.

പ്ലാസ്റ്റിക് നിർമാർജനം ചെയ്യുന്നതിനും സുരക്ഷിതമാർഗം ഇന്നു നമുക്കു ലഭ്യമല്ല. Reuse, Reduce, Recycle ഇവയാണ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനുള്ള ഒരു മാർഗമായി ചൂണ്ടിക്കാണിക്കാറ്.

പുനഃചംക്രമണം വഴി പ്ലാസ്റ്റിക്കിനെ വീണ്ടും പ്ലാസ്റ്റിക് ഉത്പന്നങ്ങളാക്കി മാറ്റുന്നത് ഒരു പരിധിവരെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നു. എങ്കിലും കനം കുറഞ്ഞ പ്ലാസ്റ്റിക്കുകൾ പുനഃചംക്രമണം വഴി ഉപയോഗിക്കുവാൻ കഴിയുകയില്ല എന്നത് ഒരു പരിമിതിയാണ്. ഇന്ന് പല രാജ്യങ്ങളിലും റോഡ് ടാർ






ചെയ്യുന്നതിന് പ്ലാസ്റ്റിക് വസ്തുക്കൾ സംസ്കരിച്ചെടുക്കാറുണ്ട്.

സാധനങ്ങൾ അലക്ഷ്യമായി മണ്ണിലേക്കു വലിച്ചെറിയാതിരിക്കുക, ഒരിക്കൽ ഉപയോഗിച്ച പ്ലാസ്റ്റിക് കവറുകൾ തന്നെ വീണ്ടും ഉപയോഗിക്കാൻ ശ്രമിക്കുക, അല്ലെങ്കിൽ അതിനു പകരം തുണിയോ പേപ്പറോ ഉപയോഗിച്ചുള്ള സഞ്ചികൾ ഉപയോഗിക്കുക ഇവയൊക്കെ നമുക്കു ചെയ്യാം. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ചുകൊണ്ടു പോകാനുള്ള പ്രവർത്തനങ്ങൾക്കു സർക്കാർ തലത്തിൽ നിന്നുതന്നെ തുടക്കം കുറിക്കാവുന്നതേയുള്ളൂ.

ഇത്തരത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാൻ നമുക്കു കഴിയാവുന്നതൊക്കെ ചെയ്യാം, ഇത് അസംഭവ്യം എന്നു തോന്നുമെങ്കിലും. പക്ഷേ ദൃഢനിശ്ചയത്തോടെ ഒത്തൊരുമയോടെ നാം ഇതിനു തയ്യാറായാൽ പ്ലാസ്റ്റിക് നിർമ്മാണം തന്നെ കുറയുമെന്ന കാര്യത്തിൽ സംശയമില്ല. ഇതുകൂടാതെ പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചു ജനങ്ങളിൽ അവബോധമുണ്ടാക്കുവാൻ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതുമാണ്.

ഓർക്കുക, നമ്മുടെ നാടിനെ മാലിന്യമുക്തമാക്കുക എന്നത് നമ്മുടെ തന്നെ കടമയാണ്. അതിനു മറ്റാരെയും കുറ്റപ്പെടുത്തേണ്ടതില്ല. പ്ലാസ്റ്റിക്കിനു പകരം വയ്ക്കാൻ കഴിയുന്ന പ്രകൃതിദത്തമായ ധാരാളം വസ്തുക്കൾ നമുക്കു ചുറ്റുമുണ്ട്. നമുക്കവ പ്രയോജനപ്പെടുത്താം. അങ്ങനെ പ്ലാസ്റ്റിക് വിമുക്തനാടിനായി നമുക്കൊരുമിച്ചു പ്രയത്നിക്കാം.



# അണ്ണാൻ കുഞ്ഞും തന്നാലായത്...



വീണ എം

ഏതാനും ദിവസങ്ങൾക്കു മുമ്പ് കുറച്ചു കുട്ടികളേയും കൂട്ടി കുളത്തുപ്പുഴ റെയിഞ്ചിലെ കാട്ടിലേക്കു പോകാനിടയായി, തിരുവനന്തപുരത്തിനടുത്ത് അരിപ്പയിൽ. വനംവകുപ്പിന്റെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ഒരുപാടു പണമുള്ള രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാനിഷ്ടപ്പെടുന്ന ട്രിവാൻഡ്രം ഇന്റർനാഷണൽ സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥികളായിരുന്നു ഒപ്പമുണ്ടായിരുന്നത്. ഏതുതരം കുട്ടികളായിരിക്കും ഇവർ എന്നു ഭയന്നാണ് അവർക്കു പഠിക്കാനുള്ള മഴക്കാടുകൾ പരിചയപ്പെടുത്താമെന്നു സമ്മതിച്ചത്. ബസ്സിൽ അവർക്കൊപ്പം ഡൂഡും ഷിറ്റും കേട്ട് യാത്ര തുടങ്ങിയപ്പോൾ, എന്റെ ഹൃദയവും മനസ്സും ഏതോ പാതാളത്തിലേക്ക് ഇറങ്ങിപ്പോകുന്നതു കണ്ട് ഞാൻ പകച്ചു നിന്നു. എന്തു പ്രതീക്ഷയിലാണ് ഞാൻ ഇത്തരം സംരംഭങ്ങൾക്കു പുറപ്പെടുന്നതെന്നാലോചിച്ചിട്ട് ഒരെത്തുംപിടിയും കിട്ടാത്ത മട്ട്. വഴിമധ്യേ ഇറങ്ങി പോകാനാവില്ലല്ലോ! അതിനെക്കാൾ ഭേദം അവരോടു സംസാരിക്കേണ്ട കാര്യങ്ങളിൽ ഒരു തീരുമാനം ഉണ്ടാവുക എന്നതാണെന്നും ഞാൻ മനസ്സിൽ ഉറപ്പിച്ചു.

രണ്ടു മണിക്കൂറോളം നീണ്ട യാത്രയുടെ ഒടുവിൽ ഞങ്ങൾ സ്ഥലത്തെത്തി. ബസ് ഇറങ്ങി ഒന്ന് ഉഷാറായ ശേഷം കുട്ടികളുമായി ഒരു 10– 15 മിനിറ്റോളം ഇരുന്നു. കാടിന് ഈ കാലഘട്ടത്തിൽ വന്നിരിക്കുന്ന ശോഷണവും, റബർതോട്ടങ്ങൾപോലും കാടിനെക്കാൾ പച്ചപ്പുമായി നിൽക്കുന്നതിനാൽ തോന്നുന്ന കൃത്രിമ ഭംഗിയും, അവിടെ കണ്ടേക്കാൻ സാധ്യതയുള്ള ജീവികളെ കുറിച്ചും ഒക്കെ ഞാൻ അവരോടു സംസാരിച്ചു.

ഒക്കെ കഴിഞ്ഞപ്പോൾ അവരുടെ ടീച്ചർ പറഞ്ഞു, 'അഞ്ചു മിനിറ്റു തരാം, നിങ്ങളീ യാത്രയിൽ നിന്നും എന്താ പ്രതീക്ഷിക്കുന്നതെന്ന് ഒന്ന് എഴുതുക.' ഒരു

**ഈ പര്യടനത്തിനിടയിൽ അവർക്ക് അധികമൊന്നും കാണാനായി എന്നു ഞാൻ കരുതുന്നില്ല.**
**ഉണങ്ങി വരണ്ടു കിടക്കുന്ന, അധികവും ഇല പൊഴിക്കും കാടുകളായി മാറിയ ആ മഴക്കാടിലൂടെ, അവർ പഠിക്കുന്ന മഴക്കാടുകളുടെ നിഴലുകൾ അന്വേഷിച്ചു ഞങ്ങൾ നടന്നു.**

നിമിഷം പോലും എടുത്തില്ല, കൂട്ടത്തിൽ ഒരു പയ്യൻ പറഞ്ഞു. 'മിസ്, ഞാനെന്റെ റിഫ്ളക്ഷൻസ് എഴുതി കഴിഞ്ഞു.' 'റസൽ നിനക്കു ഭയങ്കര സ്പീഡാണല്ലോ.' ടീച്ചർ പറഞ്ഞു. കുട്ടി പറഞ്ഞ രീതിയും, ഉപയോഗിച്ച വാക്കും കാരണം അവന്റെ പേരും രൂപവും എന്റെ മനസ്സിൽ പതിഞ്ഞു. ശബരിമലക്കാടുകൾ അച്ഛനുമായി പോയി കണ്ടതിനാൽ കാടു കണ്ട ഏക കുട്ടിയും അവനായിരുന്നു.

പിന്നെ കാട്ടിലേക്കുള്ള നടത്തമായിരുന്നു. ഒരുപാടൊരുപാടു സംശയങ്ങളും പലവിധ അഭിപ്രായങ്ങളുമായി മറ്റുള്ളവർക്കൊപ്പം അവനുമുണ്ടായിരുന്നു. പെൺകുട്ടികൾ അധികം പേരും പരിസ്ഥിതി വിഷയങ്ങളിലും ജീവന്റെ ലോകത്തിലും തൽപ്പരരാണ് എന്നെനിക്കു തോന്നി. ചുറ്റും കാണുന്ന കാര്യങ്ങൾ അടിച്ചേൽപ്പിക്കുന്ന രീതിയിൽ ഉള്ള ഒരു പഠനമാകാതിരിക്കാൻ ഞാൻ വളരെ ശ്രദ്ധിച്ചിരുന്നു. അറിയാനുള്ള ആകാംക്ഷ ആ കുഞ്ഞുമുഖങ്ങളിൽ ഞാൻ കണ്ടു. പെൺകുട്ടികൾ അധികം പേരും പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ എഴുതിയെടുക്കുകയും സംശയങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

ചിലരൊക്കെ സംസാരിക്കുമ്പോൾ അവരുടെ വാക്കുകളിൽ മുതിർന്നവരുടെ വാക്കുകളിൽ കാണുന്ന ഒരു നിശ്ചയദാർഢ്യം കാണാം. പോളണ്ടുകാരിയായ ഒരു ഏനയുണ്ടായിരുന്നുകൂട്ടത്തിൽ. അവളും അവളുടെ ഒന്നു രണ്ടു കൂട്ടുകാരികളും സ്വപ്നം കാണുന്നത് മൃഗങ്ങൾക്കുള്ള ഒരു റെസ്ക്യൂ സെന്ററാണ്. ഒരുപാട് ഇനം മൃഗങ്ങളൊന്നും ഉണ്ടാകില്ലെന്നും അതൊരു മൃഗശാല ആയിരിക്കില്ല എന്നും ഏന പറയുന്നു. ചിലപ്പോൾ റസ്സൽ കൂടിയുണ്ടാവുമെന്നും പക്ഷേ ഇക്കാര്യത്തിൽ അവൻ ഒരു ഉറച്ച തീരുമാനം ഇതുവരെ അറിയിച്ചിട്ടില്ലെന്നും അവൾ പറഞ്ഞു. ഏന, ആരതി തുടങ്ങി കുറേ പെൺകുട്ടികളുടെ കണ്ണുകൾ കാട് അരിച്ചുപെറുക്കി പഠിക്കുകയായിരുന്നു. അതെന്താ, ഇതെന്താ തുടങ്ങി ചോദ്യങ്ങളുടെ മേളമായിരുന്നു.

ആൺക്കുട്ടികൾ ആദ്യമായി ഇത്തരം തുറസ്സായ ഇടത്തിലേക്ക് എത്തിപ്പെട്ടതുകൊണ്ടാകണം പൊതുവേ ഒരു സാഹസികപര്യടനത്തിലായിരുന്നു. വീണു കിടക്കുന്ന മരങ്ങളുടെ മുകളിൽ വലിഞ്ഞു കയറലും, അതിനാൽ തന്നെ ഉരുണ്ടുവീഴലും മുള്ളുകുത്തലും ഒക്കെയായി അവരും ഞങ്ങൾക്കൊപ്പം ഉണ്ടായി. ഈ പര്യടനത്തിനിടയിൽ അവർക്ക് അധികമൊന്നും കാണാനായി എന്നു ഞാൻ കരുതുന്നില്ല.

ഉണങ്ങി വരണ്ടു കിടക്കുന്ന, അധികവും ഇല പൊഴിക്കും കാടുകളായി മാറിയ ആ മഴക്കാടിലൂടെ, അവർ പഠിക്കുന്ന മഴക്കാടുകളുടെ നിഴലുകൾ അന്വേഷിച്ചു ഞങ്ങൾ നടന്നു. അവിടവിടെ എങ്ങനെയോ ബാക്കിയായ പഴയ കാടുകളുടെ മിച്ചമായ വൻമരങ്ങൾ ബാക്കി നിൽക്കുന്നു. അവയുടെ സൗന്ദര്യവും കാട്ടിൽ പോലും താങ്ങേണ്ടി വരുന്ന ചൂടിന്റെ കാഠിന്യവും ഒക്കെ ഉൾക്കൊള്ളാൻ ശ്രമിച്ച് ഞങ്ങൾ നടന്നു.

വരണ്ടുണങ്ങി കഴിഞ്ഞിരുന്നുവെങ്കിലും കാട്ടിൽ ഒരുപാടു ചിത്രശലഭങ്ങളും പക്ഷികളും മറ്റു ഷഡ്പദങ്ങളും ജൈവസമ്പന്നതയുടെ ബാക്കി പത്രങ്ങളായി ഉണ്ടായിരുന്നു.






**ഒരു നീണ്ട കമ്പുമായി റസ്സൽ ചുറ്റും കിടക്കുന്ന പേപ്പറും പ്ലാസ്റ്റിക്കും കുത്തിയെടുക്കുകയാണ്. കുട്ടിയല്ലേ, തുറസ്സായ സ്ഥലത്തെത്തിയപ്പോൾ പുതിയ കളി കണ്ടെത്തിയതാണെന്നേ ആദ്യം കരുതിയുള്ളൂ. പിന്നെ നോക്കുമ്പോൾ കാണുന്നത് അതെല്ലാം അവൻ ഒരു സ്ഥലത്ത് കൊണ്ടു വന്ന് കൂട്ടിയിടുകയാണ്.**

നല്ലൊരു ശതമാനം പെൺകുട്ടികളും വളരെ കുറച്ചു ആൺകുട്ടികളും ഇതിനൊക്കെ ആസ്വാദകരായി. സ്കൂൾ വിടേണ്ട സമയത്തു തന്നെ തിരിച്ചെത്തേണ്ടതിനാൽ, ഏതാണ്ട് ഒരു മണിക്കൂർ നീണ്ട നടത്തയ്ക്കൊടുവിൽ ഞങ്ങൾ തുടങ്ങിയ ഇടത്തു തന്നെ തിരിച്ചെത്തി.

ഏനയും കൂട്ടുകാരും ഒരുപാടൊരുപാട് സംശയങ്ങളുമായി എന്നെ പിടികൂടിയിരുന്നതിനാൽ ഞങ്ങളൊക്കെ കുറച്ചു പിന്നാലെയാണ് അങ്ങോട്ടേക്കെത്തിയത്. ഞങ്ങളെത്തുമ്പോൾ കാണുന്നത് റസ്സൽ ഒറ്റയ്ക്കു കഴിക്കുകയാണ്. വരുന്ന കുട്ടികളോടൊക്കെ 'കഴിക്കുന്നതിനു മുമ്പ് 5 മിനിറ്റ് സ്വസ്ഥമായിട്ടിരുന്ന്, സ്വന്തം ശരീരം ഒന്നു തണുപ്പിക്കൂ' എന്നു ടീച്ചർ പറഞ്ഞു കൊണ്ടിരിക്കുകയാണ്. അതു കേട്ടതിന്റെ അസ്വസ്ഥതയിൽ പലരും എന്തൊക്കെയോ പറയുന്നുമുണ്ട്. എന്റെ മനസ്സിൽ ഉയർന്നു വന്ന ചോദ്യം ഏതോ കുട്ടി ഉറക്കെ ചോദിച്ചു. 'അപ്പോ റസ്സൽ കഴിക്കുന്നതോ.' 'അവൻ വളരെ നേരത്തെ വന്നു. പത്തു മിനിറ്റിരുന്ന് ക്ഷീണം മാറ്റി, എന്നിട്ടാ കഴിക്കുന്നത്,' ടീച്ചർ പറഞ്ഞു.

ഞങ്ങൾ കഴിക്കാനിരിക്കുമ്പോൾ റസ്സൽ പുറത്തേക്കു നടന്നു. കുറച്ചു കഴിഞ്ഞ് വെള്ളമെടുക്കാൻ പുറത്തേക്കു നടന്നപ്പോൾ കണ്ട കാഴ്ചയാണ്, എന്നെ ഈ കുറിപ്പെഴുതാൻ പ്രേരിപ്പിച്ചത്. ഒരു നീണ്ട കമ്പുമായി റസ്സൽ ചുറ്റും കിടക്കുന്ന പേപ്പറും പ്ലാസ്റ്റിക്കും കുത്തിയെടുക്കുന്നു. കുട്ടിയല്ലേ, തുറസ്സായ സ്ഥലത്തെത്തിയപ്പോൾ പുതിയ കളി കണ്ടെത്തിയതാണെന്നേ ആദ്യം കരുതിയുള്ളൂ. പിന്നെ നോക്കുമ്പോൾ കാണുന്നത് അതെല്ലാം അവൻ ഒരു സ്ഥലത്ത് കൊണ്ടു വന്ന് കൂട്ടിയിടുകയാണ്. 'ആരാ നിന്നോടിതു ചെയ്യാൻ പറഞ്ഞത്.' ആരും പറഞ്ഞില്ല. ഇതെല്ലാം ഇങ്ങനെ കിടക്കുന്നത് വൃത്തികേടാ, അതുകൊണ്ടാ....' സംസാരിക്കാൻ വലിയ താൽപര്യമൊന്നുമില്ലാത്ത മട്ടിൽ അവൻ പറഞ്ഞവസാനിപ്പിച്ചു.

ഞാൻ വീണ്ടും ബാക്കിയുള്ളവർക്കൊപ്പം കൂടുമ്പോൾ, അവരുടെ ടീച്ചർ വിളിച്ചു പറയുന്നതു കേട്ടു. 'റസ്സൽ നീയെന്തു ചെയ്യുന്നു. അകത്തേക്കു കയറി വരൂ... ഓരോന്നു ചെയ്തു നടന്നു പ്രശ്നമുണ്ടാക്കാതെ.' 3-4 നിമിഷം അവൻ ഞങ്ങൾക്കൊപ്പം ഇരുന്നിട്ടുണ്ടാവും. പിന്നേയും അവൻ അപ്രത്യക്ഷനായി. നോക്കുമ്പോൾ ഞങ്ങളിരിക്കുന്നതിനു ചുറ്റുമുള്ള പ്രദേശങ്ങൾ വൃത്തിയാക്കുകയാണവൻ. മൂന്നു നാലു കുട്ടികൾ ആകാംക്ഷാപൂർവ്വം ചുറ്റിലുമുണ്ട്. പിന്നീട് കുറച്ചു നേരത്തോളം ആരൊക്കെയോ അവനൊപ്പം കൂടി. പിന്നെ അവരും പോയി. എല്ലാവരും ഭക്ഷണം കഴിച്ച് യാത്രാവിശകലനത്തിനിരിക്കുന്നതു വരെ അവൻ ആ പണി തുടർന്നു.

വിശകലനം ഞാൻ പ്രതീക്ഷിച്ച പോലെ തന്നെ നടന്നു. കാര്യങ്ങൾ നോക്കി നടന്നവർക്ക് ഒരുപാടു കാര്യങ്ങൾ ഓർമ്മിക്കാനുണ്ടായി. മറ്റുള്ളവർ കല്ലും മുള്ളും ഓർമ്മിച്ചു. കുറേ കുട്ടികൾ നമ്മൾ ഭൂമിയോടു ചെയ്യുന്ന

അനീതികളിൽ ആശങ്കയുള്ളവരായിരുന്നു. റസൽ സംസാരിക്കാൻ ഒട്ടും ബുദ്ധിമുട്ടില്ലാത്ത കുട്ടി ആയതിനാൽ അവൻ വളരെ ഭംഗിയായി ശാസ്താംകോട്ടയിലെ അവരുടെ കുടുംബവീടും അവിടുത്തെ കൃഷിയും, കന്നുകാലികളും... അവയൊക്കെ എത്ര നല്ലതാണെന്നും ആസ്വാദ്യകരമാണെന്നും പങ്കുവച്ചു. കുറച്ചു ദൂരെയിരിക്കുന്ന അവരുടെ വീട്ടിൽ നിന്നും മുമ്പൊക്കെ അവനെ അച്ഛനോ മറ്റോ വണ്ടിയിൽ കൊണ്ടാക്കേണ്ടി വന്നിരുന്നതും ഇപ്പോൾ ആ വഴിയൊക്കെ താൻ തനിയേ നടന്നു പോകുന്നതാണ് പതിവെന്നും അതെത്ര ആരോഗ്യപരമാണെന്നും പറഞ്ഞു.

ഒരു കാര്യം അവനുറപ്പിച്ചു പറഞ്ഞത്, ഈ ചുറ്റുപാടുകൾ വളരെ വൃത്തികേടായി കിടക്കുകയാണെന്നും അതിനാൽ തന്നെ താൻ എത്രയും പെട്ടെന്ന് ഇവിടെ തിരിച്ചെത്തി ഇവിടെ വൃത്തിയാക്കുന്നതായിരിക്കും എന്നും പറഞ്ഞ് അവന്റെ വിശകലനം അവൻ താൽകാലികമായി നിർത്തി. അത്ര വ്യക്തതയുള്ള ഒരു വിശകലനം അതുവരെ അവിടെ നടക്കാതിരുന്നതു കൊണ്ട് എല്ലാവരും കുറച്ചു സമയത്തേക്കു നിശ്ശബ്ദരായി. അവരുടെ ടീച്ചറാകട്ടെ സമയോചിതമായി ഇടപെട്ട് ഇങ്ങനെയാണ് കാര്യങ്ങൾ കാണേണ്ടതെന്നും, ഒരു സ്ഥലത്തു പോകുമ്പോൾ, ആ പ്രദേശം കൂടുതൽ തനതാക്കി വേണം തിരിച്ചുപോകാൻ എന്നും പറഞ്ഞു.

കുറച്ചു വിശകലനങ്ങൾ കൂടി നടന്നു.

പെട്ടെന്ന് റസ്സൽ തന്റെ കുഞ്ഞു കൈകൾ ഉയർത്തി, എല്ലാവരും അവന്റെ നേരെ നോക്കി. എന്റെ നേർക്കു കൈകൾ ചൂണ്ടി അവൻ പറഞ്ഞു, 'ആന്റി നമ്മൾ നടന്നു വരുമ്പോൾ അവിടെ കണ്ട ബോർഡില്ലേ,

പത്തു കിണറുകൾക്കു
സമം ഒരു കുളം
പത്തു കുളങ്ങൾക്കു
തുല്യം ഒരു പുഴ
പത്തു പുഴകൾക്കു
തുല്യം ഒരു പുത്രൻ
പത്തു പുത്രന്മാർക്കു
തുല്യം ഒരു മരം

എന്നു പറഞ്ഞില്ലേ, അതിന്റെ മറ്റൊരർത്ഥം, ഒരു മരം നമ്മൾ മുറിക്കുമ്പോൾ പത്തു നല്ല പുത്രിമാരെ അല്ലെങ്കിൽ പുത്രന്മാരെ കൊല്ലുന്നു എന്നു കൂടിയല്ലേ,' അവൻ പറഞ്ഞു നിർത്തി....

''തീർച്ചയായും അതേ റസ്സൽ, നമ്മൾ ഓരോ മരം മുറിക്കുമ്പോഴും അതു തന്നെയാണ് ചെയ്യുന്നത്..'' ഞാൻ പറഞ്ഞു.

റസ്സലിന്റെ കഥ ഞാൻ നിങ്ങളോടു പങ്കു വച്ചത് ആ ഒരു കുട്ടിയെ പൊക്കി പറയാനല്ല. ജീവിതപന്ഥാവിൽ ഞാൻ ഒരുപക്ഷേ ആ കുട്ടിയെ ഒരിക്കലും കണ്ടുമുട്ടിയില്ലെന്നും വരാം. അവൻ എന്റെ മുമ്പിൽ നിൽക്കുന്നത് മാറ്റം അനിവാര്യമായി തീർന്നിരിക്കുന്ന മനുഷ്യവംശത്തിന്റെ ഒരപൂർവ്വ പ്രതിനിധിയായിട്ടാണ്. മനസ്സിൽ നിറയെ നന്മയുണ്ടാവുകയും, അതു ചുറ്റുപാടുമുള്ളവർക്ക് തിരിച്ചറിയാൻ പാകത്തിനു മനസ്സിലാക്കി തരികയും ചെയ്യാൻ കഴിവുള്ള പൂർണ്ണനായ ഒരു കൊച്ചുമാനവൻ.

നമ്മളെക്കാൾ ബഹുദൂരം മുന്നോട്ടു നടന്നു കഴിഞ്ഞ റസ്സലിനെ പോലുള്ളവർക്കൊപ്പം നടക്കാൻ നാളെ നമ്മളുണ്ടാവുമോ....?





# ഒരു തരി മണ്ണ്, ഒരു തുള്ളി വെള്ളം

എൻ വി കൃഷ്ണവാരിയർ





വായു, വെള്ളം, മണ്ണ്– ഇവ മൂന്നുമാണ് ഭൂതലത്തിൽ ജീവന്റെ നിലനിൽപ്പ് സാധ്യമാക്കുന്നത്. അതിനാൽ ഇവയെ പൊതുവെ 'ജീവാധാരവ്യൂഹങ്ങൾ' (ലൈഫ് സപ്പോർട്ട് സിസ്റ്റം) എന്നുവിളിക്കുന്നു. അത്യന്തം ചലനക്ഷമതയുള്ളവ ആയതിനാൽ വായുവും വെള്ളവും നവീകരിക്കപ്പെടാം. എന്നാൽ മണ്ണിന്റെ സ്ഥിതി അതല്ല. നഷ്ടപ്പെടുകയോ ദുഷിക്കുകയോ ചെയ്താൽ, പിന്നീട് അത് വീണ്ടെടുക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യാൻ നമുക്കു കഴിവില്ല. പാറയ്ക്കുമേൽ ഒരിഞ്ചു മണ്ണു പരന്നുകാണാൻ പ്രകൃതി എത്ര നൂറ്റാണ്ടുകൾ തപസ്സ് അനുഷ്ഠിക്കണം.

മണ്ണിന്റെ ഈ പ്രാധാന്യം വേണ്ടവിധം മനസ്സിലാക്കപ്പെട്ടിട്ടില്ലെന്നത് ആധുനിക ഭാരതത്തിന്റെ നിർഭാഗ്യങ്ങളിൽ ഒന്നാകുന്നു. ദാരിദ്ര്യ നിർമാർജനത്തെപ്പറ്റി നാം ധാരാളം സംസാരിക്കുന്നുണ്ട്. ശുദ്ധവും ഫലഭൂയിഷ്ഠവുമായ മണ്ണല്ലാതെ മറ്റെന്താണ് സമ്പത്തിന്റെ പ്രാഥമികഅടിസ്ഥാനം? ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ സംഭവിച്ച മണ്ണുനാശം, ചിന്തിക്കുന്ന ആരെയും അമ്പരപ്പിക്കേണ്ടതാണ്. ഈ നാശം ഇപ്പോഴും വർധമാനമായ തോതിൽ തുടരുകയുമാണ്. നമ്മുടെ നാട്ടിൽ അറുപതോ എഴുപതോശതമാനം ആളുകൾ നിരക്ഷരരാണെന്നു പറയാറുണ്ട്. ഇത് 'ലിപി നിരക്ഷരത' യുടെ കാര്യമാണ്. 'ലിപി നിരക്ഷരത' യെക്കാൾ ഭയാവഹമാണ് 'വിഭവനിരക്ഷരത'. പ്രകൃതിവിഭവങ്ങളെപ്പറ്റിയുള്ള അജ്ഞാനമാണിത്. വിഭവനിരക്ഷരത ഇന്ത്യയിൽ ഏതാണ്ട് നൂറുശതമാനം ആളുകളിലും ഇന്നും നിലനിൽക്കുന്നു.

ഏറ്റവും പുതിയ കണക്കുകളനുസരിച്ച് ഇന്ത്യയിൽ ആകെ കൃഷി ചെയ്യാവുന്നതായി ഇരുപത്താറുകോടി നാൽപ്പതുലക്ഷം ഹെക്ടർ ഭൂമിയേ ഉള്ളൂ. ഇതിൽ പതിനേഴുകോടി അമ്പതുലക്ഷം ഹെക്ടർ ഭൂമി ഏറെക്കുറെ

കൃഷിക്ക് കൊള്ളരുതാത്തതായി ദുഷിച്ചുകഴിഞ്ഞിട്ടുണ്ട്. 15 കോടി 30 ലക്ഷം ഹെക്ടർ കൃഷിഭൂമി ഇല്ലാതായത് മണ്ണൊലിപ്പുമൂലമാണ്. രണ്ടുകോടി ഇരുപതുലക്ഷം ഹെക്ടർ ഭൂമി പുളി ഇളകിയ ചതുപ്പുനിലങ്ങളായി മാറിയിരിക്കുന്നു. ഇങ്ങനെ കേടുവന്ന നിലങ്ങളിൽ ഒമ്പതു കോടി ഹെക്ടർ സ്ഥലത്ത് ഇപ്പോൾത്തന്നെ കൃഷി ഇറക്കാതായിരിക്കുന്നു. ദീർഘകാലത്തെ ക്ഷമാപൂർവമായ പ്രവർത്തനംകൊണ്ടുമാത്രമേ ഈ പ്രദേശങ്ങളെ വീണ്ടും കൃഷിയോഗ്യങ്ങളാക്കാൻ കഴിയുകയുള്ളൂ. പുല്ലും കുറ്റിച്ചെടികളും മരങ്ങളും നടുകയാണ് ദുഷിച്ച നിലങ്ങളെ കൃഷിക്കുവേണ്ടി വീണ്ടെടുക്കുന്നതിനായി ചെയ്യേണ്ടത്. ഇപ്പോൾ ശരിക്കും കൃഷിനടക്കുന്നത് പതിനാലുകോടി മുപ്പതുലക്ഷം ഹെക്ടർ സ്ഥലത്താണെന്നു മറ്റൊരു കണക്കും കാണുന്നുണ്ട്. കൃഷിയോഗ്യത കുറെയൊക്കെ നഷ്ടപ്പെട്ട പ്രദേശങ്ങൾ ഇന്ത്യയിൽ എട്ടുകോടി അമ്പതുലക്ഷം ഹെക്ടർ ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു. മണ്ണും വെള്ളവും സംരക്ഷിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തിയാൽ ഈ പ്രദേശങ്ങൾ കൂടുതൽ മോശമാവാതെ നോക്കാൻ കഴിഞ്ഞേക്കും.

പ്രകൃതിവിഭവസംരക്ഷണത്തിന് ബുദ്ധിപൂർവമായ ഒരു പരിപാടി തയ്യാറാക്കുകയാണെങ്കിൽ അതിൽ ഒന്നാം സ്ഥാനം നൽകേണ്ടത് പെയ്ത മഴവെള്ളം ഒലിച്ചുപോകാതെ തടഞ്ഞുനിർത്തി മണ്ണിനകത്തേക്കുവിടുന്ന (റീചാർജിങ്) പ്രക്രിയയ്ക്കാണ്. വനവൽക്കരണം, നിലച്ചരിവനുസരിച്ച് തോട് കുഴിക്കൽ, വരമ്പിടൽ, ചെറിയ അണകൾ നിർമിക്കൽ, ജലാശയ ശൃംഖലകൾ സൃഷ്ടിക്കൽ എന്നിവ ഇതിനാവശ്യമാകുന്നു.

**പുല്ലും കുറ്റിച്ചെടികളും മരങ്ങളും നടുകയാണ് ദുഷിച്ച നിലങ്ങളെ കൃഷിക്കുവേണ്ടി വീണ്ടെടുക്കുന്നതിനായി ചെയ്യേണ്ടത്. ഇപ്പോൾ ശരിക്കും കൃഷിനടക്കുന്നത് പതിനാലുകോടി മുപ്പതുലക്ഷം ഹെക്ടർ സ്ഥലത്താണെന്നു മറ്റൊരു കണക്കും കാണുന്നുണ്ട്. കൃഷിയോഗ്യത കുറെയൊക്കെ നഷ്ടപ്പെട്ട പ്രദേശങ്ങൾ ഇന്ത്യയിൽ എട്ടുകോടി അമ്പതു ലക്ഷം ഹെക്ടർ ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു**

ഉള്ള ജലസേചനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റിയാണ് അടുത്ത പടിയായി ചിന്തിക്കേണ്ടത്. ചതുപ്പുനിലങ്ങളായി മാറാതിരിക്കാൻ നീർവാർച്ചയ്ക്കുള്ള ഉപാധികൾ സൃഷ്ടിക്കണം.

ബഹുജനപരിപാടിയെന്ന നിലയിൽ മാത്രമേ പ്രകൃതിവിഭവസംരക്ഷണം വിജയിക്കൂ എന്നതാണ് മുഖ്യമായ സംഗതി. മണ്ണും വെള്ളവുമാണ് ഏറ്റവും വലിയ ധനമെന്നും ഒരു തരി മണ്ണും ഒരു തുള്ളി വെള്ളവും നഷ്ടപ്പെടാൻ ഇടയാകരുതെന്നുമുള്ള ബോധം സാധാരണ ജനങ്ങളിൽ ഉറയ്ക്കണം. നേതൃത്വം നൽകുന്നത് സർക്കാരോ പഞ്ചായത്തോ ആയാലും ഇത്തരം പരിപാടികളുടെ നിർവഹണച്ചുമതല ജനങ്ങളിൽ നിക്ഷിപ്തമായിരിക്കണം. എല്ലാ വികസന പരിപാടികളുടെയും കാതൽ മണ്ണ്-ജല സംരക്ഷണമാണെന്ന വസ്തുത അംഗീകരിക്കപ്പെടുകയും വേണം. കുത്തനെയുള്ള ചരിവുകളിൽ പുല്ലു വളർത്തുക. ഏലകൾക്ക് വരമ്പിടുക, നിലച്ചരിവനുസരിച്ച് തോട് കുഴിച്ച് ജലപ്രവാഹം നിയന്ത്രിക്കുക, നീർവാർച്ച പ്രദേശങ്ങളിൽ താഴോട്ടു താഴോട്ട് ചെറിയ അണകൾകെട്ടി വെള്ളം തടഞ്ഞുനിർത്തുക, കുളങ്ങളും ചിറകളും നിർമിക്കുക, ഉള്ളവ ചേറെടുത്ത് സംരക്ഷിക്കുക, മരം നടുക-ഇതൊക്കെ വളരെയൊന്നും പരിശീലനം കൂടാതെ ഏതു ഗ്രാമീണർക്കും ചെയ്യാവുന്ന കാര്യങ്ങളാണ്. ഈ പ്രവൃത്തികളുടെ പ്രാധാന്യം ഗ്രാമീണരെ പറഞ്ഞുമനസ്സിലാക്കണമെന്നേയുള്ളൂ. അതോടൊപ്പം ഗ്രാമീണരുടെ സ്വയം സേവനപ്രവർത്തനങ്ങൾക്ക് യാതൊരു വിധത്തിലുമുള്ള തടസ്സം സൃഷ്ടിക്കാതെ നോക്കുകയും വേണം.

*(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'എൻവിയും പ്രകൃതിയും' എന്ന പുസ്തകത്തിൽ നിന്നും എടുത്തത്)*



# മഹാഭാരതം

സുഗതകുമാരി



## ദ്രൗപദീഹരണം

ശ്രീകൃഷ്ണൻ മടങ്ങിയപ്പോയശേഷം പാണ്ഡവന്മാർ പത്നിയോടും ധൗമ്യാദിഋഷികളോടുമൊത്ത് കുറെക്കാലം കൂടി കാമ്യകവനത്തിൽത്തന്നെ പാർത്തു. അതിനിടയ്ക്ക് വീണ്ടുമൊരു വൈഷമ്യമുണ്ടായി.

അഞ്ചുപാണ്ഡവന്മാരും വേട്ടയ്ക്കുപോയ ഒരുദിവസം ജയദ്രഥമഹാരാജാവ്, നൂറു കൗരവന്മാരുടെ ഒരേയൊരു സഹോദരിയായ ദുശ്ശളയുടെ ഭർത്താവ്, തോഴന്മാരായ മറ്റു ചില രാജാക്കന്മാരുമൊത്ത് ഒരു വേളി കൂടി കഴിക്കാൻ നിശ്ചയിച്ച് സാല്വപുരിയിലേക്കു പോകുന്നവഴി കാമ്യകവനത്തിൽ പ്രവേശിച്ചു. വമ്പിച്ച സൈന്യം പിന്തുടരവേ, മുമ്പേ തേരേറി നീങ്ങിയ ആ രാജാക്കന്മാർ കാട്ടിനുള്ളിൽ കടമ്പുമരത്തിന്റെ കൊമ്പുചായ്ച് പൂവുപറിക്കുന്ന ദേവീരൂപിണിയായ ഒരുവളെക്കണ്ട് തേരു നിർത്തി ഉറ്റുനോക്കി നിന്നുപോയി. പൂക്കൾ പറിച്ചുകൊണ്ടുനിന്ന പാഞ്ചാലി തേരുരുളൊച്ചകേട്ട് മുഖംതിരിച്ച് തന്റെ നീണ്ടു വിടർന്ന കണ്ണുകളാൽ ആരാണു വരുന്നതെന്നു നോക്കിനിൽക്കവേ ജയദ്രഥൻ അമ്പരപ്പോടെ തന്റെ തോഴരോട് ആരാഞ്ഞു. 'സഖേ, ആരാണിവൾ? അദ്ഭുതരൂപിണി! സ്വന്തം സൗന്ദര്യദീപ്തിയാൽ വനത്തിന്റെ ഇരുളിമയെ തിളക്കുന്നവൾ! ഇവൾ വനദേവിയോ! അപ്സരസ്സോ! സാക്ഷാൽ ശ്രീദേവി തന്നെയോ! ചെല്ലൂ, അന്വേഷിച്ചു വരൂ, ഈ ലോകസുന്ദരിയെ നിശ്ചയമായും ഞാൻ വേൾക്കുന്നതാണ്.'

ജയദ്രഥന്റെ വാക്കുകൾകേട്ട് കോടികാസ്യനെന്ന സുഹൃദ്‌രാജാവ് ദ്രൗപദിയുടെ അരികിലെത്തി മധുരമായി ചോദിച്ചു. 'ഭദ്രേ, കടമ്പുമരത്തിന്റെ കൊമ്പു താഴ്ത്തിപ്പിടിച്ചുകൊണ്ട് ആശ്രമസവിധത്തിൽ നിൽക്കുന്ന നീ ആരാണ്! ദേവിയോ! അപ്സരസ്സോ! നാഗകന്യകയോ! നിന്റെ സൗന്ദര്യശോഭയിൽ ഈ കാനനം വിളങ്ങുന്നു. ആരാണു നീയെന്നു പറഞ്ഞാലും, പിതാവാരെന്നും വംശമേതെന്നും ഭർത്താവാരെന്നും പറഞ്ഞുതന്നാലും. ഞാൻ സുരഥപുത്രനായ കോടികാസ്യനെന്ന രാജാവാണ്. ആ നിൽക്കുന്നതു സൗവീരരാജാവായ ജയദ്രഥനെന്ന മഹാവീരനാണ്. ആറായിരം തേരുകളുടെ ഉടമയാണദ്ദേഹം. അദ്ദേഹം സഹോദരന്മാരോടും സുഹൃത്തുക്കളായ രാജാക്കന്മാരുമൊപ്പം ദേവേന്ദ്രതുല്യം സഞ്ചരിക്കവേ നിന്നെക്കണ്ടു നിന്നതത്രേ.'

ദ്രൗപദി ആദരപൂർവം, എന്നാൽ ഗംഭീരഭാവേന മറുപടി നൽകി. 'രാജാവേ, ഞാൻ അങ്ങയോടു സംസാരിക്കേണ്ടതില്ല. എന്നാൽ ഇപ്പോൾ ഇവിടെ ഞാൻ ഒറ്റയ്ക്കായതിനാൽ ആതിഥ്യമര്യാദയാൽ മാത്രം സംസാരിക്കുന്നു. അങ്ങ് സുരഥപുത്രനായ കോടികാസ്യരാജാവാണെന്നു പറഞ്ഞതിനാൽ എന്റെ പേരും കുലവും അറിയിക്കാം. ദ്രുപദരാജപുത്രിയായ കൃഷ്ണയാണു ഞാൻ; പഞ്ചപാണ്ഡവരെ കേട്ടിരിക്കുമല്ലൊ, അവരുടെ പത്നി. ആ വീരന്മാർ വേട്ടയ്ക്കു പോയിരിക്കുന്നതിനാൽ ഞാനിവിടെ ഒറ്റയ്ക്കു നിൽക്കുന്നു. വരുവിൻ. കുതിരകളുടെ കോപ്പഴിക്കുവിൻ. തേരേറി ഗമിച്ച പാണ്ഡവന്മാർ ഇപ്പോൾത്തന്നെ വന്നെത്തും. ആശ്രമത്തിൽ വിശ്രമിച്ചാലും. ഞങ്ങളുടെ സൽക്കാരമേറ്റിട്ട് നിങ്ങൾക്കേവർക്കും യാത്രതുടരാം.' ഇത്രയും പറഞ്ഞിട്ട് ദ്രൗപദി തിരിഞ്ഞുനടന്ന് ആശ്രമ

ത്തിനുള്ളിലേക്കു പോയി. കോടികാസ്യൻ ചെന്നു ജയദ്രഥനോടു പറഞ്ഞു. 'സഖേ, അവൾ കേളികേട്ട ദ്രുപദനന്ദിനി കൃഷ്ണ യത്രേ. പഞ്ചപാണ്ഡവരുടെ പത്നി. നീ ആ മഹാസുന്ദരിയെ നിന്റെ രാജ്യത്തിലേക്കു കൊണ്ടുപോവുകതന്നെ വേണം.'

ഇതുകേട്ട് കൊതിപെരുത്ത ജയദ്രഥൻ ആശ്രമത്തിനുള്ളിലേക്കു കടന്നുചെന്നു. സിംഹക്കൂട്ടിൽ ചെന്നായകടക്കുംപോലെ

**ഇതുകേട്ട് കൊതിപെരുത്ത ജയദ്രഥൻ ആശ്രമത്തിനുള്ളിലേക്കു കടന്നുചെന്നു. സിംഹക്കൂട്ടിൽ ചെന്നായകടക്കുംപോലെ ചെന്ന് അയാൾ കൃഷ്ണയോടു ചോദിച്ചു. 'കല്യാണീ, നിനക്കും നിന്റെ പതികൾക്കും കുശലംതന്നെയോ?'**

ചെന്ന് അയാൾ കൃഷ്ണയോടു ചോദിച്ചു. 'കല്യാണീ, നിനക്കും നിന്റെ പതികൾക്കും കുശലംതന്നെയോ?'

കുലീനയായ കൃഷ്ണ പ്രതിവചിച്ചു. 'സൗവീരരാജൻ, ഇരുന്നാലും. അങ്ങയുടെ രാജ്യം ക്ഷേമപൂർണമായിരിക്കുന്നുവോ? ധർമ ബലത്താൽ അങ്ങു നാടു വാഴുന്നുണ്ടാവു



വര: ജയേന്ദ്രൻ

മല്ലോ. യുധിഷ്ഠിരനൃപനും സഹോദരന്മാരും ഞാനും അങ്ങയ്ക്കു സ്വാഗതം അരുളുന്നു. അവർ വേട്ടയാടിക്കൊണ്ടു വരുന്ന മൃഗങ്ങളെക്കൊണ്ട് ഞാൻ ഉടൻതന്നെ വിശിഷ്ടഭോജ്യങ്ങൾ ഉണ്ടാക്കി നിങ്ങളെ ഏവരെയും സൽക്കരിച്ചുകൊള്ളാം. അൽപ്പം വിശ്രമിച്ചാലും.'

ജയദ്രഥൻ പറഞ്ഞു. 'സുന്ദരീ, എനിക്കു നൽകാമെന്നു പറഞ്ഞ സദ്യയ്ക്ക് നന്ദി. പക്ഷേ എനിക്കു വേണ്ടത് അതല്ല. ഭവതിയെയാണ്. വരൂ, എന്റെ തേരിൽ കയറൂ. സാക്ഷാൽ ശ്രീദേവിയെപ്പോലുള്ള ഭവതി ഐശ്വര്യംകെട്ട് ദരിദ്രരായി കാട്ടിൽ കഴിയുന്ന ഇവരുടെയൊപ്പം കഴിയേണ്ടവളല്ല. സൗവീരരാജ്യം ഭവതിയെ കാത്തുനിൽക്കുന്നു. വരിക, എന്റെ റാണിയായി നാടുവാണു സുഖിക്കുക.'

കൃഷ്ണയുടെ കറുത്തുവളഞ്ഞ പുരികക്കൊടികൾ ചുളിഞ്ഞൊടിഞ്ഞു. 'ലജ്ജയില്ലേ നിങ്ങൾക്ക്?' ക്രോധത്തോടെ നീൾക്കണ്ണുകൾ ചുവന്ന് തിരിഞ്ഞുനിന്ന് സിംഹിയെപ്പോലെ ചീറ്റിക്കൊണ്ട് അവൾ ജയദ്രഥനെ ഭത്സിച്ചു. 'മൂഢ, ഉറങ്ങുന്ന സിംഹത്തിന്റെ മുഖരോമങ്ങൾ പറിക്കാൻ നോക്കുകയാണു നീ, ഭൂമികുലുക്കി കുതിച്ചുവരുന്ന ഭീമനെ നീ ഉടൻ കാണും. ഗുഹയിലുറങ്ങുന്ന ഘോരസിംഹത്തെ പുറംകാലുകൊണ്ടടിച്ചിട്ടു രക്ഷപ്പെടാൻ ആർക്കു സാധിക്കും. ലോകൈകവീരനായ അർജുനൻ ഇതാ ഉടൻ എത്തിച്ചേരുന്നതാണ്. വിഷസർപ്പങ്ങളെ ചവിട്ടുകയാണു നീ, ഇളയ രണ്ടു പാണ്ഡുകുമാരന്മാരുടെ അമ്പുകൾ നിന്നെ പിളർന്നുവീഴ്ത്തും. നീ ചാകാൻ ഒരുങ്ങുകയാണോ രാജാവേ!'

'പേടിപ്പിക്കേണ്ടാ ദ്രൗപദീ, നിന്റെ ഭർത്താക്കന്മാരെപ്പോലെ ഭയന്നോടുന്നവനല്ലാ സൗവീരനാഥനായ ഞാൻ, കയറൂ; തേരിൽ!'

പാഞ്ചാലി പറഞ്ഞു, 'ഞാൻ നിന്റെ മുമ്പിൽ തൊഴുതു രക്ഷയാചിക്കുമെന്നാണോ ജയദ്രഥ? ഒറ്റത്തേരിൽ കൃഷ്ണാർജുനന്മാർ പിന്നാലെ പാഞ്ഞെത്തുന്ന എന്നെ ഹരിച്ചുകൊണ്ടുപോകാൻ സാക്ഷാൽ ദേവേന്ദ്രനു പോലും സാധ്യമല്ല. പിന്നെയോ കൃപണനായ നീ! ചെറുഞാണൊലി മുഴക്കിക്കൊണ്ട് പാർഥൻ വിടുന്ന അമ്പുകളും മഹാവീരനായ ഭീമസേനന്റെ ഗദാഘാതങ്ങളും പൊറുക്കുമോ നീ? ഛായ്! തൊടരുതെന്നെ! മാറിനിൽക്ക്!!'

ചേലത്തുമ്പിൽ പിടിച്ചുവലിച്ച ജയദ്രഥനെ കുടഞ്ഞെതിർത്ത അവളുടെ തട്ടേറ്റ് അയാൾ മുറിച്ചിട്ട വന്മരംപോലെ മറിഞ്ഞുവീണു പോയി. വീണ്ടും ചാടിയെണീറ്റ് പിടിച്ചുവലിക്കുമ്പോൾ 'മഹർഷേ, ഗുരോ, ഓടിവരണേ...'

**കാട്ടിനുള്ളിൽ വേട്ടയാടി നടന്ന പാണ്ഡവന്മാർ ദുർലക്ഷണങ്ങൾ കണ്ടു ചിന്താകുലരായി. 'ശത്രു, ശത്രു' എന്നു പക്ഷികൾ ചിലച്ചറിയിക്കുന്നു. മൃഗങ്ങൾ ഭീതിപൂണ്ട് ഓടിപ്പോകുന്നു. ഇടതുവശത്തുനിന്ന് കുറുക്കൻ ഓരിയിടുന്നു. ഇതെല്ലാം ശ്രദ്ധിച്ച യുധിഷ്ഠിരൻ സോദരന്മാരോടു പറഞ്ഞു. 'കൗരവന്മാർ വീണ്ടുമെത്തി ദ്രൗപദിയെ ആക്രമിച്ചുവോ?'**

എന്ന പാഞ്ചാലിയുടെ ആർത്തനാദം കേട്ട് ധൗമ്യപുരോഹിതൻ ഓടിയെത്തി തടഞ്ഞു. 'തൊടരുതിവളെ! രാജാവേ, നീ ക്ഷത്രധർമം പാലിക്കുക. അരുതരുത്!' എന്നു തടഞ്ഞ ധൗമ്യനെ വകവയ്ക്കാതെ ജയദ്രഥൻ ദ്രൗപദിയെ വലിച്ചിഴച്ച് തേരിൽ കയറ്റുകയായി. ധൗമ്യനെ വന്ദിച്ചിട്ട് ദ്രൗപദി ധൈര്യത്തോടെ തേരിൽ ഇരുന്നു. തേരുകൾ അതിവേഗം പാഞ്ഞു. അവയെ പിന്തുടർന്ന കാലാൾപ്പടയോടൊപ്പം ധൗമ്യപുരോഹിതനും തിടുക്കത്തിൽ നടന്നുതുടങ്ങി.

കാട്ടിനുള്ളിൽ വേട്ടയാടി നടന്ന പാണ്ഡവന്മാർ ദുർലക്ഷണങ്ങൾ കണ്ട് ചിന്താകുലരായി. 'ശത്രു, ശത്രു' എന്നു പക്ഷികൾ ചിലച്ചറിയിക്കുന്നു. മൃഗങ്ങൾ ഭീതിപൂണ്ട് ഓടിപ്പോകുന്നു. ഇടതുവശത്തുനിന്ന് കുറുക്കൻ ഓരിയിടുന്നു. ഇതെല്ലാം ശ്രദ്ധിച്ച യുധിഷ്ഠിരൻ സോദരന്മാരോടു പറഞ്ഞു. 'കൗരവന്മാർ വീണ്ടുമെത്തി ദ്രൗപദിയെ ആക്രമിച്ചുവോ?' പരിഭ്രാന്തരായി തേരേറി ആശ്രമത്തിലേക്കു പാഞ്ഞെത്തുന്ന അവർക്ക് പാഞ്ചാലിയുടെ ദാസി കരഞ്ഞുകൊണ്ടു വരുന്നതു കാണായി. അവരെക്കണ്ടു നിലത്തുരുണ്ട് അവൾ നിലവിളിച്ചു. 'എവിടെ ദ്രൗപദി! എന്തു പറ്റീ?' എന്നു പരിഭ്രമിച്ചു ചോദിച്ച അവരോട് ദാസി കണ്ണീരുതുടച്ചുകൊണ്ടു പറഞ്ഞു. 'സൗവീരത്തെ ജയദ്രഥരാജാവ് ദ്രൗപദീദേവിയെ പിടിച്ചു തേരിലേറ്റി കൊണ്ടുപോയി. അതാ മരങ്ങൾ മുറിഞ്ഞു വീണും വാടിയും നിൽക്കുന്ന ആ വഴിയിലൂടെയാണ് അവർ സൈന്യത്തോടൊപ്പം പോയത്, വേഗം പോകുവിൻ, വൈകരുതേ, ആ നീചന്മാർ ശുഭകരമായ ആ ശരീരത്തിൽ തൊടുംമുമ്പ് പാഞ്ഞുചെല്ലുവിൻ!'

'മതിമതി പറഞ്ഞത്!' എന്നവർ സർപ്പങ്ങളെപ്പോലെ ചീറ്റിക്കൊണ്ടും വില്ലിന്റെ ഞാണൊലി മുഴക്കിക്കൊണ്ടും ആ വഴിയേ തേരേറി പാഞ്ഞുചെന്നു. *(തുടരും)*

# പഠനമുറിയിൽ അതിഥിയായ്, പച്ചക്കുതിര

**രാജു കാട്ടുപുനം**

അവധിക്കാലമായി. പാഠപുസ്തകങ്ങളോട് അല്പകാലം വിട.

വായന, യാത്ര. ജീവൻ ഓരോന്നായി പ്ലാൻ ചെയ്തിരുന്നു. അച്ഛനുമമ്മയും സമ്മതം നല്കിയതാണ്.

ജീവൻ കുറേനേരമായി കമ്പ്യൂട്ടറിന്റെ മുന്നിലാണ്. മോണിട്ടറിൽ തെളിഞ്ഞു വരുന്ന പച്ചക്കുതിരയുടെ ചിത്രം കണ്ട് ജീവന് ആവേശംകൂടി.

''ഹായ്... എന്തു രസം.'' കുഞ്ഞുപെങ്ങൾ മീര ചേട്ടനോടു ചേർന്നുനിന്നു.



കമ്പ്യൂട്ടറിന്റെ മൗസ് ചലിച്ചുതുടങ്ങി. പച്ചക്കുതിരയുടെ ചിത്രം വിവിധരൂപത്തിൽ, വലുപ്പത്തിൽ. തളിരിലപോലെ വായുടെ വശങ്ങളിലായി നീളമുള്ള രണ്ടു സ്പർശിനികൾ.

''മീരേ... നോക്കെടീ.... എന്ത് രസമാണീ ചിറകുകൾ.''

പച്ചക്കുതിരയുടെ ചിറകുകൾ വലുതായി. ഒരിലയുടെ തനിരൂപം. നീണ്ടതും കുറിയതുമായ സിരകൾ.

മീരയ്ക്കു തൊട്ടുനോക്കാൻ കൊതി. ജീവൻ രൂക്ഷമായി നോക്കി.

മീരയ്ക്കു പിണക്കമായി. അവൾ കാലുകൾ ഉറക്കെച്ചവിട്ടി ശബ്ദമുണ്ടാക്കി തിരിഞ്ഞുനടന്നു. മീരയുടെ പാദസരങ്ങൾ കലമ്പൽകൂട്ടി.

മീര തലേന്നു വാങ്ങിയ പുസ്തകങ്ങളുടെ കൂട്ടത്തിലായി. പുസ്തകം തുറന്നു. മുഖത്തോടു ചേർത്തുവെച്ചു ''ങ്ഉം.....'' അവൾ ശ്വാസം വലിച്ചു. ''നല്ലമണം'' അവൾ സ്വയം പറഞ്ഞു.

പെട്ടെന്നു മീരയുടെ തലയ്ക്കു മുകളിലൂടെ ഒരു ജീവി പറന്നു. അതു ജനൽ കർട്ടനിൽ നിന്നു.

''ങേ...'' അവൾ അമ്പരന്നു. കമ്പ്യൂട്ടറിൽനോക്കി. അതേ പച്ചക്കുതിര!!

ജീവനും മീരയും ആർത്തുവിളിച്ചു.

അടുക്കളയിൽ നിന്ന് അമ്മ ഓടിയെത്തി. അമ്മയ്ക്കും അതിശയമായി. കമ്പ്യൂട്ടറിലെ അതേ പച്ചക്കുതിര. ജീവ നോടെ ജനൽ കർട്ടനിൽ.

ജീവൻ പതുങ്ങിച്ചെന്നു തുറന്നു കിടന്നിരുന്ന ജന്നൽപാളികൾ അടച്ചു. പച്ചക്കുതിര ചുമരിലേക്കു ചാടി. മഞ്ഞനിറമുള്ള ചുമ രിൽ പച്ചക്കുതിരയ്ക്കു കൂടു തൽ തെളിച്ചം.

''കൃത്യസമയത്ത് മുറി യിലെത്തിയ പച്ചകുതിരേ, നിനക്ക് നമോഭാകം.'' മീര പച്ചക്കുതിരയെ വണങ്ങി.

''നമോഭാഗം അല്ലെടീ, നമോവാകം.''

മീര കയർത്തു.

''ഓ..... എട്ടാംക്ലാസിൽ പഠിക്കുന്ന നീ വലിയ പണ്ടി തനാണെന്നാ വിചാരം.''

ജീവന് ചിരി അടക്കാനാ യില്ല.

''പെണ്ണേ വീണ്ടും തെറ്റി.... പണ്ടിതനല്ല, പണ്ഡിതൻ.''

മീരയ്ക്കു ശരിക്കും ശുണ്ഠികയറി. അവളുടെ ചുണ്ടുകൾ വിറച്ചു. ചേട്ടനു നേരെ കൊഞ്ഞനംകുത്തി.

'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ അമ്മ അടുക്കളയിലേക്കു വലിഞ്ഞു.

ജീവൻ തന്റെ പെട്ടി തുറന്നു. പഠനപ്പെട്ടി. പഠനോ പകരണങ്ങളാണു മുഴുവൻ. അതിൽനിന്ന് ഒരു ലെൻസ് പുറത്തെടുത്തു.

ലെൻസുകൊണ്ട് ജീവൻ പച്ചക്കുതിരയെ നിരീക്ഷി ക്കാൻ തുടങ്ങി. മീരയും ഒപ്പംകൂടി. അവളുടെ ദേഷ്യം മാറിയിരുന്നു.

''എന്താണിത്?''

ഓഫീസിൽ നിന്നെത്തിയ അച്ഛൻ മുറിക്കുള്ളിൽ.

മീര അച്ഛനരികിലേ ക്കോടി.

''അച്ഛാ...അച്ഛാ.... ഞാനും ചേട്ടനുംകൂടി കമ്പ്യൂട്ടറിൽ പച്ചക്കുതിരയെ തിരയുകയാ യിരുന്നു. അപ്പോഴേക്കിതാ സാക്ഷാൽ പച്ചക്കുതിര നമ്മുടെ മുറിയിൽ.''


അച്ഛനും കൗതുകമായി.

''കുട്ടിക്കുറുമ്പരേ.... പഠനത്തിനു കമ്പ്യൂട്ടർമാത്രം പോരാ... ഇതാ എന്നെ നേരി ട്ടുകണ്ടു പഠിച്ചോ എന്നു പറഞ്ഞ് ഓടിയെത്തിയതാ..''

മീര കൈകൊട്ടിച്ചിരിച്ചു.



വര: കെ പി മുരളീധരൻ



''ശ്ഊ... മിണ്ടരുത്. ഇവൾ പറന്നുകളയും.'' ജീവൻ ചുണ്ടിൽ വിരലുകൾവെച്ചു.

അച്ഛനും മക്കളോടൊപ്പം ചേർന്നു. ലെൻസിലൂടെ അവർ നിരീക്ഷിച്ചു.

''കണ്ടോ... ഇതാണു നീളമുള്ള ആന്റിനകൾ. പരിസരം തിരിച്ചറിയാൻ മാത്രമല്ല ഗന്ധം അറിയാനും ഇത് സഹായിക്കും. സ്പർശിനികൾ എന്നും പറയും.''

പച്ചക്കുതിരയുടെ കണ്ണുകൾക്കു നേരെ ലെൻസ് നീണ്ടു.

''കണ്ണുകൾക്ക് അതിസങ്കീർണമായ ഘടനയാണ്. മറ്റു ഷഡ്പദങ്ങളെപ്പോലെ ലെൻസുകളുടെ സംയുക്തമാണ്. കമ്പ്യൂട്ടറിൽ കൂടുതൽ വ്യക്തമായി കാണാം.''

''കോമ്പൗണ്ട് നേത്രങ്ങൾ എന്ന് പറയില്ലേ... അച്ഛാ...''

''ശരി... അങ്ങനെയാണോ നീ ക്ലാസിൽ പഠിച്ചത്.'' ജീവൻ തലകുലുക്കി.

''ഇലയുടെ തനിരൂപമാണ് ചിറകുകൾക്ക്. ശത്രുക്കളിൽനിന്നു രക്ഷനേടാൻ ഇതിനപ്പുറം പ്രകൃതിയെന്താണു ചെയ്യേണ്ടത്.''

മീരയുടെ കണ്ണുകളിൽ അതിശയം!

''ആറ് കാലുകൾ. പിൻകാലുകൾക്കാണു നീളംകൂടുതൽ. ചാടാനും നടക്കാനും പറക്കാനും ഇതിന്റെ സഹായം വേണം. ചെറിയ പിൻകാലുകൾ ഇര പിടിക്കാൻ സഹായിക്കും. ബാക്കിയുള്ളവ സഞ്ചാരത്തിനു സഹായിക്കും.''

''എനിക്കു ചിറകുകളാണ് ഏറെ ഇഷ്ടം.'' ജീവൻ ചിറകുകളുടെ സൂക്ഷ്മ നിരീക്ഷണത്തിലായി.

''ഈ ചിറകുകൾ തമ്മിലുരച്ച് സംഗീതസ്വരം പുറപ്പെടുവിക്കും. നമ്മൾ മനുഷ്യർക്ക് കേൾക്കാൻ പറ്റില്ല. അവയുടെ കൂട്ടുകാർക്കും ചില ജീവികൾക്കും കേൾക്കാൻ കഴിയും. അതുകൊണ്ടാണ് പാടുന്ന പ്രാണികൾ എന്നു പച്ചക്കുതിരയെ വിളിക്കുന്നത്.''

പച്ചക്കുതിര ചുമരിൽ നിന്നു പറന്നു. പുസ്തകഷെൽഫിനു മുകളിലായി നിന്നു.

''മോനേ... ജീവൻ.... പഠനം കഴിഞ്ഞല്ലോ... ഇനി അവളെ വിട്ടേക്ക്.''

ജീവൻ ജന്നൽപാളികൾ തുറന്നിട്ടു.

അവൻ മുറിയിൽ നിന്നു പുറത്തിറങ്ങി. മീര കൈയുയർത്തി റ്റാ... റ്റാ... പറഞ്ഞു.

ചാരുകസേരയിൽകിടന്ന് പത്രം വായിച്ചുകൊണ്ടിരുന്ന അച്ഛനരികിൽ ജീവൻ എത്തി.. അവന്റെ മനസ്സിൽ നിന്നു പച്ചക്കുതിര മായുന്നില്ല.

''പച്ചക്കുതിരയും പച്ചത്തുള്ളനും ഒന്നുതന്നെയാണോ?''

''അതേയതേ... പലനാട്ടിൽ പലവിധപേരുകൾ. പക്ഷേ, എല്ലാം നശിക്കുകയാണ്. അമിതമായ കീടനാശിനിയും പരിസ്ഥിതി തകർച്ചയും തന്നെ കാരണം.''

''അച്ഛാ... ഞാനിന്നലെ വായിച്ച പുസ്തകത്തിൽ പച്ചക്കുതിരയെ മനുഷ്യർ ഭക്ഷണമാക്കുന്നു എന്നു കണ്ടു. ശരിയാണോ?''

''ജീവാ... നീ വായിച്ചത് ശരിയാണ്. ചിലർ പച്ചക്കുതിരയെ മരുന്നുകളായി ഉപയോഗിക്കുന്നു. മറ്റുചിലർ എണ്ണയിൽ വറുത്ത് പൊരിച്ചു തിന്നും. മനുഷ്യർ... ഹോ.... വെറുംതീറ്റിപ്പണ്ടാരങ്ങൾ...''

മീര തന്റെ വരയുടെ പുസ്തകം അച്ഛന്റെ മടിയിൽ തുറന്നുവെച്ചു. പച്ചക്കുതിരയുടെ മനോഹരമായചിത്രം. എത്രവേഗമാണ് അവൾ വരച്ചത്.''

''ഭേഷ്...'' അച്ഛൻ മീരയെ ചേർത്തുപിടിച്ചു.

''മീര മോളേ... നന്നായി'' അമ്മയും ഓടിയെത്തി.

''ങ്ങാ.... കുഴപ്പമില്ല.'' ജീവൻ ചുണ്ടുകൾ കോട്ടി.

ജീവൻ മുറിയിൽ തിരിച്ചെത്തി. അവൻ ചുറ്റും നോക്കി. പച്ചക്കുതിര എവിടെയും ഇല്ല.

ജീവന് ആശ്വാസമായി. തന്റെ മുറിയിൽ അവൾ പിടഞ്ഞുവീണുമരിച്ചില്ലല്ലോ?

ഉറങ്ങാൻ കിടന്നപ്പോഴും അവനു മറക്കാൻ കഴിയുന്നില്ല.

''എങ്ങനെയാണ് പച്ചക്കുതിര കൃത്യസമയത്ത് മുറിയിലെത്തിയത്.''

ഓർമ്മയുടെ ഓളങ്ങളിലൂടെ സഞ്ചരിച്ചു സഞ്ചരിച്ച് ജീവൻ ഉറക്കത്തിന്റെ കയങ്ങളിലേക്കു മുങ്ങി...

**ജീവൻ മുറിയിൽ തിരിച്ചെത്തി. അവൻ ചുറ്റും നോക്കി. പച്ചക്കുതിര എവിടെയും ഇല്ല. ജീവന് ആശ്വാസമായി. തന്റെ മുറിയിൽ അവൾ പിടഞ്ഞുവീണുമരിച്ചില്ലല്ലോ? ഉറങ്ങാൻ കിടന്നപ്പോഴും അവനു മറക്കാൻ കഴിയുന്നില്ല. "എങ്ങനെയാണ് പച്ചക്കുതിര കൃത്യസമയത്ത് മുറിയിലെത്തിയത്."**

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കൃഷി ഒരുമോശം തൊഴിലാണോ?

**ജി.എസ്.കൃഷ്ണേന്ദു**
ക്ലാസ് VIII A
ജി.എച്ച്.എസ്.എസ്. വാക്കനാട്, കൊല്ലം





വര: ഗോപു പട്ടിത്തറ

അന്നാണ് അവന്റെ ജീവിതത്തെ മാറ്റിമറിച്ച ആ സംഭവം നടന്നത്. ടീച്ചർ ഏവരോടും അവരുടെ ജിവിതാഭിലാഷം ചോദിച്ചു. ഏവരും ടീച്ചർ, ഡോക്ടർ എന്നിങ്ങനെ പറഞ്ഞു. എന്നാൽ, അവനോട് ചോദിച്ചപ്പോൾ തികഞ്ഞ പ്രസന്നതയോടെയും ഊർജസ്വലതയോടെയും പറഞ്ഞു. എനിക്ക് ഒരുത്തുമ കർഷകനാകണമെന്ന്. അത് കേട്ട കുട്ടികൾ ഏവരും പൊട്ടിച്ചിരിച്ചു. ടീച്ചർ ഒന്നും മിണ്ടിയില്ല. സാദാരണ ഏവരുടേയും ആഗ്രഹം പറഞ്ഞപ്പോൾ ടീച്ചർ അവരെ ആശീർവദിച്ചിരുന്നു. എന്നാൽ എന്തുകൊണ്ട് ടീച്ചർ തന്നെമാത്രം ആശീർവദിച്ചില്ല എന്നത് അവന്റെ മനസ്സിൽ ഒരു ചോദ്യചിഹ്നമായി മാറി. കൃഷി ഒരു മോശം തൊഴിലാണോ? നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി ഇല്ലെങ്കിൽ നാം എങ്ങനെ ജീവിക്കും? എന്തിനാണ് എന്റെ ആഗ്രഹം പറഞ്ഞപ്പോൾ കൂട്ടുകാർ ചിരിച്ചത്? എന്നിങ്ങനെ ആറാം ക്ലാസിൽ പഠിക്കുന്ന അവൻ അന്നുമുഴുവൻ ചിന്തിച്ചുകൊണ്ടേയിരിക്കുന്നു.

'അമർനാഥ്' എന്നാണ് അവന്റെ പേരെങ്കിലും നാട്ടിലും വീട്ടിലും ഏവരും ഓമനത്തത്തോടെ 'കണ്ണൻ' എന്നായിരുന്നു വിളിച്ചിരുന്നത്. അങ്ങനെ വിളിക്കുന്നത് തന്നെയായിരുന്നു അവനും ഇഷ്ടം. വീട്ടിൽചെന്നപാടേ ബാഗ് ഊരിയെറിഞ്ഞിട്ട് അവൻ നേരെ അമ്മയോട് ചെന്ന് ഈ കാര്യം പറഞ്ഞു.

## വര

**അനഘ്ന അരുൺ**
6ബി, എസ് എച്ച് എസ് എസ് എസ്,
കോട്ടയ്ക്കൽ, മലപ്പുറം.



കൂടാതെ തന്റെ മനസ്സിൽ ഉത്തരം കിട്ടാതെ കിടക്കുന്ന ആ ചോദ്യങ്ങളും അവൻ ചോദിച്ചു. അമ്മ അടക്കാനാവാത്ത ദേഷ്യത്തോടെ അവനോട് ചോദിച്ചു, ഒരു കൃഷിക്കാരനാകാനാണോ നിന്നെ ഞങ്ങൾ ഇത്ര കഷ്ടപ്പെട്ട് പഠിപ്പിക്കുന്നത്? അമ്മയുടെ കോപത്തിന് മുന്നിൽ മറ്റൊന്നും ചോദിക്കാൻ അവന് തോന്നിയില്ല. എന്നാൽ ഇതെല്ലാം കേട്ടുകൊണ്ടിരുന്ന മുത്തശ്ശി അവന്റെ സ്വപ്നത്തെ അഭിനന്ദിച്ചു. കൃഷിയുടെ മഹത്വത്തെപ്പറ്റിയും, ഇന്നത്തെ സമൂഹത്തിൽ സ്വന്തമായി കൃഷിചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിഷമയമായ പച്ചക്കറിയെക്കുറിച്ചും അമ്മൂമ്മ അവന് പറഞ്ഞുകൊടുത്തു. കൂട്ടുകാരോടൊപ്പം ക്രിക്കറ്റ് കളിക്കാനാണെന്ന് പറഞ്ഞ് അവൻ എല്ലാ ഞായറാഴ്ചയും വൈകുന്നേരത്ത് നാട്ടിലെ പ്രമുഖ കർഷകനായ വേലുവേട്ടന്റെ അടുത്തുപോയി കൃഷിയെക്കുറിച്ചും അതിന്റെ പരിചരണത്തെക്കുറിച്ചും അറിയുമായിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസമാണ് കുട്ടികളിൽ കൃഷി വളർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഏർപ്പെടുത്തിയ പച്ചക്കറിവിത്തുകൾ ലഭിച്ചത്. അപ്രതീക്ഷിതമായി കിട്ടിയ ഈ വിത്തുകൾ അവന് നിധിപോലെ തോന്നി. അവൻ അത് വേലുവേട്ടന്റെ ഉപദേശങ്ങൾക്കനുസരിച്ച് പാകി. എന്നുംരാവിലെ ഉണരുമ്പോഴെ തന്റെ ചെടികളിൽ വന്നമാറ്റം അവൻ നിരീക്ഷിക്കുമായിരുന്നു. നിനക്ക് വേറെ പണിയൊന്നുമില്ലേ? പാഠങ്ങളെല്ലാം പഠിച്ചോ? അച്ഛനിങ്ങു വരട്ടെ, നിന്റെ അഹങ്കാരങ്ങളെല്ലാം തീർത്ത് തരാം എന്ന് പറഞ്ഞ് എന്നും അമ്മ അവനെ ശകാരിക്കുമായിരുന്നു. അവന്റെ ചെടികളിൽ ഓരോ പുതുനാമ്പു മുളയ്ക്കുമ്പോഴും അത് അവൻ വലിയ ആഘോഷമാക്കിയിരുന്നു. പുഴുക്കേടോ മറ്റോ വന്നാൽ അവൻ ഉടൻ തന്നെ അതിന്റെ പ്രതിവിധി ചെയ്യുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരമ്മ തന്റെ കുഞ്ഞിനെ എപ്രകാരമാണോ നോക്കുന്നത് അപ്രകാരം അവൻ കൃഷിയെ പരിപാലിച്ചു. ഒരുദിവസം അവന്റെ അമ്മാവൻ വീട്ടിൽവന്നു. കൃഷിയിലുള്ള ഇവന്റെ താത്പര്യം കണ്ട് ധാരാളം വിത്തുകൾ അമ്മാവൻ ഇവന് കൊടുത്തു. മുത്തശ്ശിയും കണ്ണനെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ അവന്റെ അധ്വാനത്തിന് ഫലമുണ്ടായി. അവൻ പ്രതീക്ഷിച്ചതിലും പതിന്മടങ്ങ് വിളവുണ്ടായി. ഏവരും അവനെ അഭിനന്ദിച്ചു. വീണ്ടും അവൻ കൃഷി തുടർന്നു. കൃഷിയുടെ മഹത്വത്തെക്കുറിച്ച് അവൻ തന്റെ കൂട്ടുകാരോട് പറഞ്ഞു. അങ്ങനെ പലരുടേയും ആഗ്രഹം എനിക്കൊരു നല്ല കർഷകനാകണമെന്ന് പറയിക്കാൻ കണ്ണനായി. അങ്ങനെ മികച്ച ബാലകർഷകനുള്ള സംസ്ഥാന സർക്കാരിന്റെ പ്രഥമപുരസ്കാരം അവൻ സ്വന്തമാക്കി. അവന്റെ അമ്മയും, നാടും, വീടും വാനോളം ഉയർന്ന അഭിമാനിച്ച ദിവസമായിരുന്നു അത്. പുരസ്കാരം കിട്ടിയ ആ ദിവസം വീട്ടിൽ വന്നപ്പോൾ അവൻ അവന്റെ അമ്മയോട് ചോദിച്ചു. അമ്മേ, 'കൃഷി ഒരു മോസം തൊഴിലാണോ?' അവർക്ക് ഉത്തരമുണ്ടായിരുന്നില്ല. അവരുടെ കണ്ണിൽനിന്ന് അശ്രുക്കൾ ധാരധാരയായി പൊഴിഞ്ഞുകൊണ്ടിരുന്നു. തന്റെ മകനെ അവർ മാറോട് ചേർത്തുപിടിച്ചു.

# തണുപ്പുപോകാത്ത കുപ്പി

അരവിന്ദ് ഗുപ്ത



പ്ലാസ്റ്റിക് കുപ്പികളും അലൂമിനിയം ഫോയിലും ന്യൂസ്പേപ്പറും കൊണ്ട് തണുപ്പുപോകാത്ത കുപ്പി ഉണ്ടാക്കിയാലോ?





**ആവശ്യമുള്ള സാധനങ്ങൾ**

- ഒന്നര ലിറ്ററിന്റെ പ്ലാസ്റ്റിക് കുപ്പി
- ഒരു ലിറ്ററിന്റെ പ്ലാസ്റ്റിക് കുപ്പി
- അലൂമിനിയം ഫോയിൽ
- ന്യൂസ്പേപ്പർ
- സെല്ലോടേപ്പ്
- പേപ്പർകട്ടർ
- ചരട്

എന്തുകൊണ്ടായിരിക്കും ഈ സംവിധാനത്തിൽ തണുത്ത വസ്തുക്കളുടെ തണുപ്പ് നഷ്ടപ്പെടാത്തത്? തെർമോക്കോൾ പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് ഈ തണുപ്പുപോകാത്ത കുപ്പിയെ പരിഷ്കരിക്കാമോ?



1 ചെറിയ കുപ്പിയിൽ അലൂമിനിയംഫോയിൽ രണ്ടോ മൂന്നോ തവണ പൊതിയുക.



2 ഇതിനുമീതെ ന്യൂസ് പേപ്പർ കൊണ്ട് ആറോ ഏഴോ തവണ കുപ്പി പൊതിയണം.



3 1.5ലിറ്റർ പ്ലാസ്റ്റിക് കുപ്പി ചിത്രത്തിലേതുപോലെ രണ്ടായി മുറിക്കുക. ന്യൂസ് പേപ്പർ പൊതിഞ്ഞ കുപ്പിയെ ഇതുപയോഗിച്ചു മൂടാൻ കഴിയും!



4 ചരടും സെല്ലോടേപ്പും ഉപയോഗിച്ച് കുപ്പിക്ക് ഒരു തൂക്കുചരടും നിർമ്മിക്കാം



5 ഇനി ധൈര്യമായി നല്ല തണുത്ത വെള്ളം കുപ്പിയിൽ നിറച്ചോളൂ. മണിക്കൂറുകളോളം തണുപ്പുനിലനിർത്താൻ ഈ ചിലവുകുറഞ്ഞ ഫ്ളാസ്കിനാകും!



Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഹൊ. മഴയൊന്നു പെയ്താൽ മതിയായിരുന്നു...
വെക്കേഷൻ മുഴുവൻ മഴയാണെന്നു പറഞ്ഞ് സങ്കടപ്പെട്ടിട്ട് സ്കൂൾ തുറന്നപ്പോൾ മഴപെയ്യാൻ പ്രാർത്ഥിക്കുന്നോ?
അത് അച്ഛൻ മുടക്കിയ പൈസയ്ക്ക് ഒരു വിലയുണ്ടാവാനാ...
ഹും. മടിയാണെങ്കി അതുപറ. അച്ഛൻ മുടക്കിയ പൈസയും മഴയുമായി എന്താ ബന്ധം?
പിന്നെ അച്ഛൻ കാശു മുടക്കിമേടിച്ച ഈ കുട വെറുതെയാവില്ലേ...!

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70
Regd KL/TV (N)/399/2015-2017
June 2015
Published on 29-5-2015 Vol:21, Issue:6, ₹15

## സർഗവസന്തം 2015 ചലച്ചിത്രക്യാമ്പിൽ കുട്ടികൾ തയ്യാറാക്കിയ ഹ്രസ്വചിത്രം

# (അ)മൃതവർഷിണി

ദൈർഘ്യം 10 മിനിറ്റ്



**ക്യാമ്പ് ഡയറക്ടർ: താഹ**

**നിർമ്മാണം: കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**സഹകരണം : ചിത്രാഞ്ജലി, കെ.എസ്.എഫ്.ഡി.സി.**

**ചലച്ചിത്രം www.ksicl.org ൽ കാണാം**

ചിത്രം കണ്ട കൂട്ടുകാർ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക.